# ദൈവത്തിന്റെ

## സര്വ്വായുധവര്ഗ്ഗം



## അദ്ധ്യാപകന്റെ പുസ്തകം

എല്ലാ പ്രായക്കാര്ക്കുമായുള്ള

# ദൈവത്തിന്റെ സര്‍വ്വായുധവര്‍ഗ്ഗം

## എല്ലാ പ്രായക്കാര്‍ക്കുമായുള്ള അദ്ധ്യാപകന്റെ പുസ്തകം




**"കുട്ടികള്‍ പ്രാധാന്യമുള്ളവര്‍" നല്‍കുന്ന സണ്ടേസ്കൂള്‍ പാഠ്യപദ്ധതി**

Web: www.ChildrenAreImportant.com/armour/

'കുട്ടികള്‍ പ്രാധാന്യമുള്ളവര്‍" ടീമംഗങ്ങളായ ഏവര്‍ക്കും നന്ദി!


*പ്രധാന എഡിറ്റര്‍: ക്രിസ്റ്റീന ക്രോസ്*

ക്രിയേറ്റീവ് ടീം: അബ്രീല്‍ പലാസിയോസ് കാമച്ചോ, അരേലി സുരിയല്‍ സലിനാസ് സാഞ്ചസ്, ഡ്വൈറ്റ് ക്രോസ്, ജെന്നിഫര്‍ സാഞ്ചെസ് നീറ്റോ, ജൂലിയോ സാഞ്ചെസ് നീറ്റോ, മൈക് കാംഗാസ്, മോണ്‍സെരാറ്റ് ദുരാന്‍ ഡിയാഷ്, റൃബന്‍ ഡാരിയോസു, സുക്കി കാംഗാസ്, വെറോനിക്ക തോജ്, വിക്കി കാംഗാസ്.

*ഈ പരിപാടിയിലെ അതിശയകരമായ സംഗീതത്തിന് റൂബന്‍ ഡാരിയോയ്ക്ക് നന്ദി.*

*പരിഭാഷാ ടീം*: അലി അഉഹ, അലീന്‍ ക്സേവിയര്‍, അനമപ വാംഖെഡെ, ആന്റോണ്‍ ക്ലൈമിക്, അരാസ് മമ്മദ്സെദാഹ്, അരോമ പബ്ലിക്കേഷന്‍സ് ആന്‍ഡ് മീഡിയ, ആര്‍ത്യൂരോ ജൂനിയര്‍ ബോറോണ്‍, ബ്ലെസ്സി ജേക്കബ്, കാര്‍ല മയുമി, കാര്‍മേല ഡോണ്‍ ഫ്ലോര്‍സ്, ക്രിസ്ബ്രെസ്നാഹാന്‍, ഡേവിഡ് രാജു, എഫ്രയീം ഞുഗുന മിരോബി, ഫിന്നി ജേക്കബ്, ജീനവ്, ഹമീദ് റേസാ അസീമി, (hamid.azimi1364@gmail.com), ഹെയൗദ്രെ, I-clever.com, ഇക്ബാല്‍മാന്‍, ജേക്കബ് കുരുവിള, കാമില്‍തുര്‍ക്ക്, കരുംഗുരു മ്വാംഗി, കിരണ്‍, ക്രൗസ്1, മൈത്രായി മോണ്ടാല്‍, മാര്‍ക്കോ ച്ച, മാര്‍ക്കോസ് റോച്ച, മാത്യൂ ദാസ്, മിതേഷ് മണ്ടലിയ, മി. രാംലാമ, മിസ്സിസ്. ഗീതശ്രീ നവനീതാകൃഷ്ണന്‍, നസ്സീം ബൗടേഗിയ, നിക്ബെന്‍ക്, പോള്‍ മ്വാംഗി, പോള്‍ സെപ്റ്റാന്‍, റാണാ922, റുബീന രാജ്, സബ്രീന ബെന്നി ജോണ്‍, സഫ്ദര്‍ ഖാന്‍, ഷാഹ്റോഷന്‍15, സബ്ടൈറ്റില്‍മീ, ടാലെന്‍റ്റോ-യൂനിഡോ, എരിറ്റം, വെര്‍ദിയാ ജൂലിയന്‍സ്യാഹ് കാന്‍സെരിക്ക, യൊഹ് ജങ്ങ് ചിന്‍, കുടാതെ സീന മിരെല്ല ബാര്‍സാഗ അരെന്‍സീബിയ.

# ആമുഖം




സഹോദരീ സഹോദരന്മാരെ,

ഞങ്ങൾ നിങ്ങളെ ദൈവത്തിന്റെ സേനയിലെ ഒരു സൈനീക മേലുദ്ധ്യോഗസ്ഥനായി (സർജന്റ്) ആയി സ്ഥാനക്കയറ്റം നൽകുവാൻ പോകുകയാണ്! "ദൈവത്തിന്റെ സർവ്വായുധവർഗ്ഗം" എന്ന ഈ പഠന സാമഗ്രിയിൽ നിങ്ങളുടെ സഭയിലെ എല്ലാവരും പങ്കാളിയായിത്തീരുവാൻ ആഗ്രഹിക്കുക തന്നെ ചെയ്യും. അവർക്ക് ഗ്വാണ്ടമാലയിലെ സഹോദരന്മാരായ സിൽവിയ ഡെലിയോ, മാരിയോ വേലാസ്കസ് എന്നിവരും അവരുടെ സഹായികൾ അടങ്ങുന്ന ടീം ആവിഷ്കരിച്ച 'സൂപ്പർ ഫൺ റാലി / വിനോദ ദിനം' മുതൽ ആരംഭിക്കാവുന്നതാണ്. അവിടം കൊണ്ടും വിനോദങ്ങൾ അവസാനിക്കുന്നില്ല. സൂകി കാംഗസ് എഴുതിയ പുത്തൻ നാടകങ്ങൾ / സ്കിറ്റുകൾ എന്നിവയിലൂടെ രസകരമായ തമാശകളും മറ്റും തുടരുകയാണ്, നിങ്ങൾക്ക് നിങ്ങളുടെ ചിരികളെ നിയന്ത്രിക്കാൻ അല്പം പ്രയാസപ്പെടേണ്ടി വരും. ജെന്നി സാൻഷെസ് എഡിറ്റ് ചെയ്ത വിഡിയോകളിൽ സർജെന്റ് അപ്റൈറ്റ് (മൈക്ക് കാംഗസ്), പട്ടാളക്കാരനായ ഗിഗ്ഗിൾ (സൂകി കാംഗസ്), പട്ടാളക്കാരനായ ഡ്യൂട്ടി (ഫ്ലോർ ബോൾഡോ) എന്നിവരുടെ കിടിലൻ പെർഫോമൻസുകൾ ചിരിയുടെ മാലപ്പടക്കത്തിനു തിരികൊളുത്തുന്നവയാണ്. സൂകിയുടെ സ്കിറ്റുകൾ രസകരമാകുന്നില്ലെങ്കിൽ, ഈ പാക്കേജിന്റെ പുതിയ ഡിസൈനുകളിലൂടെ ഒന്ന് കണ്ണോടിക്കുക. എത്ര മനോഹരമായിട്ടാണ് അവ ചെയ്തിരിക്കുന്നത്. അദ്ധ്യാപകരുടെ പുസ്തകത്തിന്റെ കവർ എനിക്ക് ഒരുപാട് ഇഷ്ടപ്പെട്ടു. അതിന്റെ രസകരമായ ചിത്രങ്ങൾ, സർജെന്റ് അപ്റൈറ്റ് തന്റെ മറ്റുള്ള പട്ടാളക്കാരുമായി കാട്ടിക്കൂട്ടുന്ന കാര്യങ്ങൾ ഇവയെല്ലാം ഉഗ്രനായിട്ടുണ്ട് (ഒരു പക്ഷേ നിങ്ങളുടെ ക്ലാസ്സ് പോലെ ആയിരിക്കും?)

നിങ്ങളുടെ കുട്ടികളെ "ദൈവത്തിന്റെ സർവ്വായുധവർഗ്ഗം" ഹൃദസ്ഥമാക്കുക മാത്രമല്ല അത് ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ഈ പ്രോഗ്രാം പ്രേരിപ്പിക്കും എന്നതിൽ രണ്ടു പക്ഷമില്ല. സൂകിയുടെ പുതിയ ബാഡ്ജുകൾ കരസ്ഥമാക്കുന്നതിലൂടെ കുട്ടികൾ  റാങ്കുകളിൽ മുന്നേറേണ്ടത് അവരേ അത്യുത്സാഹികളാകുക തന്നെ ചെയ്യും. അതോടൊപ്പം അദ്ധ്യാപകരായ നിങ്ങൾക്കും അഭിമാനിക്കാൻ കഴിയും. ഫ്ലോർ ബോൾഡോയുടെ ക്രാഫ്റ്റുകൾ / കരകൗശലങ്ങൾ വളരെയധികം രസകരമാണ്. അതിൽ കുട്ടികൾ മാത്രമല്ല, അദ്ധ്യാപകരും പങ്ക് ചേർന്ന് അടിച്ചുപൊളിക്കും. എനിക്ക് എന്റെ ബൈബിളിനു എന്റെ സ്വന്തം ബുക്ക്മാർക്കുകൾ തന്നേ വേണം! കുട്ടികൾക്കുള്ള പുതിയ പുസ്തകം സൂപ്പറാണ്. മോൻസെ ഡൂറാൻ ആണ് അത് ചെയ്തത്. ഡഗ്ലസ്1985 എന്ന ചിത്രകാരന്റെ ഡിസൈനുകൾ, ചിത്രങ്ങൾ അവയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതായത് ഒരുപക്ഷേ അദ്ധ്യാപകർക്ക് അതിലെ ചില ഉത്തരങ്ങൾ കണ്ടെത്താൻ കുട്ടികളുടെ പുസ്തകത്തിന്റെ വിപുലമായ പതിപ്പിന്റെ സഹായം ആവശ്യമായി വന്നേക്കാം!

ഇതൊക്കെയാണെങ്കിലും ഈ പ്രോഗ്രാം വിനോദങ്ങൾക്കും അപ്പുറം ശരിയായ സന്ദേശങ്ങൾ അടങ്ങിയിട്ടുള്ളതാണ്. ഞാനെഴുതിയ പുതിയ അദ്ധ്യായങ്ങളിൽ വരുന്ന ചോദ്യോത്തരങ്ങൾ വിക്കി കാംഗസിൻറെ വാരമദ്ധ്യത്തിലെ കർത്തവ്യങ്ങൾ (അസൈൻമെന്റ്സ്) വിഷയങ്ങളുടെ അഗ്രങ്ങളിലെക്ക് ഇറങ്ങാൻ നമ്മെ സഹായിക്കുന്നതാണ്. അത് മാത്രമല്ല മൈക്ക് കാംഗസ് എഴുതിയ ഗാനങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ ശക്തമായ സന്ദേശങ്ങൾ നൽകുന്നവയാണ് എന്നത് നാം വിസ്മരിച്ചുകൂടാ. നൂതനമായ സന്ദേശങ്ങൾ ഫ്ലോർ ബോൾഡോ 'വാട്ട്സപ്പ്' ലൂടെ പുസ്തകത്തിൽ പിൻഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നു.

സംഗീതത്തെക്കുറിച്ച് പറയുകയാണെങ്കിൽ, എന്നോടൊപ്പം ഗാനങ്ങൾ ആലപിച്ച എല്ലാവരേയും പറ്റി പറയേണ്ടിവരും. ഇതിലെ 10 ഗാനങ്ങൾ വളരെ മനോഹരമായും, രസകരമായും, ശക്തിമത്തായ സന്ദേശം നൽകുന്ന തരത്തിലാണ് ചെയ്തിരിക്കുന്നത്. ആൻഡി കാംഗസ്, ജെസീക്ക മെഷൽ, മൈക്ക് കാംഗസ്, ഫ്ലോർ ബോൾഡോ എന്നിവർക്ക് ഒരുപാട് നന്ദി പറയുന്നു. ക്രിയാത്മകമായ ആക്ഷനുകൾ വഴി സൂകി ഈ ഗാനങ്ങൾക്ക് ജീവൻ പകർന്നിരിക്കുകയാണ്. അതിൽ ഞാനേറെ ഇഷ്ടപ്പെടുന്നത് മുഴുവൻ ടീമും ഡേവിഡ്, ജൂലിയോ, ഫ്ലോർ, മോൻസെ, ജെന്നി, സൂകി എന്നിവരോടൊപ്പം വരുന്ന ഭാഗമാണ്.

സത്യത്തിൽ, പ്രാരംഭ പ്രാർത്ഥനയിൽ തുടങ്ങി ജൂലിയോ സാൻക്കെഷ് ഗ്വാട്ടെ മാലയിലും മെക്സിക്കൊയിലുമായി ചെയ്ത് ഇതിന്റെ അവസാനത്തെ പ്രിന്റിംഗ് വർക്കുകൾ വരെയും, നിങ്ങൾക്ക് മാത്രമല്ല ലോകത്ത് ഏതൊരാൾക്കും ഡൗൺലോഡ് ചെയ്യത്തക്ക നിലയിൽ വെബ്സൈറ്റിൽ എല്ലാ ഭാഷകളിൽ ഉള്ള സാമഗ്രികൾ ലഭ്യമാക്കുന്നതിൽ മൈക്ക് കാംഗസ് നിർവ്വഹിച്ചത് വരെ തികച്ചും ഒരു ടീം വർക്ക് ആയിരുന്നു. ഫേസ്ബുക്കിലെ കാര്യങ്ങൾ ചെയ്യുന്ന ഗ്വാട്ടെമാലെയിൽ ഉള്ള വെറോനിക്ക റ്റോജ്, ഇന്ത്യയിൽ പരിഭാഷാചുമതല വഹിക്കുന്ന ബ്ലസ്സി ജേക്കബ് എന്നിവരുടെ സേവനങ്ങൾ എടുത്ത് പറയേണ്ടവയാണ്. എല്ലാം നന്നായി എഡിറ്റ് ചെയ്യാൻ എന്നെ സഹായിക്കുന്ന ഫ്ലോർ ബോൾഡോയ്ക്ക് എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല.

ഈ പ്രോഗ്രാമിനെ ഇത്രത്തോളം മെച്ചപ്പെട്ടതായി മാറ്റാൻ നിങ്ങളുടെ സ്നേഹവും ക്രിയാത്മകതയും, സേവനവും ഇതിലേക്ക് നിക്ഷേപിച്ച എന്റെ ടീമംഗങ്ങളെ ഞാൻ അനുമോദിക്കുന്നു. നിങ്ങളുടെ സഹകരണമില്ലാതെ എനിക്കിത് പൂർത്തീകരിക്കാൻ കഴിയുമായിരുന്നില്ല. ഈ ക്ലാസ്സുകൾ നയിക്കുന്നതിന് ഇതിൻറെ മുൻപന്തിയിൽ നിൽക്കുകയും അതിലൂടെ ലോകത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്ന ഓരോ അദ്ധ്യാപകരെ ഞാൻ പ്രത്യേകം നന്ദി അറിയിക്കുന്നു. ഈ പുസ്തകങ്ങൾ ഒന്നും പൊടി പിടിച്ച്

എവിടെയെങ്കിലും കിടക്കുന്നതിന് അല്ല പ്രത്യുത, അടുത്ത തലമുറയെ വാർത്തെടുക്കുന്നതിന് വേണ്ടിയാണ്. അദ്ധ്യാപകരായ നിങ്ങളിലൂടെയല്ലാതെ ഞങ്ങളുടെ ടീമിന് യാതൊന്നും സാധിക്കുമായിരുന്നില്ല കുട്ടികളോടുള്ള നിങ്ങളുടെ സ്നേഹ നിർഭരവും, ത്യാഗപൂർണ്ണവും, കർമ്മ പൂർവ്വവുമായ സേവനത്തിലൂടെ പുറത്ത് വരുന്ന എല്ലാ ആത്മീക ഫലങ്ങൾക്കായി ഞങ്ങൾ നിങ്ങളോട് നന്ദിയുള്ളവരാണ്. നിങ്ങൾ ഓരോരുത്തരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

ക്രിസ്റ്റീന ക്രോസ്

കുട്ടികൾ പ്രാധാന്യമുള്ളവരാണ്

# ഈ സാമഗ്രി ഉപയോഗിക്കേണ്ടുന്ന വിധം

## വിശിഷ്ടപദവി നൽകി ആദരിക്കൽ



വിദ്യാർത്ഥിയുടെ



അദ്ധ്യാപകന്റെ


ഈ പ്രോഗ്രാമിന്റെ പ്രത്യേകത, കുട്ടികൾക്കും അദ്ധ്യാപകർക്കും നേടാൻ കഴിയുന്ന മെഡലുകൾ അഥവാ ബാഡ്ജുകൾ ആണ്. ഓരോ ക്ലാസ്സുകൾ ആരംഭിക്കുനതിനു മുമ്പ് ഒരു മിനീ അവാർഡ് ചടങ്ങ് സംഘടിപ്പിച്ച് ബാഡ്ജുകൾ വിതരണം ചെയ്യാവുന്നതാണ്. (നേരത്തെ ഒരുങ്ങിയിട്ടില്ലെങ്കിൽ പാട്ടുകൾ അവതരിപ്പിക്കുന്ന സമയത്ത് ഇതിനുള്ള തയ്യാറെടുപ്പുകൾ നടത്താവുന്നതാണ്). ഓരോ ആഴ്ചയിലും നാല് വീതം ബാഡ്ജുകൾ നേടാവുന്നതാണ്. അതിനു ശേഷം കുട്ടികൾ എത്തുമ്പോൾ, ഗൃഹപാഠത്തിനുള്ള നോട്ടുകൾ എടുക്കുക . അപ്പൊസ്തല പ്രവൃത്തിയിൽ നിന്നുള്ള വചന ഭാഗം "ബൂട്ട് ക്യാമ്പ്" അസൈന്മെന്റുകൾ വാരമദ്ധ്യെ അവർ ചെയ്യേണ്ടുന്നവ. അതോടൊപ്പം അവരുടെ ആഴ്ച്ചയിലുള്ള ഹാജരും കൂടി എടുക്കുക. അവസാനമായി മന:പാഠ വാക്യം അവരോടു പറയുവാൻ ആവശ്യപ്പെടുക (ദൈവത്തിന്റെ സർവ്വായുധത്തെക്കുറിച്ചുള്ള വചനഭാഗം നാം അവരെ പഠിപ്പിക്കുന്നതാണ്). അങ്ങനെ അവർക്ക് "മെമ്മോറൈസേഷൻ സ്റ്റാറുകൾ" അന്വേഷിക്കുവാൻ സാധിക്കും. നേട്ടങ്ങൾ സംബന്ധിക്കുന്നവരുടെ പേരും വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുക. ഓരോ ആഴ്ചയിലും ഒരു ചെറിയ ചടങ്ങ് സംഘടിപ്പിച്ച് ബാഡ്ജുകൾ ഔപചാരികമായി വിതരണം ചെയ്യുക.

- ക്ലാസ്സിലെ ഹാജർ
- ലൈഫ് ഹോംവർക്ക് അസൈൻമെന്റ്
- റീഡിംഗ് ഹോംവർക്ക് അസൈൻമെന്റ്
- സർവ്വായുധവർഗ്ഗത്തെക്കുറിച്ചുള്ള വചനങ്ങൾ ഹൃദിസ്ഥമാക്കൽ

കുട്ടികളുടെ പദവി ചിഹ്നങ്ങൾ രേഖപ്പെടുത്തുന്നതിന് പുസ്തകത്തിന്റെ അവസാന പേജിൽ ഒരു ഷീറ്റ് നൽകിയിട്ടുണ്ട്,

### ഹാജർ

ഓരോ ക്ലാസ് പങ്കെടുക്കുമ്പോൾ കുട്ടികൾ ഓരോരുത്തർക്കും പ്രധാന ബാഡ്ജിന്റെ ഓരോ ഭാഗം വീതം ലഭിക്കുന്നു. ഇരുകൈകൾക്കുമായി രണ്ടു ബാഡ്ജ് വീതമോ, ഒരു കൈയ്യിൽ മാത്രം അണിയുന്നതിനായി ഒരെണ്ണം വീതമോ കുട്ടികൾക്ക് നൽകാവുന്നതാണ്.







ഭാഗീകമായ സഹായത്തിനായുള്ള മാതൃക അല്ലെങ്കിൽ ചില ദിവസങ്ങൾക്ക് വേണ്ടി ഓരോ സ്ട്രിപ്പുകൾ ഒരുമിച്ച് വയ്ക്കുക.

## വായനയും മന:പാഠമാക്കലും



ഓരോ അദ്ധ്യായങ്ങളിൽ നൽകപ്പെടുന്ന അപ്പൊസ്തല പ്രവൃത്തികളിലെ വായനാഭാഗങ്ങൾ കൃത്യമായി വായിക്കുമ്പോൾ, ഓരോ ദിവസത്തേക്കും ഹൃദിസ്ഥമാക്കുവാൻ നൽകപ്പെടുന്ന വചനങ്ങൾ മന:പാഠം ആക്കുമ്പോൾ കുട്ടികൾക്ക് ഓരോ സ്റ്റാർ വീതം നേടാൻ സാധിക്കും. പ്രവൃത്തികളുടെ പുസ്തകം മുഴുവൻ വായിച്ചു തീർക്കുമ്പോൾ, 10 വാക്യങ്ങൾ മുഴുവൻ മന:പാഠമാക്കി കഴിയുമ്പോൾ ബാഡ്ജുകൾ മുഴുവൻ കൈവശമാക്കുവാൻ കഴിയും. ഈ ബാഡ്ജ് കുട്ടിയുടെ വലത്ത് വശത്ത് ധരിപ്പിക്കുക (മുമ്പത്തെ 9 ക്ലാസ്സുകളും നേടി കഴിയുമ്പോൾ ആഴ്ച 10 കരസ്ഥമാക്കുവാൻ സാധിക്കും).

## ബൂട്ട് ക്യാമ്പ്/ലൈഫ് അസൈന്മെന്റ്

ഓരോ പാഠഭാഗത്തും കുട്ടികൾ അവർ പഠിച്ച കാര്യങ്ങൾ വാരമദ്ധ്യേ അവരുടെ അനുദിന ജീവിതത്തിൽ പ്രായോഗികമാക്കേണ്ടതാണ് . ഇതിനായി അവർക്ക് നൽകേണ്ടുന്ന അസൈന്മെന്റ് ആണിത്. അവർ പൂർത്തീകരിക്കുന്ന ടാസ്ക് അനുസരിച്ച് ഓരോ "റിബ്ബൺ" നേടാൻ കഴിയും. നൂൽ ഉപയോഗിച്ച് ഈ ത്രികോണങ്ങൾ യോജിപ്പിക്കുക, അതിനു ശേഷം പശയോ, ടേപ്പോ ഉപയോഗിച്ച് പേപ്പർ കഷണങ്ങൾ കൊണ്ട് ഒട്ടിക്കുക ഇത് കുട്ടിയുടെ ഇടത്ത് വശത്ത് ധരിപ്പിക്കുക.

## സമയപ്പട്ടിക (1 ½ മണിക്കൂർ)

**(ക്ലാസ്സിനു 10 മിനിട്ട് മുമ്പ്):**

• കുട്ടികൾ എത്തിക്കഴിയുമ്പോൾ, അവരുടെ നേട്ടങ്ങൾ രേഖപ്പെടുത്തുക ഓരോ ആഴ്ചയിലും 4 ബാഡ്ജുകൾ സ്വന്തമാക്കുന്നതിനു വേണ്ടിയാണിത്.

- ക്ലാസ് ഹാജർ
- ലൈഫ് ഗൃഹപാഠം "ബൂട്ട് ക്യാമ്പ്"
- വായനയ്ക്കുള്ള ഗൃഹപാഠം : പ്രവൃത്തികളുടെ പുസ്തകം
- സർവ്വായുധവർഗ്ഗത്തെക്കുറിച്ചുള്ള വചനങ്ങൾ ഹൃദിസ്ഥമാക്കുക.



**25 മിനിറ്റ് പ്രാരംഭത്തിൽ :**

• ആക്ഷനോടോത്തുള്ള പാട്ടുകൾ
• അവാർഡ് ദാന ചടങ്ങ്/മെഡലുകൾ
• അദ്ധ്യായത്തിന്റെ ശീർഷകം
• നാടകം/സ്കെച്ച്

**(15 മിനിറ്റ്) അദ്ധ്യായം/പാഠം:**

• പ്രധാന പാഠം
• മന:പാഠവാക്യം




**20 മിനിറ്റ് കുട്ടികളുടെ പുസ്തകങ്ങൾ:**

• പ്രശ്നോത്തരികൾ /പ്രവൃത്തികൾ
• പവർ പോയിന്റ് / തീരുമാനങ്ങൾ
• ചോദ്യങ്ങൾ/ചർച്ച
• ലൈഫ്, വായനഭാഗം തുടങ്ങിയ ഗൃഹപാഠം നൽകുക

**20 മിനിറ്റ് :പ്രവൃത്തികൾ**

• ഗെയിം
• കരകൌശലങ്ങൾ /ക്രാഫ്റ്റുകൾ

## നാടകങ്ങൾ



ഓരോ ആഴ്ചയിലും ബൂട്ട് ക്യാമ്പുകളിൽ സർജന്റ് രണ്ടു പടയാളികൾക്ക് ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തെ പറ്റി പഠിപ്പിക്കുന്നു. ഓരോ നാടകത്തിലും പുതിയ പടയാളികൾ ആ ദിവസം കുട്ടികൾക്കുള്ള സണ്ടേസ്കൂൾ പഠനത്തിനു സമാന്തരമായ ഒരു പാഠം പഠിക്കുന്നു.

കഥാപാത്രങ്ങൾ:

- പട്ടാളക്കാരൻ ഗിഗ്ഗിൾ
എപ്പോഴും സ്വയം കുഴപ്പത്തിലാവുകയും ആയുധവർഗത്തിലെ ഭാഗങ്ങൾ മറക്കുകയും ചെയ്യുന്നു.
- പട്ടാളക്കാരൻ ഡ്യൂട്ടി
നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സമർത്ഥൻ
- സർജന്റെ അപ്റൈറ്റ്:
രണ്ടു പുതിയ പടയാളികളെ പരിശീലിപ്പിക്കുന്നതിന് വേണ്ടി ചുമതലയുള്ള ആൾ.

ഈ പഠന സാമഗ്രിക്ക് വേണ്ടിയുള്ള എല്ലാ സാമഗ്രികളുടെയും വീഡിയോകൾ ഡിവിഡി അല്ലെങ്കിൽ യൂട്യൂബിൽ ലഭ്യമാണ്. നിങ്ങൾ ചെയ്യുന്ന നാടകത്തിലെ അഭിനേതാക്കൾക്ക് കണ്ടു മനസ്സിലാക്കേണ്ടുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ നിങ്ങളുടെ കുട്ടികളെ നേരിട്ട് കാണിക്കുന്നതിനോ ഈ വീഡിയോകൾ ഉപയോഗിക്കാവുന്നതാണ്. ഈ വീഡിയോകളിൽ ഒരു യഥാർത്ഥ ഭാഷയും ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ട് നിങ്ങളുടെ തദ്ദേശീയ ഭാഷ ഏത് ആണെങ്കിലും ഇവ ഉപയോഗിക്കാവുന്നതാണ്.

*www.youtube.com/c/Childrenareimportant*

## കാർഡ് ബോർഡ് ഉപയോഗിച്ചുള്ള സർവ്വായുധവർഗ്ഗവും ലളിതമായ സെറ്റ് ഡിസൈനും

നമ്മുടെ നാടകങ്ങൾക്ക് നാം ഉപയോഗിക്കുന്നത് കാർഡ് ബോർഡ് ബോക്സുകൾ, റിബ്ബൺ, സുഷിരങ്ങളുള്ള പാത്രങ്ങൾ എന്നിവയാണ്. ചെലവ് കുറഞ്ഞ രീതിയിൽ ആയുധവർഗ്ഗങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിയാണിത്. നീളമുള്ള ബലൂണുകൾ ഉപയോഗിച്ച് സർവ്വായുധവർഗ്ഗം നിർമ്മിക്കുന്നത് എങ്ങനെയാണെന്നും, മറ്റ് പല ആശയങ്ങൾ അധിക-ആശയ സെക്ഷനിൽ നൽകിയിരിക്കുന്നു





**രക്ഷ എന്ന ശിരസ്ത്രം**
സുഷിരങ്ങളുള്ള പാത്രം
റിബ്ബൺ
ടവ്വൽ (തലയിൽ പാത്രം വയ്ക്കുമ്പോൾ വേദനിക്കാതിരിക്കുവാൻ ആണിത്.





**നീതി എന്ന കവചം**
ഒരു വലിയ കാർഡ്ബോർഡ് ബോക്സ്/പെട്ടി
റിബ്ബൺ, പശ(ഗ്ലൂ)/സിലിക്കൺ
കാർഡ്ബോർഡിന്റെ വശങ്ങൾ തയ്ക്കുകയാണെങ്കിൽ അത് കൂടുതൽ ബലമുള്ളതായിത്തീരുന്നു.













**വിശ്വാസം എന്ന** പരിച ഒരു വലിയ
കാർഡ്ബോർഡ് പെട്ടിയുടെ ഒരു വശം
ട്രാൻസ് പെറായിട്ടുള്ള /സുതാര്യമായ
പ്ലാസ്റ്റിക്ക് ബാഗ് സിലിക്കൺ ഗ്ലൂ (പശ)
ചുരുണ്ട റിബ്ബൺ/ചരട്

**ന/ ആശയവിനിമയത്തിനുള്ള ഉപകരണം**
ിയ പെട്ടി
ണം വയർ പെട്ടി ഒരല്പം
തിനുവേണ്ടി:







## സത്യം എന്ന അരക്കച്ച

നിങ്ങളുടെ ബെൽറ്റിൽ തന്നെ കവണ, ബൈനോക്കുലർ, കയർ, വയർ മുതലായവ ആവശ്യമായ ഉപകരണങ്ങൾ ളുക്കിയിടാവുന്നതാണ്.






### ഭാഗങ്ങൾ

ഓരോ ഭാഗത്തിനും ഒരു കഷണം കാർഡ്ബോർഡും സിലിക്കൺ ഗ്ലൂ അഥവാ പശ ആവശ്യമാണ്






**കവണ**








**കയർ**



**ബൈനോകുലർ**







ഒരു കാർഡ് ബോർഡ് ബോക്സ് പോലെ താഴെ അടയ്ക്കു

**വെള്ളക്കുപ്പി കാൻറീൻ**


അധിക-ആശയ സെക്ഷനിൽ: ഇത് 2 ഡിസ്പോസിബിൾ പ്ലേറ്റുകൾ, ഒരു ടോയിലറ്റ് പേപ്പർ ട്യൂബ് ഉപയോഗിച്ച് എങ്ങനെ നിർമ്മിക്കാമെന്ന നിങ്ങൾക്ക് കാണവാൻ സാധിക്കും.



ഈ കഷണങ്ങൾ സാധാരണ ബെൽറ്റ്.









**സീനോഗ്രഫി**

10 നാടകങ്ങൾക്ക് വേണ്ടിയുള്ളത്:
ഏണി
2കാർഡ് ബോർഡ് പെട്ടികൾ
മേശ
ജലം നിറയ്ക്കാനുള്ള പാത്രം
കുറച്ച് പേപ്പർ കഷണങ്ങൾ

## അധിക ആശയങ്ങൾ

**മിനി ബലൂൺ ടവറുകൾ**



ബ്രൗൺ, പച്ച, കറുപ്പ്, വെള്ള നിറങ്ങളിലുള്ള ബലൂണുകൾ ഉപയോഗിച്ച് രണ്ടു ടവറുകൾ അഥവാ തൂണുകൾ ഉണ്ടാക്കുന്നതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായം എന്താണ്.

നാല് നിറങ്ങളുടെ ഒരു മിനി കോളം/ചെറു നിറ നമുക്ക് ഉണ്ടാക്കാം.

പച്ച, കറുപ്പ് നിറത്തിലുള്ള ഓരോ ബലൂണുകൾ ഒരുമിച്ച് കെട്ടി ഒരു ജോഡിയും, ബ്രൌൺ വെള്ള

നിറത്തിലുള്ള ബലൂണുകൾ ഒരുമിച്ച് കെട്ടി മറ്റൊരു ജോഡിയും ഉണ്ടാക്കുക.


നുറുങ്ങ്: ബലൂണുകളുടെ കാറ്റ് നിറഞ്ഞ ഭാഗത്തേക്ക് എത്രയും ചേർക്കാമോ അത്രയും ചേർത്ത് നന്നായി കെട്ടുക എങ്കിൽ മാത്രമേ

നിങ്ങൾക്ക് അത് നന്നായി കൈകാര്യം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

ഇപ്പോൾ ഓരോ ജോഡി ബലൂണുകൾ കുറുകെ വയ്ക്കുക എന്നിട്ട് അവയെ തമ്മിൽ പിണയ്ക്കുക.

എട്ട് പ്രാവശ്യം കൂടി എങ്ങനെ തന്നെ ചെയ്യുക അപ്പോൾ നിങ്ങൾക്ക് നാല് ബലൂണുകൾ വീതമുള്ള 9 അടുക്കുകൾ ലഭിക്കും.

നാല് ബലൂണുകൾ ഒരുമിച്ച് കെട്ടി നാം ഉണ്ടാക്കിയതിൽ ഒന്നാമത്തെ ഭാഗത്തെ X ആകൃതിയിൽ പച്ച നിറത്തെ അടയാളമായി കരുതി നിലത്ത് വയ്ക്കുക. ഇനി അതിൻറെ മുകളിൽ അടുത്ത ഭാഗത്തെ + ആകൃതിയിൽ വയ്ക്കുക. എന്നിട്ട് ചുരുണ്ട റിബ്ബൺ ഉപയോഗിച്ച് ഇവ തമ്മിൽ ബന്ധിപ്പിക്കുക. തമ്മിൽ വിട്ടുപോകാതിരിക്കുവാനാണിത്. ഇത്തരത്തിൽ x + x + എന്ന് യഥാക്രമം തുടരുക.




ശ്രദ്ധിക്കുക:


നിങ്ങൾ നിർമ്മിച്ച രണ്ടു ഗോപുരങ്ങൾക്ക് മുകളിലായി നിങ്ങൾക്ക് വേണമെങ്കിൽ മെറ്റാലിക് സ്റ്റാർ ബലൂൺ ഒരു ഫൈനൽ ടച്ച് എന്ന നിലയിൽ വയ്ക്കാവുന്നതാണ്. മിനി ബലൂൺ ഗോപുരങ്ങൾ എങ്ങനെ ഉണ്ടാക്കാം എന്ന് കാണിക്കുന്ന വീഡിയോ നിങ്ങൾക്ക് ലഭ്യമാണ്.

https://youtu.be/hut9db-AL0I

അല്ലെങ്കിൽ ഞങ്ങളുടെ യൂട്യൂബ് ചാനലിൽ തിരയുക

http://youtube.com/c/Childrenareimportant

## പേപ്പറുകൾ കൊണ്ടുള്ള അലങ്കാര ചിഹ്നങ്ങൾ



പച്ച, ബ്രൗൺ, ചാരനിറം, കറുപ്പ് നിറങ്ങളിലുള്ള അക്ഷര വലിപ്പമുള്ള പേപ്പറുകൾ, കത്രിക, പെൻസിൽ, റൂളർ, കയർ എന്നിവയാണ് നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ.
ത്രികോണാകൃതിയിലുള്ള പാറ്റണുകൾ ആണ് നാം ഇപ്പോൾ ഉണ്ടാക്കാൻ പോകുന്നത്. നിങ്ങളുടെ ഷീറ്റ് തിരശ്ചീനമായി വയ്ക്കുക, അക്ഷര-വലിപ്പമുള്ള ഷീറ്റിനെ നേർ പകുതിയായി മടക്കുക, എന്നിട്ട് രണ്ടു കഷണങ്ങളായി മുറിച്ചിട്ട് അതിന്റെ ഒരു കഷണം മാത്രം മോൽഡ് ഉണ്ടാക്കുന്നതിനായി ഉപയോഗിക്കുക, ഒരു റൂളർ ഉപയോഗിച്ച് ഷീറ്റിന്റെ വീതി അളന്നിട്ട് അതിന്റെ മദ്ധ്യത്തിൽ ഒരു ബിന്ദു രേഖപ്പെടുത്തുക. ഉദാഹരണത്തിനായി, നിങ്ങൾ അളന്നത് 14 സെ.മീ ആണെങ്കിൽ 7 സെ.മിയിൽ അലയാളപ്പെടുത്തുക. ഇനി മദ്ധ്യത്തിൽ ഉള്ള ബിന്ദുവിൽ നിന്ന് മുകളിലത്തെ കോണിലേക്ക് ഒരു രേഖ വരയ്ക്കുക. ഇത് തന്നെ വലത്തെ കോണിലേക്ക് ആവർത്തിക്കുക. ഇപ്പോൾ നിങ്ങൾക്ക് ത്രികോണങ്ങൾ കാണാൻ സാധിക്കും. ആ ഭാഗം വെട്ടിയെടുക്കുക. ഇപ്പോൾ പാറ്റേണുകൾ തയ്യാറായിക്കഴിഞ്ഞു. നിറമുള്ള ഷീറ്റുകൾ ഉപയോഗിച്ച് ഇത്തരത്തിൽ ത്രികോണാകൃതികൾ ഉണ്ടാക്കിയതിനു ശേഷം ഒരു ചരടിൽ അടുപ്പിച്ചടുപ്പിച്ച് ഒട്ടിക്കുക.




## കാർഡ് ബോർഡ് പെട്ടികൾ

വിവിധ വലിപ്പത്തിലുള്ള കാർഡ് ബോർഡ് പെട്ടികൾ സംഘടിപ്പിക്കുക. ഒരു പെര്മിനെന്റ് മാർക്കർ, ക്രാഫ്റ്റ് പേപ്പർ, അല്ലെങ്കിൽ ബ്രൌൺ പേപ്പർ, കറുപ്പ്.

കാർഡ് ബോർഡ് പെട്ടികൾ ഒരു പേപ്പർ ഉപയോഗിച്ച് പൊതിയുക. അവയുടെ മുകളിൽ "രക്ഷ എന്ന ശിരസ്ത്രം" "സുവിശേഷ ഷൂസ്" എന്നെല്ലാം എഴുതി ഒന്നിനു മുകളിൽ മറ്റൊന്നായി അടുക്കി ക്ലാസ് മുറികൾ അലങ്കരിക്കുക.




## പാരച്യൂട്ട് പടയാളികൾ

പ്ലാസ്റ്റിക്കിൽ ഉണ്ടാക്കിയ സൈനികരുടെ രൂപങ്ങൾ, കോഫി ഫിൽറ്റർ, കാർഡ് ബോർഡ്, ടേപ്പ്, റിബ്ബൺ/ചരട്

പ്ലാസ്റ്റിക്കിൽ ഉണ്ടാക്കിയ സൈനികന്റെ രൂപത്തെ ചുരുണ്ട റിബ്ബൺ ഉപയോഗിച്ച് കോഫി ഫിൽട്ടറുമായി ബന്ധിപ്പിക്കുക. ഫിൽട്ടറിന്റെ മുകൾ വശം ഒരു ചരടുമായി ബന്ധിപ്പിച്ചാൽ നിങ്ങൾക്ക് ഇതിനെ നിങ്ങളുടെ സ്വീകരണ മുറിയുടെ വാതിലിലോ അല്ലെങ്കിൽ നിങ്ങൾ അലങ്കരിക്കാൻ തിരഞ്ഞെടുക്കുന്ന ഒരു വാതിലിലോ ഒരു ടേപ്പ് ഉപയോഗിച്ച് തൂക്കുവാൻ സാധിക്കും. പരംമ്പരാഗതമായി ഉപയോഗിക്കുന്ന "സർവായുധങ്ങൾക്ക്" പകരമായി , ഈ പടയാളികൾ ഈ പ്രോഗ്രാമിലെ പാഠങ്ങളോട് ചേർന്ന് നിൽക്കുന്ന വാക്കുകളായ വിശ്വാസം, സത്യം, സമാധാനം, രക്ഷ തുടങ്ങിയ വാക്കുകളാണ് ഉപയോഗിച്ചിട്ടുള്ളത്.



## പ്ലേറ്റുകളും ട്യൂബുകളും ഉപയോഗിച്ചുള്ള വെള്ള കുപ്പികൾ

രണ്ടു ഡിസ്പോസിബിൾ പ്ലേറ്റുകൾ, അല്ലെങ്കിൽ 10.സെ.മീ വ്യാസത്തിൽ കൃത്യമായി വൃത്താകൃതിയിൽ മുറിച്ചെടുത്ത രണ്ടു കാർഡ് ബോർഡ് കഷണങ്ങൾ, പശ, കത്രികകൾ, ബ്രൌൺ, ഗ്രീൻ നിറങ്ങളിലുള്ള പെയിന്റ്, സാനിട്ടറി പേപ്പർ ട്യൂബ്/പൈപ്പ് കഷണം(ഒരു ട്യൂബ് രണ്ടു കുട്ടികൾക്ക് പര്യാപ്തമാണ്), അല്ലെങ്കിൽ ഏതെങ്കിലും ലഘു പാനിയങ്ങളുടെ പ്ലാസ്റ്റിക് കുപ്പികൾ, ചുരുണ്ട റിബ്ബൺ.

**നിർദ്ദേശങ്ങൾ :**

പേപ്പർ ട്യൂബ്/പൈപ്പിന്റെ വ്യാസത്തിന്റെ അളവിൽ രണ്ട് ഡിസ്പോസിബിൾ പ്ലേറ്റുകളിലും 'U' ആകൃതിയിൽ വരയ്ക്കുക രണ്ടും ഒരേ അളവാണെന്ന് ഉറപ്പ് വരുത്തുക, എന്നിട്ട് അവ മുറിക്കുക.

ട്യൂബിനെ പ്ലേറ്റിന്റെ 'U' ആകൃതിയിൽ വെട്ടിയ ഭാഗത്ത് സസൂക്ഷ്മം വച്ച് ഒട്ടിക്കുക, തുടർന്ന് മറ്റേ പ്ലേറ്റ് ഇതിൻറെ കൃത്യം മുകളിലായി ചേർത്ത് വെച്ച് ശ്രദ്ധയോടെ ചേർത്ത് ഒട്ടിക്കുക.

രണ്ടു വിധത്തിൽ നിങ്ങൾക്ക് ഇതിനെ അലങ്കരിക്കാൻ സാധിക്കുന്നതാണ്. ഒന്നാമത്തെ ഓപ്ഷൻ ബ്രൌൺ, പച്ച നിറങ്ങൾ ഉപയോഗിച്ച് ചിത്രത്തിൽ കാണുന്ന പോലെ പെയിന്റ് ചെയ്യുക. മറ്റൊന്ന് പച്ച, ബ്രൌൺ നിറത്തിലുള്ള പേപ്പർ ഷീറ്റ് വിവിധ ആകൃതിയിൽ കീറിയെടുക്കുക എന്നിട്ട് പ്ലേറ്റിന്റെ അറ്റങ്ങളിലായി ഒട്ടിക്കുക.

ഇരു വശത്തും ചിത്രത്തിൽ കാണുന്നത് പോലെ രണ്ടു ദ്വാരങ്ങൾ ഉണ്ടാക്കിയതിനു ശേഷം ചുരുണ്ട റിബ്ബൺ/ചരട് ഉപയോഗിച്ച് കെട്ടുക.

# ലഭ്യമായ സാമഗ്രികൾ



## അദ്ധ്യാപകന്റെ പുസ്തകം

എല്ലാ പ്രായത്തിൽ ഉള്ളവർക്കുമുള്ള 10 പാഠങ്ങൾ



## വിദ്യാർത്ഥിയുടെ പുസ്തകങ്ങൾ

എളുപ്പമുള്ളവ 4-6 വയസ്സുള്ളവർക്ക്
ഇടത്തരം 7-9 വയസ്സുള്ളവർക്ക്
ബുദ്ധിമുട്ടുള്ളവ 10-12 വയസ്സുള്ളവർക്ക്
വിപുലമായത് 13+ വയസ്സുള്ളവർക്ക്.



## പോസ്റ്റർ & ഫ്ലൈയർ

കൂടുതൽ കുട്ടികളെ ക്ഷണിക്കുക ...!



## മെഡലുകൾ/വിശിഷ്ട പദവികൾ

- ക്ലാസ് ഹാജർ
- മദ്ധ്യവാര ലൈഫ് ഗൃഹപാഠം
- വായനാ ഗൃഹപാഠം: പ്രവൃത്തികളുടെ പുസ്തകം
- ന:പാഠം : സർവ്വായുധ വർഗ്ഗത്തെപ്പറ്റിയുള്ള തിരുവചന ഭാഗങ്ങൾ

## സർട്ടിഫിക്കറ്റ്


പ്രോഗ്രാമിന്റെ അവസാനം ഓരോ കുട്ടിക്കും നൽകുക



## ക്രാഫ്റ്റ്/കരകൗശലങ്ങൾ

നിങ്ങളുടെ ക്ലാസ്സിന്റെ പ്രവൃത്തികൾക്ക് അനുബന്ധമായ 3 കരകൗശലങ്ങൾ






## ആക്ഷൻസങ്ങുകൾ :

10 പാഠങ്ങൾക്ക് വേണ്ടിയുള്ള ഒറിജിനൽ പാട്ടുകൾ







## സോഷ്യൽ മീഡിയ


കുട്ടികൾക്കായുള്ള നിങ്ങളുടെ ശുശ്രൂഷയ്ക്ക് സഹാകരമാകുന്ന ധാരാളം ആശയങ്ങളും പ്രചോദനദായകമായ സംഗതികളും ലഭിക്കേണ്ടതിനായി സോഷ്യൽ മീഡിയാ വഴി ഞങ്ങളുമായി ബന്ധപ്പെടുക.

YouTube facebook WhatsApp

**വെബ്സൈറ്റ് :** അദ്ധ്യാപകർക്കും, നേതാക്കൾ എന്നിവർക്കുള്ള പരിശീലന സാമഗ്രികൾ ഉൾപ്പെടുന്ന മറ്റനേകം സാമഗ്രികൾ മുഴുവൻ നിങ്ങൾക്ക് ഞങ്ങളുടെ വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്നതാണ്.




## സാമഗ്രികൾ പ്രിന്റ് ചെയ്യുന്നതെങ്ങനെ:



# പാഠം 1

## തലക്കെട്ട്- പാഠം 1

അദൃശ്യ ലോകം



## ബൈബിൾ കഥ – പാഠം 1

യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നു
അപ്പോസ്തലപ്രവൃത്തികൾ: 1:1=11

## മെഡലുകൾ - പാഠം 1

ഓരോ കുട്ടിയും മെഡലിന്റെ 2 ബേസുകൾ കരസ്ഥമാക്കുന്നു. ഒന്ന് ഹാജറിന്റെയും, മറ്റൊന്ന് വായനയ്ക്കും മന:പാഠവാക്യത്തിനും വേണ്ടി ഉള്ളതാണ്.
ഹജറിനുള്ള ഇന്നത്തെ മെഡൽ:



അടുത്ത ആഴ്ചമുതൽ വിദ്യാർത്ഥികൾ വായന, മന:പാഠവാക്യം, ഗൃഹപാഠത്തിന്റെ അസൈൻമെന്റ് പൂർത്തീകരിക്കുക എന്നിവയ്ക്കുള്ള പാരിതോഷികങ്ങൾ കരസ്ഥമാക്കുവാൻ കഴിയുന്നതാണ്.

## നാടകം - പാഠം 1

ഹവീൽദാർ ചിരിക്കുടുക്ക, പട്ടാളക്കാരൻ ഡ്യൂട്ടിൻ എന്നിവരെ സൈന്യത്തിൽ ചേർക്കുന്നു. ഹവീൽദാർ ചിരിക്കുടുക്കയുടെ വിചാരം ശത്രുക്കൾ എന്നൊരു സംഭവമേ ഇല്ല. സിനിമാ താരത്തെപ്പോലെ ഒരുങ്ങുക, മസിലുകളൊക്കെ പെരുപ്പിക്കുക, എന്നിട്ട് വെറുതെ അടിച്ചു പൊളിച്ച് ഇങ്ങനെ നടക്കുക. ഇത്ര മാത്രം!
എന്നാൽ പട്ടാളക്കാരൻ ഡ്യൂട്ടിൻ അങ്ങനെയല്ല, അദ്ദേഹം അതിരാവിലെ എഴുന്നേറ്റു ഡ്രില്ലുകൾ ആരംഭിക്കുന്നത് തന്നെ ശത്രുക്കളെ തകർക്കുക, അവരെ നശിപ്പിക്കുക എന്ന് പറഞ്ഞുകൊണ്ടാണ്.

## മന:പാഠവാക്യം - പാഠം 1

> "അവസാനമായി കർത്താവിനോട് ഏകീഭവിച്ച് അവിടുത്തെ അജയ്യശക്തി മുഖേന നിങ്ങൾ കരുത്തുറ്റവരായിത്തീരുക. പിശാചിന്റെ കുതന്ത്രങ്ങളോട് എതിർത്തു നില്ക്കുവാൻ നിങ്ങൾ പ്രാപ്തരാകേണ്ടതിന് ദൈവം നിങ്ങൾക്കു നല്കുന്ന എല്ലാ ആയുധങ്ങളും ധരിച്ചുകൊള്ളുക. " എഫെസ്യർ 6:10 -11

## പ്രധാന പാഠം - പാഠം 1

**അപ്പൊ. 1:1=11**

നമുക്ക് ചുറ്റും ഒരു അദൃശ്യലോകം ഉണ്ട്. നമുക്ക് കാണുവാൻ സാധിക്കുന്നില്ലെങ്കിലും അത് തികച്ചും ഒരു യാഥാർത്ഥ്യമാണ്. കാറ്റിനെ നമുക്ക് കാണാൻ സാധിക്കുകയില്ല, എന്നിരുന്നാൽ കാറ്റ് വീശുമ്പോൾ അത് കടന്നുപോകുന്ന വഴിയിൽ മരങ്ങൾ ആടുന്നത് നമുക്ക് കാണുവാൻ സാധിക്കുന്നു. എന്നത് പോലയാണ് ആത്മീക ലോകവും. പഴയ നിയമ പ്രവാചകന്മാരിൽ ഒരാളായ ഏലീശാ ഈ അദൃശ്യലോകത്തെ കാണുന്നതിനു ഒരു ഉത്തമ ഉദാഹരണമാണ്. യിസ്രായേലും ആരാമും തമ്മിൽ ഒരു യുദ്ധം ഉണ്ടാകുവാൻ പോകുകയാണ് (2രാജാ. 6:8=23). ഒരു രാത്രിയിൽ, ശത്രു സൈന്യം പട്ടണത്തെ വളഞ്ഞു, ഏലീശയുടെ ബാല്യക്കാരൻ അവരെ കണ്ടപ്പോൾ, അവൻ ഭയന്ന് പോയി. എന്നാൽ പ്രവാചകൻ അവനോടു, ഭയപ്പെടേണ്ട ആവരോട് കൂടെയുള്ളതിനേക്കാൾ അധികം നമ്മോടു കൂടെയുണ്ട് എന്ന് പറഞ്ഞു. അതിനു ശേഷം ഏലീശ ബാല്യക്കാരന്റെ കണ്ണുകൾ തുറക്കപ്പെടേണ്ടതിനു പ്രാർത്ഥിച്ചു. അപ്പോൾ അവൻ നോക്കിയപ്പോൾ അഗ്നിമയമായ രഥങ്ങളും കുതിരകളും അവർക്ക് ചുറ്റും നിൽക്കുന്നത് കണ്ടു! ദൈവത്തിനു അവിടുത്തെ പ്രവാചകനെ സംരക്ഷിക്കുവാൻ അദൃശ്യമായ ഒരു വൻ സൈന്യം തന്നെ ഉണ്ടായിരുന്നു!
നമുക്ക് ചുറ്റും ഒരു ആത്മയുദ്ധം നടന്നുകൊണ്ടിരിക്കുന്നു. സാത്താൻ ഉണ്ടെന്നും നാം ആത്മീയ രാജ്യത്തെക്കുറിച്ച് അറിവില്ലാത്തവരായി ഉടരാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യത്തെക്കുറിച്ച് ബൈബിൾ വ്യക്തമാക്കുന്നു. അപ്പോസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നുള്ള ഇന്നത്തെ നമ്മുടെ ബൈബിൾ കഥയിൽ, യേശു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് കാണുന്നു. ദയവു എന്നെ വിശ്വസിക്കുക, സ്വർഗ്ഗവും നരകവും യാഥാർത്ഥ്യമാണ്. ഈ

യാഥാർത്ഥ്യം ചരിത്രവിവരണത്തിൽ, യേശു സ്വർഗ്ഗാരോഹണം ചെയ്തതിനു ശേഷം , രണ്ടു ദൂതന്മാർ അവിടുത്തെ ദിശ്യന്മാർക്ക് പ്രത്യക്ഷരായി! ദൂതന്മാർ നമ്മെ സഹായിക്കുന്നതിനു വരുന്നതും ഒരു പക്ഷെ നമുക്ക് വിശ്വസിക്കാൻ പ്രയാസമായിരിക്കാം. എന്നാൽ നാം കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങളെക്കാൾ ഈ അദൃശ്യലോകം അധികം യാഥാർത്ഥ്യമാണ്. ദൈവത്തിന്റെ സർവ്വായുധ വർഗ്ഗത്തെക്കുറിച്ചുള്ള ഈ പഠനത്തിൽ നമുക്ക് മുന്നോട്ട് പോകുകയും അദൃശ്യ ലോകത്തെക്കുറിച്ച് കൂടുതലായി മനസ്സിലാക്കുകയും ചെയ്യാം. നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നാം ഒരു യുദ്ധത്തിലാണ്. അതുകൊണ്ട് ശത്രുവോട് യുദ്ധം ചെയ്യുമ്പോൾ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം നമുക്ക് ധരിക്കാം.

## ബൂട്ട് ക്യാമ്പ് – പാഠം 1

**അസൈൻമെന്റ് – പാഠം 1**



ഒരു ദൂതൻ നിങ്ങളെ ഏതെങ്കിലും തരത്തിൽ സഹായിക്കുന്നതായുള്ള നിങ്ങളുടെ ഒരു ചിത്രം വരയ്ക്കുക. നിങ്ങൾ അഭിമുഖീകരിക്കുന്ന ഏതെങ്കിലും അപകടകരമായ സ്ഥലമോ അല്ലെങ്കിൽ ഭയന്നുപോയ ഏതെങ്കിലും സാഹചര്യമോ ഓർമ്മിക്കുവാൻ ശ്രമിക്കുക.

**ഗൃഹപാഠം (മുതിർന്ന വിദ്യാർത്ഥികൾക്ക്) - പാഠം 1**

അപ്പൊ. 1-4 വായിക്കുക

## ☑ പവർ പോയിന്റ്/തീരുമാനം – പാഠം 1

" ഞാൻ ഈ അദൃശ്യ ലോകത്തെ വിശ്വസിക്കുന്നു; ഞാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുന്നു".

## ചോദ്യോത്തരങ്ങൾ -പാഠം 1

1. നന്മയും തിന്മയും നിറഞ്ഞ ഒരു അദൃശ്യലോകം ഉണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനുള്ള തെളിവ് എന്താണ്?
   വലിയ അനർത്ഥങ്ങൾ സംഭവിക്കാതെ രക്ഷപ്പെട്ടതും എന്നാൽ നിങ്ങളെ മാനസികമായി മുറിവേൽപ്പിച്ചതുമായ ഏതെങ്കിലും ഒരു അപകടത്തെക്കുറിച്ചോ, രോഗിയായിത്തീർന്ന അവസ്ഥയെക്കുറിച്ചോ വിവരിക്കുവാൻ നിങ്ങളുടെ കുട്ടികളെ ഉത്സാഹിപ്പിക്കുക. സാധാരണ ഗതിയിൽ ഒരു തീരുമാനം എടുക്കേണ്ടുന്ന സാഹചര്യത്തിൽ ഒരു ശരിയായ തീരുമാനമെടുക്കാൻ കഴിയാതെ വിഷമിച്ച സമയത്ത് ഒരു സ്വപ്നത്തിലൂടെയോ, അല്ലെങ്കിൽ അകത്ത് തോന്നിയ ഒരു പ്രേരണയിലൂടെയോ ഒരു അസാമാന്യമായ തീരുമാനമെടുക്കാൻ സാധിച്ച സന്ദർഭങ്ങൾ. ചില സന്ദർഭങ്ങളിൽ ഭയം നമ്മെ വല്ലാതെ കടന്നു പിടിച്ചിട്ട്, എന്ത് സംഭവിക്കുന്നു എന്ന് ഒന്നും മനസ്സിലാക്കാൻ കഴിയാതെ കുഴഞ്ഞിരിക്കുമ്പോൾ, സാത്താനെ എന്നെ വിട്ടു പോകുക എന്ന് പറഞ്ഞപ്പോൾ വീണ്ടും ശാന്തിയും സമാധാനവും അനുഭവിച്ചത്.
2. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് സുരക്ഷിതരായിത്തീരാതെ, തെറ്റുകളിൽ അകപ്പെട്ടു പോയ ആരെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? അങ്ങനെയുള്ള സംഭവങ്ങൾ ചിലത് പങ്കുവയ്ക്കുക.
   സർവ്വായുധവർഗ്ഗം ഇല്ലാതെയിരുന്നാൽ പാപങ്ങളിലും, തെറ്റുകളിലും വേഗത്തിൽ വീണ് പോകുവാൻ കാരണമായിത്തീരും എന്ന് തിരിച്ചറിയുന്നതിനു വേണ്ടിയാണ് അവർ കണ്ടിട്ടുള്ള അനുഭവങ്ങളെപ്പറ്റി പങ്കുവയ്ക്കുവാൻ ആവശ്യപ്പെടുന്നതിന്റെ പിന്നിലെ ആശയം. വ്യക്തികളുടെ യഥാർത്ഥ പേരുകൾ വെളിപ്പെടുത്താതിരിക്കുക. കുട്ടികളോട് അവർക്ക് പരിചയമുള്ള ആളുകളിൽ ആരെങ്കിലും മുമ്പേ യേശുവിനെ ഒരുപാട് സ്നേഹിക്കുകയും കുറെ നാൾ സഭയിൽ പോകുകയും ഇപ്പോൾ പോകാതിരിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് സംസാരിക്കുവാൻ കുട്ടികളെ ഉത്സാഹിപ്പിക്കുക.
3. നമുക്ക് ചുറ്റും നടക്കുന്ന ആത്മ യുദ്ധത്തെക്കുറിച്ച് നിങ്ങൾ എന്ത് ചിന്തിക്കുന്നു?
   ബൈബിളിൽ ദൂതന്മാർ ദുഷ്ടാത്മാവ് എന്നിവരെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള ഭാഗങ്ങളെക്കുറിച്ച് സംസാരിക്കുക (ദാനി. 7, 9:2-23, യോഹ. 10:5-14)
4. യേശു ക്രിസ്തു പോയതുപോലെ തന്നെ മടങ്ങിവരുമെന്ന് ആരാണ് വാഗ്ദാനം ചെയ്തത്?
   വെള്ള വസ്ത്രം ധരിച്ച രണ്ടുപേർ - ദൂതന്മാർ
5. പൂരിപ്പിക്കുവാനുള്ളത് എടുത്തിരിക്കുന്നത് അപ്പൊ. 1:8-ൽ നിന്നാണ്.
   ____________________________________എന്റെ___________സാക്ഷികൾ ആകും.... ഇന്നത്തെ സാഹചര്യത്തിൽ ഇത് അർത്ഥമാക്കുന്നത് എന്താണ്?

(യെരുശലേമിലും യഹൂദയിൽ എല്ലാ ഇടത്തും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും നാം സാക്ഷികൾ ആകേണം. നാം പോകുന്നിടത്തൊക്കെയും യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയണം).


## ഗെയിം: സായുധ വിപ്ലവം – പാഠം 1

**സാമഗ്രികൾ**

പേപ്പർ ഷീറ്റുകൾ, പേന, ബലൂൺ, മ്യൂസിക്ക്(ആവശ്യമെങ്കിൽ മാത്രം)

**തയ്യാറാക്കൽ**

അടുത്ത് 9 പാഠങ്ങളുടെ തലക്കെട്ടുകൾ ഒരു ഷീറ്റ് പേപ്പറിൽ എഴുതുക. ഇങ്ങനെ എഴുതിയ പേപ്പറുകൾ ഓരോന്നായി ഓരോ ബലൂണിൽ നിക്ഷേപിച്ച് ആ ബലൂണുകൾ ഊതി വീർപ്പിക്കുക.



**ഗെയിം കളിക്കുന്നു**

1. കുട്ടികൾ ഒരു സർക്കിൾ ഉണ്ടാക്കുന്നു എന്നിട്ട് ഒരു ബലൂൺ ഈ സർക്കിളിനുള്ളിൽ പാസ് ചെയ്യുന്നു(ഒന്നാമത്തെയാൾ തന്റെ മുകളിലൂടെ പാസ് ചെയ്യുന്നു, അടുത്തയാൾ കാലുകൾക്കിടയിലൂടെ അടുത്തയാൾക്ക് പാസ് ചെയ്യുന്നു,... അങ്ങനെ..) ടീച്ചർ ഉറക്കെ ശബ്ദം ഉണ്ടാക്കുകയോ അല്ലെങ്കിൽ വിസിൽ അടിക്കുകയോ ചെയ്യുന്നത് വരെ അങ്ങനെ പാസ് ചെയ്യുക. (വേണമെങ്കിൽ എന്തെങ്കിലും മ്യൂസിക്ക് പ്ലേ ചെയ്യാവുന്നതുമാണ്).
2. ടീച്ചർ സ്ഗ്നൽ നൽകുമ്പോൾ, അപ്പോൾ ബലൂൺ കൈവശമുള്ള വിദ്യാർത്ഥി അതുമായി നടുവിൽ വരികയും അത് ഒരു കാൽ കൊണ്ട് ചവിട്ടി പൊട്ടിക്കുകയും വേണം. എന്നിട്ട് ആ കുട്ടി ആ പേപ്പർ എടുത്ത് പാഠത്തിന്റെ തലക്കെട്ട് വായിച്ച് മറ്റുള്ളവരെ കേൾപ്പിക്കുന്നു. എല്ലാ ബലൂണുകൾ തീരുന്നത് വരെ ഇത് തുടരുക.


**ഇഷ്ടാനുസരണം ചെയ്യാൻ**

1. നിങ്ങൾ ഒരുപാട് വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ, ഒന്നിലധികം സർക്കിളുകൾ ഉണ്ടാക്കുക, അല്ലെങ്കിൽ ഒന്നിലധികം ബലൂണുകൾ ഒരേസമയം പാസ് ചെയ്യുന്നതിന് നൽകുക.
2. പേപ്പറിനൊപ്പം മിഠായികളോ, മറ്റു നിർദ്ദേശങ്ങളോ എഴുതി നിക്ഷേപിക്കാവുന്നതാണ്. (ഉദാഹരണത്തിന്; ഒരു പ്രാവശ്യം ചർച്ചിന് ചുറ്റും ഓടുക മുതലായവ).

## പദപ്രശ്നോത്തരി പാഠം 1

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സ് | ഗ്ഗം | പ | സ് | സാ | ന | യേ | ഘം | ള്ളം |
| നാ | ർ | വ് | ഠി | ർ | ക്ഷി | താ | ശ്രു | വ് |
| സ | ത്മാ | മേ | ജീ | പ്പി | സ്വ | ക | ഠി | സ്വ |
| ആ | രാ | ഘം | വ | പ | ക്ക | പ | ശ് | ർ |
| സ്വ | ഗ്ഗം | ജ്യം | നോ | ശ്രു | ള്ളം | ക | ള്ളം | ഗ്ഗം |
| ജ | വെ | ള്ളം | ടെ | സ്വ | ളു | സാ | ക്ക | പ |
| വ | റു | വ് | സ് | നാ | ന | പ്പെ | ട്ടു | ത്തി |
| നോ | താ | സ | ക്ഷി | ക | ശ് | ഠി | പ്പി | ക്ക |
| പി | ടെ | സ | ലേം | റു | ഗ്ഗ | സ്വ | സ്വ | സ |
| ശ | ക്തി | അ | പ്പോ | സ്ത | ല | ന്മാ | ർ | ഗ്ഗം |





# പാഠം 2

## തലക്കെട്ട് - പാഠം 2

ഇരുളിനെതിരെ പോരാടുക

## ബൈബിൾ കഥ – പാഠം 2

പൌലോസും ശീലാസും കാരാഗൃഹത്തിൽ
അപ്പൊ. 16:16-31

## മെഡലുകൾ/ പാഠം 2

**ഹാജറിനുള്ള ഇന്നത്തെ മെഡലുകൾ**

കഴിഞ്ഞ ആഴ്ചത്തെ "ബ്യൂട്ട് ക്യാമ്പ്" അസൈൻമെന്റ് ചെയ്തവർക്ക് ലഭിക്കുന്നത് ഈ റിബ്ബൺ ആണ്.



കഴിഞ്ഞ ആഴ്ചത്തെ വായന അസൈൻമെന്റ് അപ്പോസ്തല പ്രവൃത്തിയിൽ നിന്നുള്ളത് പൂർത്തീകരിച്ചവർക്ക് സ്റ്റാർ ലഭിക്കുന്നു.

കഴിഞ്ഞ ആഴ്ചത്തെ മന:പാഠ വാക്യം പറയുന്നവർക്ക് സ്റ്റാർ ലഭിക്കുന്നു.

## നാടകം – പാഠം 2

ഹവീൽദാർ ചിരിക്കുടുക്കയും പട്ടാളം കർമ്മാനും തമ്മിൽ വാക്ക് തർക്കത്തിൽ ഏർപ്പെടുന്നു. സർജൻ ധർമ്മൻ രണ്ടു പേരെയും ഒരു 'കോഴ്സ്' ചെയ്യുവാൻ ഏൽപ്പിക്കുന്നു. എന്നാൽ ഈ കോഴ്സിൽ ഉടനീളം രണ്ടു പേരും തമ്മിൽ പരിഹസിക്കുകയും വഴക്കിടുകയും ചെയ്യുന്നു. കോഴ്സ് തീർന്നതിനു ശേഷം അവർ ഇത് തുടർന്നുകൊണ്ടിരിക്കുന്നു. സർജന്റെ ഇടപെട്ട് വഴക്ക് അവസാനിപ്പിക്കുന്നു. എന്നിട്ട് അവരോടു പറയുന്നു, നിങ്ങൾ പോരടിക്കേണ്ടത് തമ്മിലല്ല പകരം ശത്രുവിനോടാണ്!

## മന:പാഠ വാക്യം പാഠം 2

" നാം പോരാടുന്നത് മനുഷ്യരോടല്ല, അധികാരങ്ങളോടും ശക്തികളോടും ഈ അന്ധകാരലോകത്തിന്റെ അധിപതികളോടും ആകാശത്തിലെ ദുഷ്ടാത്മസേനയോടുമത്രേ." എഫെസ്യർ 6:12

## പ്രധാന പാഠം – പാഠം 2

**അപ്പോസ്തല പ്രവൃത്തികൾ 16:16-31**


നാം യുദ്ധം ചെയ്യുന്നത് മനുഷ്യരോടല്ല എന്നാൽ പിശാചിനോടും അവന്റെ അന്ധകാരത്തിന്റെ വാഴ്ചകളോടും ആണ്. നമ്മുടെ ഇടയിൽ ആശയക്കുഴപ്പങ്ങൾ കൊണ്ട് വരികയും മറ്റുള്ളവരെ ഉപയോഗിച്ച് നമ്മെ മാനസികമായി മുറിപ്പെടുത്തുകയും ചെയ്യുവാൻ പിശാച് സദാ ശ്രമിക്കുന്നു. എന്നാൽ നാം എപ്പോഴും ഓർക്കേണ്ടുന്ന ഒരു കാര്യം നമ്മുടെ യുദ്ധം പിശാചിന് എതിരേ മാത്രമാണ്! നമ്മുടെ ലോകം വീണു പോയ ലോകമാണ്. മനുഷ്യരായ നാം പലപ്പോഴും പാപം ചെയ്യുന്നവരുമാണ്. എന്നാൽ നാം തമ്മിൽ കലഹിക്കുമ്പോൾ പോർവിളി കൂട്ടുമ്പോൾ ശത്രുവിന്റെ കെണിയിൽ വീഴുകയാണ്. എന്ന് നാം മറന്നു പോകരുത്. നമ്മുടെ ജീവിതത്തിൽ ഒരുപാട് വീഴ്ചകൾ ഉള്ളപ്പോഴും ദൈവം നമ്മൾ എല്ലാവരേയും സ്നേഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ തെറ്റുകൾ സംഭവിക്കുമ്പോൾ എല്ലാം ദൈവം നമ്മുടെമേൽ ചൊരിയുന്ന കരുണയ്ക്ക് നാം എപ്പോഴും നന്ദിയുള്ളവരാണ് . അത് പോലെ തന്നെ നാമും മറ്റുള്ളവരോട് കരുണ കാണിക്കേണം. ചില സന്ദർഭങ്ങളിൽ ചിലരുടെ ഏതെങ്കിലും വാക്കുകളെയോ പ്രവർത്തികളെയോ സാത്താൻ വളച്ചൊടിച്ച് നമ്മുടെ ഇടയിൽ കലഹം ഉണ്ടാക്കുവാനും തമ്മിൽ ദേഷ്യമുള്ളവരായിത്തീരാൻ ശ്രമിക്കുന്നു. ഇതൊക്കെയാണെങ്കിലും എല്ലാവരേയും ദൈവം സ്നേഹിക്കുന്നു അതുകൊണ്ട് നാമും തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതാകുന്നു.

പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നുമുള്ള നമ്മുടെ ഇന്നത്തെ ബൈബിൾ കഥയിൽ പൌലോസും ശീലാസും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരിക്കുകയാണ്. അവർ അപരാധങ്ങൾ ഒന്നും പ്രവർത്തിച്ചിട്ടില്ല പക്ഷേ, കാവൽക്കാർ അവരോടു ക്രൂരമായി പെരുമാറി എന്നിട്ടും, ദൈവം അവർക്ക് രക്ഷപ്പെടുവാൻ വഴിതുറക്കുമ്പോൾ കാരാഗൃഹപ്രമാണിയെയും മറ്റു കാവൽക്കാരോടും പ്രതികാരം ചെയ്യുവാൻ നിൽക്കാതെ അവരോടു കരുണ കാണിച്ച്, കാരാഗൃഹ പ്രമാണിയേയും കുടുംബത്തേയും കർത്താവിങ്കലേക്ക് നയിക്കുകയാണ് അവർ ചെയ്തത്. തങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന അന്യായത്തിനു കാരാഗൃഹപ്രമാണിക്കും കാവല്ക്കാർക്കും എതിരെ

പൌലോസും ശീലാസും ഒന്നും പറഞ്ഞില്ല. കാരണം ജഡരക്തങ്ങളോടല്ല പിശാചിനെതിരെയാണ് തങ്ങൾക്ക് യുദ്ധമുള്ളത് എന്ന് അവർക്ക് നന്നായി അറിയാമായിരുന്നു. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് യുദ്ധസന്നദ്ധരായിരിക്കുന്ന നാം എപ്പോഴും ഓർക്കേണ്ടുന്ന ഒരു പ്രധാന കാര്യമിതാണ്. നമുക്ക് പോരാട്ടമുള്ളത് മനുഷ്യരോടല്ല മറിച്ച് അന്ധകാര ശക്തികൾക്കെതിരെയാണ്!

## ബൂട്ട് ക്യാമ്പ് – പാഠം 2

**അസൈന്മെന്റ് പാഠം 2**



നിങ്ങൾക്ക് ചുറ്റുമുള്ള ആളുകളുടെ വാക്കുകളെക്കുറിച്ചും പ്രവർത്തികളെക്കുറിച്ചും അതിലൂടെ വരുന്ന ആത്മീക പോരാട്ടങ്ങളെക്കുറിച്ചും അതീവ ശ്രദ്ധയുള്ളവരാകുക. ഒരാൾ മറ്റൊരാളുമായി മോശമായി പെരുമാറുന്നത് നിങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ, അതിനെപ്പറ്റി സാത്താൻ എത്രമാത്രം സന്തോഷവാനാകുന്നു എന്നും ദൈവം എത്ര മാത്രം ദു:ഖിതനാകുന്നുവെന്നും തിരിച്ചറിയുക. അത്തരം സംഭവങ്ങൾ ആ വ്യക്തികളുടെ പേരുകൾ ഉപയോഗിക്കാതെ അദ്ധ്യാപകനോട് പറയുന്നതിന് തയ്യാറാകുക.

**ഗൃഹപാഠം (മുതിർന്ന കുട്ടികൾക്ക്) പാഠം 2**

പ്രവൃത്തികൾ 5-7 വരെ വായിക്കുക

## പവർ പോയിന്റ്/തീരുമാനം പാഠം 2


“എനിക്ക് ചുറ്റുമുള്ള വ്യക്തികളോടല്ല, എന്റെ ശത്രുവായ സാത്താനെതിരെ യുദ്ധം ചെയ്യുവാൻ ഞാൻ തീരുമാനം എടുക്കുന്നു” /

“ഞാൻ യുദ്ധം ചെയ്യുന്നത് എനിക്ക് ചുറ്റുമുള്ള വ്യക്തികളോടല്ല, ശത്രുവായ സാത്താനെതിരെയാണ്.”

## ചോദ്യോത്തരങ്ങൾ പാഠം 2

1. ഈ വാക്കുകൾ അർത്ഥമാക്കുന്നതെന്തിനെയാണ്? “വാഴ്ചകൾ, അധികാരങ്ങൾ, അന്ധകാരത്തിന്റെ ലോകാധിപതി, സ്വർല്ലോകത്തിലെ ദുഷ്ടാത്മസേന.” എഫെ. 6:12 സാത്താനെയും ദുഷ്ടാത്മാക്കളെയും നമുക്ക് കാണുവാൻ സാധിക്കുന്നില്ല എങ്കിലും അവർ ഒരു യാഥാർത്ഥ്യമാണ്. നാം ഒരു ആത്മയുദ്ധത്തിലാണ് എന്ന് തിരിച്ചറിയുന്നവർക്കുള്ളതാണ് ഇത്തരം ഒരു ആശയം. 1 പത്രോസ് 5:8, വെളിപ്പാട് 12:9
2. അന്ധകാരത്തിന്റെ ലോകത്തിനെതിരെ പോരാടുന്നതിന് പകരം മനുഷ്യരോട് പോരാടിയതിനുള്ള ഉദാഹരണങ്ങൾ ചിലത് ഏതൊക്കെയാണ്? ഉദാഹരണം: നിങ്ങൾ ദൈവവചനം വായിക്കുകയോ പ്രസംഗിക്കുകയോ ചെയ്യുമ്പോൾ മറ്റൊരു വ്യക്തി നിങ്ങളെ പരിഹസിക്കുന്നു. നാം താഴ്മയുള്ളവരാകുമ്പോൾ, ആളുകൾ നമ്മെ കഴിവ് കെട്ടവൻ, ആണത്തം ഇല്ലാത്തവൻ എന്നൊക്കെ പറയുന്നത്. കുട്ടികളെ ഇങ്ങനെയുള്ള ഉദാഹരണങ്ങൾ പറയുന്നതിന് അവസരം നൽകുക.
3. നാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തെക്കുറിച്ച് അറിയേണം എന്ന് ദൈവം ആഗ്രഹിക്കുന്നത് എന്തുകൊണ്ട്? അവിടുന്ന് നമ്മോടൊപ്പം സദാ ഉണ്ടെന്നും, നാം ഈ ലോകത്ത് ഏകരായി ശക്തിയോടെ എതിർത്ത് നിൽക്കേണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നില്ല. നാം സാത്താന് എതിരായി നിൽക്കുവാൻ നാം പ്രാപ്തരാകേണ്ടതിന് അവിടുന്ന് നമ്മെ സജ്ജരാക്കുന്നു. അവിടുന്ന് നമ്മോട് “അവിടുത്തെ സർവ്വായുധവർഗ്ഗം” ധരിക്കുവാൻ ആവശ്യപ്പെടുന്നു. കാരണം, നമുക്ക് അവിടുത്തെ സഹായം വേണ്ടെന്നുവെച്ച് നിരസിച്ച് നമ്മുടെ സ്വന്തം കഴിവിനെയോ, ബലത്തെയോ ആശ്രയിച്ച് നശിച്ചു പോകും.
4. പൌലോസിനേയും ശീലാസിനേയും കാരാഗൃഹത്തിൽ അടയ്ക്കുന്നതിന് മുമ്പ് അവർക്ക് നേരിടേണ്ടിവന്ന തിക്തമായ സംഭവം എന്താണ്? അവരെ കോലുകൊണ്ട് പരസ്യമായി അടിപ്പിച്ചു. പ്രവൃത്തികൾ 16:22-23, 37.
5. “രക്ഷ പ്രാപിപ്പാൻ ഞാനെന്ത് ചെയ്യേണം” എന്ന് കാരാഗൃഹപ്രമാണി ചോദിച്ചപ്പോൾ അവർ പറഞ്ഞ മറുപടി എന്താണ്? “കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും” എന്ന് അവർ അവനോട് പറഞ്ഞു. അപ്പൊ. പ്രവൃത്തികൾ 16:31

## ഗെയിം : യുദ്ധം പാഠം 2



**സാരഥികൾ**

6 വീതം കുട്ടികൾ ഉള്ള ഓരോ ഗ്രൂപ്പിനും നൂൽ കൊണ്ടുള്ള ഒരു പന്ത് (നൂലുണ്ട)

**ഗെയിം കളിക്കുന്നു**

1. 4-6 കുട്ടികൾ അടങ്ങുന്ന ഗ്രൂപ്പുകൾ ഉണ്ടാക്കുക. അവരെ വരി വരിയായി നിർത്തുക. ഗ്രൂപ്പുകൾ തമ്മിൽ നല്ല അകലം ഉണ്ടാകേണം.
2. ചിലപ്പോഴൊക്കെ മറ്റുള്ള ആളുകളെ ഉപയോഗിച്ച് നമ്മെ തളച്ചിടുവാൻ സാത്താൻ ശ്രമിക്കുന്നു. എന്നാൽ, എന്തായാലും നാം പോരാടുന്നത് സാത്താനെതിരെയാണ്. ഈ ഗെയിമിൽ, നമ്മെ ബന്ധിക്കുന്നത് നാം

തന്നെയാണ്. ഇതിൽ നിന്ന് സ്വതന്ത്രമാകുവാൻ നാം ഈ നൂലുകളെ നീക്കം ചെയ്യുക. ഇവിടെ മറ്റുള്ള കുട്ടികളുമായി, തമ്മിൽ അടിപിടി കൂടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

3. ഓരോ ഗ്രൂപ്പിലും ആദ്യം നിൽക്കുന്ന കുട്ടിക്ക് ഒരു ചെറിയ നൂലുണ്ട് നൽകുക. ആ കുട്ടി നൂലിന്റെ അഗ്രം പിടിച്ചിട്ട് നൂലുണ്ട ഗ്രൂപ്പിലെ അവസാനത്തെ കുട്ടിക്ക് കിട്ടുന്നത് വരെ പാസ്സ് ചെയ്യുക. നിരയിൽ അവസാനം നിൽക്കുന്ന കുട്ടി തന്റെ പുറകിലൂടെ വീണ്ടും ആ നൂലുണ്ട മുമ്പിലുള്ള കുട്ടികൾക്ക് പാസ് ചെയ്യുക.
4. ഗ്രൂപ്പുകൾ അവരുടെ നൂലുണ്ട ചുറ്റി തീർത്തതിനു ശേഷം, അവർ ചെയ്യേണ്ടത് ശത്രുവിൻറെ കെണിയിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കണം. അങ്ങനെ ആ കുരുക്കിൽ നിന്നും പുറത്ത് വരുന്ന ഗ്രൂപ്പ് ജേതാക്കൾ ആകുന്നു.

**ഇഷ്ടാനുസരണം ചെയ്യാൻ**

തമ്മിൽ അടിപിടി കൂടാതെ നൂൽ കുരുക്കിൽ നിന്ന് പുറത്ത് വന്ന ടീമിനെ പ്രോത്സാഹിപ്പിക്കുന്നതിനു അവർക്ക് കൈയ്യടി നൽകി ആദരിക്കുകയോ അല്ലെങ്കിൽ സമ്മാനങ്ങൾ നൽകുകയോ ചെയ്യുക.

## പദപ്രശ്നോത്തരി പാഠം 2

| | | | | | | | |
|---|---|---|---|---|---|---|---|
| ദ്യോ | പൗ | ക | ശീ | പ്പ | ജ | സ്ഥ | വാ |
| താ | സ്സ | ലോ | ലാ | രു | യി | രാ | തി |
| ഭ്ര | ര | സ്ഥ | സ് | ഷാ | ല്ല | ജ്യം | ല്ല |
| ൻ | ക്ഷ | ജ | ഗ | രം | ദ്യോ | ഗ | ക |
| ര | വാ | യി | ച | ങ്ങ | ല | ക | ൾ |
| വ് | യി | ല്ല | ത | ട | വ്വ | കാ | ർ |
| സ് | ല്ല | ദ്യോ | ഭ്ര | പ്പ | മ | ന്മാ | പി |
| വ്വ | ക | ഗ | വ് | ടി | സ | ന | പാ |
| ഭ്ര | ൾ | സ്ഥ | അ | ദാ | ത്ഥ | ര | ട്ടു |
| രു | ക | ൻ | പ്രാ | ർ | ത്ഥി | ക്ക | ക |
| സ്സ | ര | ന്ധം | പ്രാ | ട്ടു | ക | ഗ | ൻ |









# പാഠം 3

## തലക്കെട്ട് പാഠം 3

നിങ്ങളുടെ നിലത്ത് ഉറച്ച് നിൽക്കുക

## ബൈബിൾ കഥ- പാഠം -3

സ്തേഫാനോസിന്റെ മരണം
പ്രവൃത്തികൾ 6:8-15, 7:51-60






## മെഡലുകൾ - പാഠം – 3

**ഇന്നത്തെ ഹാജറിനുള്ള മെഡൽ/സമ്മാനം**

കഴിഞ്ഞ ആഴ്ച്ചയിലുള്ള "ബൂട്ട് ക്യാമ്പ്" അസൈമെന്റ് പൂർത്തീകരിച്ചവർക്ക് ഈ "റിബ്ബൺ" ലഭിക്കുന്നതാണ്.




അപ്പൊസ്തല പ്രവൃത്തികളിൽ നിന്നും‌ൻ കഴിഞ്ഞ ആഴ്ചത്തേക്കുള്ള വായന ഭാഗത്തിന്റെ അസൈമെന്റ്

പകർത്തികരിച്ച ഓരോ കുട്ടിക്കും ഒരു 'സ്റ്റാർ' ലഭിക്കും.

കഴിഞ്ഞ ആഴ്ചയിൽ നൽകിയ മന:പാഠവാക്യം പറയുന്നവർക്ക് ഒരു സ്റ്റാർ ലഭിക്കുന്നു.

## നാടകം – പാഠം 3

സർജന്റ് അപ്റൈറ്റ്, പട്ടാളക്കാരൻ ഗിഗ്ഗിളിനോടും, പട്ടാളക്കാരൻ ഡ്യൂട്ടിയോടും അറ്റെൻഷൻ ആയി നിൽക്കാൻ നിർദ്ദേശിക്കുന്നു. അതിനു ശേഷം സർജെന്റ് അപ്റൈറ്റ് പടയാളികളുടെ പിന്നിൽ നിന്ന് ഉച്ചത്തിൽ ഒച്ചയുണ്ടാക്കുന്നു. അപ്പോൾ അവരെല്ലാം മുകളിലേക്ക് ചാടി അങ്ങോട്ടും ഇങ്ങോട്ടും ഓടി പോകുന്നു. രണ്ടാം പ്രാവശ്യം അവർ ഭയപ്പെടുമ്പോൾ ഒരാളുടെ മുകളിൽ മറ്റൊരാൾ എന്നിങ്ങനെ വീഴുന്നു. സർജന്റെ മൂന്നാം പ്രാവശ്യം പാത്രങ്ങൾ ഉപയോഗിച്ച് ഉച്ചത്തിൽ ഒച്ചയുണ്ടാക്കുന്നു. എന്നാൽ അവസാനമായി അവർ എല്ലാം സർജന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഉറച്ച് നിൽക്കാൻ തുടങ്ങി.

## മന:പാഠവാക്യം പാഠം -3

> അതുകൊണ്ട് ദൈവത്തിന്റെ എല്ലാ പടക്കോപ്പുകളും ധരിക്കുക! അങ്ങനെ ചെയ്താൽ ദുർദിനത്തിൽ ശത്രുവിന്റെ ആക്രമണത്തെ പ്രതിരോധിക്കുവാനും അവസാനംവരെ പോരാടിയശേഷവും വീഴാതെ കാലുറപ്പിച്ചു നില്ക്കുവാനും നിങ്ങൾക്കു കഴിയും. എഫെസ്യർ 6:13

## പ്രധാന പാഠം – പാഠം 3

**പ്രവൃത്തികൾ 6:8-15, 7-51-60**

ദൈവത്തിന്റെ സർവ്വായുധത്തെക്കുറിച്ചും പ്രവർത്തികളുടെ പുസ്തകത്തെക്കുറിച്ച് പഠിക്കുന്ന ഈ സന്ദർഭത്തിൽ നാം മനസ്സിലാക്കേണ്ടുന്ന പ്രധാന കാര്യം, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം നാം ധരിക്കുന്നത് അങ്ങനെ ജീവിക്കുവാൻ ആരംഭിക്കുമ്പോഴാണ്. സത്യത്തിന്റെ അരക്കച്ച ധരിക്കാൻ അതിനുവേണ്ടി പ്രാർത്ഥിക്കുകയില്ല. നിങ്ങളുടെ നാവ് ഉപയോഗിച്ച് സത്യം സംസാരിക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തിൽ ദൈവീക സത്യങ്ങളെ വിശ്വസിക്കുമ്പോൾ, നിങ്ങൾ സത്യം എന്ന അരക്കച്ച അണിയുകയാണ്. അതുപോലെ, വിശ്വാസം എന്ന പരിച എടുക്കുന്നതിന് നിങ്ങൾ പ്രാർത്ഥിക്കുകയല്ല, പക്ഷേ നാം വിശ്വാസത്തിൽ ജീവിക്കാൻ ആരംഭിക്കുമ്പോൾ, മനുഷ്യർ എന്തുപറയുന്നു എന്നല്ല, ദൈവം എന്ത് പറയുന്നു എന്നതിനെ മാത്രം

വിശ്വസിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ നിങ്ങളുടെ കൈകളിൽ വിശ്വാസം എന്ന പരിച എടുത്ത് ശത്രുവിൽ നിന്നും നിങ്ങളെ സംരക്ഷിക്കേണ്ടതിന് എടുത്ത് പ്രയോഗിക്കുകയാണ്. ഇതേ തത്വം തന്നെയാണ് നിങ്ങളുടെ നിലത്ത് ഉറച്ച നിൽക്കുന്നതിനായി ചില പ്രത്യേക തരം വാക്കുകൾ ഉപയോഗിച്ച് പ്രാർത്ഥിക്കുകയല്ല, അതിനുപകരം ന്നിങ്ങൾ ദൈവത്തിൽ എത്ര മാത്രം ആഴത്തിൽ വിശ്വസിക്കുന്നുവോ, എന്ത് വന്നാലും പുറകോട്ടില്ല എന്ന് തീരുമാനിക്കുന്നുവോ അത്രമാത്രം നിങ്ങൾ നിങ്ങളുടെ നിലത്ത് ഉറച്ച് നിൽക്കുകയാണ്. അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നും ഇന്ന് നമുക്കുള്ള ബൈബിൾ കഥയിലെ സ്തേഫാനോസ് ഇതിനുഒരു നല്ല ഉദാഹരണമാണ്. അവൻ നീതിമാനും പരിജ്ഞാനവുമുള്ള ഒരു വ്യക്തി ആയിരുന്നു. അവൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം സദാ ധരിച്ചിരുന്നു. മതത്തിന്റെ എതിർപ്പുകൾ അവൻ നേരിടുമ്പോൾ, അവൻ എന്തിനെ വിശ്വസിക്കുന്നുവോ അതിൽ ഉറച്ച് നിന്നു. മരണത്തെ പോലും അവൻ വകവെച്ചില്ല.

മതനേതാക്കന്മാർ സ്തേഫാനോസിനെതിരെ വളരെ രോഷാകുലരായിരുന്നു. യേശുക്രിസ്തുവിനെക്കുറിച്ച് അവൻ പ്രസംഗിക്കുന്നതിനെ അവർ വിലക്കിയിരുന്നു, ആളുകളെ അവനെതിരെ സംഘടിപ്പിക്കുകയും ഒടുവിൽ അവനെ കല്ലെറിഞ്ഞു കൊല്ലുകയും ചെയ്തു. ഈ കഥയിലുടനീളം താൻ വിശ്വസിച്ചതിൽ സ്തേഫാനോസ് ഉറച്ച് നിൽക്കുന്നതായി നമുക്ക് കാണുവാൻ സാധിക്കുന്നു. അവൻ ആളുകളുടെ അഭിപ്രായത്തിന് അനുസരിച്ച് തന്റെ നിലപാടുകളിൽ മാറ്റം വരുത്തുവാൻ അവൻ തയ്യാറായില്ല. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുമ്പോൾ അതിനുവേണ്ടി ഉപദ്രവിക്കപ്പെടേണ്ട സാഹചര്യത്തിന്റെ മുമ്പിൽ പതറിപ്പോകാതെ, അതിനുവേണ്ടി തയ്യാറാകുമ്പോൾ നിങ്ങൾ ദൈവത്തിന്റെ സർവ്വായുധം ധരിച്ച് ഉറച്ച് നിൽക്കുകയാണ് ചെയ്യുന്നത്

## ബൂട്ട് ക്യാമ്പ് – പാഠം 3

**അസൈന്മെന്റ് – പാഠം 3**



സ്കൂളിൽ ബൈബിൾ കൊണ്ട് പോകുക. ബാഗിനുള്ളിൽ ഒളിപ്പിക്കാതെ ഇരിക്കുക. നിങ്ങളുടെ വിശ്വാസത്തിനു വേണ്ടി ഉറച്ച് നിൽക്കുക. ഒരു ക്രിസ്ത്യാനി എന്നതിൽ ലജ്ജിക്കാതെ ഇരിക്കുക.

**ഗൃഹപാഠം (മുതിർന്ന കുട്ടികൾക്ക്) പാഠം 3**

അപ്പൊസ്തല പ്രവൃത്തികൾ 8-10 വരെ വായിക്കുക


## പവർ പോയിന്റ്/തീരുമാനം - പാഠം 3

"ഞാൻ ഉറച്ച് നിൽക്കുവാൻ തീരുമാനിക്കുന്നു"

## ചോദ്യോത്തരങ്ങൾ - പാഠം 3

1. മനുഷ്യ ജീവിതത്തിലെ ഉയർച്ച താഴ്ചകൾ എന്തെല്ലാമാണ്? ഉദാഹരണങ്ങൾ: ഒരു കുട്ടിക്ക് ഒരു സെമസ്റ്ററിൽ നല്ല ഉയർന്ന ഗ്രേഡ് ലഭിക്കുന്നു, മറ്റൊരു കുട്ടിക്ക് ഒരു അത്രയും ലഭിക്കാതെ പോകുന്നു. ഒരു വ്യക്തി ഒരു ദിവസം സന്തോഷവാനായി ഇരിക്കുന്നു മറ്റൊരു ദിവസം ദു:ഖിതനായി ഇരിക്കുന്നു. ഒരു വ്യക്തി പറയുന്നു, ഞാൻ വളരെ ശക്തനാണ്, ഞാൻ പാപം ചെയ്യുകയില്ല, എന്നാൽ പിന്നീട് അയാൾ ലൈംഗിക പാപത്തിൽ അകപ്പെടുന്നു.
2. നാം സാത്താനോട് എതിർത്ത് നിൽക്കേണ്ടുന്നത് എപ്പോഴാണ്? ഒരു കള്ളം പറയുവാൻ നാം പരീക്ഷിക്കപ്പെടുമ്പോൾ പ്രായപൂർത്തി ആകാത്ത വ്യക്തികൾ പ്രവേശിക്കുവാൻ പാടില്ലാത്ത സ്ഥലങ്ങളിൽ കയറാൻ ആരെങ്കിലും നിർബന്ധിക്കുമ്പോൾ, അല്ലെങ്കിൽ നമുക്ക് ഏറ്റവും പ്രിയപ്പെട്ട പേന കാണുമ്പോൾ അത് മോഷ്ടിച്ച് കൈക്കലാക്കാൻ തോന്നുമ്പോൾ, നാം എപ്പോഴും ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നത് കൊണ്ട് നാം എപ്പോഴും ഉറച്ച് നിൽക്കുന്നവരായി ഇരിക്കേണം.
3. നാം ഉറച്ച നിൽക്കേണ്ടതിനു നാം ചെയ്യേണ്ടുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്താണ്?
   നാം സദാ സമയവും ആയുധ ധാരികളായി ഇരിക്കുന്നു എന്ന ബോധ്യത്തിൽ അനുനിമിഷം നാം ജീവിക്കുവാൻ പഠിക്കുക.
4. തനിക്ക് എതിരെ വ്യാജം ആരോപിക്കപ്പെട്ടപ്പോൾ മുഖം ഒരു ദൂതന്റെ മുഖം പോലെ ആയിത്തീർന്നു എന്നിങ്ങനെ അറിയപ്പെടുന്ന വ്യക്തി ആരാണ്?
   സ്തെഫാനോസ്
5. അവൻ മരിക്കുന്നതിനു മുമ്പ് പറഞ്ഞ വാക്കുകൾ എന്തായിരുന്നു?
   "കർത്താവേ അവർക്ക് ഈ പാപം നിറുത്തരുതേ" അപ്പൊ. 7:56, 7:59-60

## ഗെയിം : യുദ്ധം – പാഠം – 3



**സാമഗ്രികൾ**

ബോൾ (ഒരു പന്ത്). മാസ്കിംഗ് ടേപ്പ്

**തയ്യാറെടുപ്പുകൾ**

കളിക്കാരെ ഗ്രൌണ്ടിലോ, തുറന്ന സ്ഥലത്തോ പൊസിഷൻ ചെയ്ത് നിർത്തുക.

**ഗെയിം കളിക്കുന്നു**

1. നിങ്ങളുടെ ക്ലാസ്സിനെ രണ്ടായി തിരിക്കുക, 20-ൽ അധികം കുട്ടികൾ ഒരു പക്ഷേ ഉണ്ടെങ്കിൽ 8 പേരുടെ ടീമുകൾ ഉണ്ടാക്കി ഓരോ ഷിഫ്റ്റുകളായി കളിക്കുക.
2. മുമ്പേ അടയാളപ്പെടുത്തിയ ഗ്രൗണ്ടിലോ, തറയിലോ കളിക്കാരെ നിർത്തുക. കളിക്കാർ തമ്മിൽ ഒരു കൈ അകലം ഉണ്ടാകേണ്ടതാണ്.
3. അദ്ധ്യാപകൻ സാവധാനത്തിൽ പന്ത് എറിഞ്ഞ് കൊടുക്കുക. ഒരു ടീം പന്തിനെ ഗ്രൌണ്ടിന്റെ ഒരു വശത്തുള്ള ഗോൾ പോസ്റ്റിലേക്ക് കൊണ്ടുപോകുന്നു. മറ്റേ ടീം അതേ പന്തിനെ തങ്ങളുടെ ഗോൾ പോസ്റ്റിലേക്ക് കൊണ്ട് പോകാൻ ശ്രമിക്കുന്നു.
4. കളിക്കാർക്ക് അവരുടെ സ്ഥാനങ്ങളിൽ നിന്ന് മാറാവുന്നതല്ല. അവർ അവിടെ തന്നെ നിന്നുകൊണ്ട് തിരിയുവാൻ മാത്രമേ അനുവാദമുള്ളൂ. ഗോൾ അടിക്കുന്നത് വരെ ഒരു സമയത്ത് ഒരു കാൽ മാത്രമേ ചലിപ്പിക്കാൻ പാടുള്ളൂ.


**ഇഷ്ടാനുസരണം ചെയ്യാൻ**

1.തറയിൽ, ടേപ്പ് കൊണ്ട് അടയാളപ്പെടുത്തിയ ഭാഗത്തിനു അകത്ത് കളിക്കാൻ സാധിക്കും.


2. കളിക്കാൻ നിൽക്കുന്നതിനു പകരം കസേരയിൽ ഇരിക്കാവുന്നതാണ്.

## പ്രശ്നോത്തരി പാഠം 3

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | യേ | റ് | ധി | പ്രാ | വ് | ഗ്ഗം | ക | ര്ത്ത | വ് |
| ങ്കി | ശ്രു | ക്ക | ർ | ത്ര | ർ | പ്പ | ത്ര | സ് | ശ്രു |
| പ | പ്പ | ക | സ് | സ്വ | ക | ത്ഥി | ല്ലേ | ആ | അ |
| ള് | ട്ട | നോ | ല്ലേ | ള് | മേ | പ്പ | ച്ച | ത്മാ | പ |
| ക്ക | ഫാ | ണം | ത്ര | റ് | ഗ്ഗം | ല | ശ്രു | വ | വാ |
| സ്തേ | ഫാ | നോ | ന് | പ്രാ | ർ | ച്ച | ങ്കി | ത്ഥി | ദി |
| ശ്രു | ധി | യ | പ്ര | തി | രോ | ധി | ക്ക | | ക |
| ല്ലേ | റി | ആ | ക | പാ | അ | ദി | ർ | ര്ത്താ | ൾ |
| ചെ | ങ്കി | ത്മാ | ല്ലേ | പം | പ | ക | വ് | വ് | ക |
| ക | ര്ത്ത | വ് | ഗ്ഗം | റ | വാ | ള് | പ്പ | ത്ര | ൻ |







# പാഠം – 4

## തലക്കെട്ട് പാഠം 4

സത്യം എന്ന അരക്കച്ച

## ബൈബിൾ കഥ പാഠം 4

അനന്യാസ് സഫീര
അപ്പൊസ്തല പ്രവൃത്തി 5:1-4

## മെഡലുകൾ പാഠം 4



ഇന്നത്തെ ഹാജറിനുള്ള മെഡൽ

കഴിഞ്ഞ ആഴ്ചത്തേക്കുള്ള "ബൂട്ട് ക്യാമ്പ്" അസൈന്മെന്റ് പകർത്തീകരിച്ച ഓരോ കുട്ടിക്കും ഈ "റിബൺ" ലഭിക്കും.






കഴിഞ്ഞ ആഴ്ചത്തെ പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നുള്ള വായനാ ഭാഗത്തിന്റെ അസൈന്മെന്റ്

പകർത്തീകരിച്ച ഓരോ കുട്ടിക്കും ഒരു "സ്റ്റാർ" ലഭിക്കും.

കഴിഞ്ഞ ആഴ്ചത്തെ മന:പാഠവാക്യം പറയുവാൻ സാധിക്കുന്നവർക്ക് ഒരു "സ്റ്റാർ" ലഭിക്കും.

## നാടകം – പാഠം 4

സൈനികയായ ഗിഗിൾ വമ്പുപറയുവാനായി സത്യമല്ലാത്ത ചിലകാര്യങ്ങൾ പട്ടാള ക്യാമ്പിൽ വച്ച് സൈനികയായ ഡ്യൂട്ടിയോട് പറയുകയും, പിന്നീട് അവൾ തന്റെ ബെൽറ്റ് ഉപേക്ഷിക്കുകയും ചെയ്യുന്നു. ഒരു പരീശീലന ക്യാമ്പിനിടയിൽ സൈനികയായ ഡ്യൂട്ടിയോട് ഗിഗിൾ പരിശീലന സാമഗ്രികൾ കടം ചോദിച്ചു കൊണ്ടിരിക്കുന്നു. ഉന്നത ഉദ്യോഗസ്ഥയായ അപ്റൈറ്റ് ബെൽറ്റിനെ കുറിച്ച് ഗിഗിളിനോട് ചോദിക്കുകയും അവൾ കളവു പറയുകയും ചെയ്യുന്നു. ഒടുവിൽ ബെൽറ്റ് താൻ ഉപേക്ഷിച്ചു എന്ന് ഉന്നത ഉദ്യോഗസ്ഥയോട് സമ്മതിക്കുകയും കളവ് പറഞ്ഞതിന് ഡ്യൂട്ടിയോട് ക്ഷമ ചോദിക്കുകയും തന്റെ ബെൽറ്റ് എടുക്കാനായി തിരികെ പോവുകയും ചെയ്യുന്നു.

## മന:പാഠവാക്യം - പാഠം 1

"അതിനാൽ സത്യംകൊണ്ട് അരമുറുക്കിയും നീതി എന്ന കവചം ധരിച്ചും തയ്യാറായി നില്ക്കുക." എഫെസ്യർ 6:14

## പ്രധാന പാഠം – പാഠം 4

**പ്രവൃത്തികൾ 5:1-10**

എഫെസ്യ ലേഖനം അദ്ധ്യായം 6-ൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തിലെ ഒന്നാമത്തെ ഭാഗം അരകച്ചയാണ്. ഇത് പടയാളിയുടെ അരയ്ക്ക് ചുറ്റും ചേർത്ത് കെട്ടുന്നു. എല്ലാ ആയുധങ്ങളെയും ചേർത്ത് പിടിക്കുവാൻ സഹായിക്കുന്നു. അരക്കച്ച ആയുധങ്ങൾ തൂക്കിയിടുവാൻ പടയാളിയെ സഹായിക്കുന്നു, വാൾ തൂക്കിയിടുന്നത് അരക്കച്ചയിലാണ്. സത്യത്തിൽ, അരക്കച്ചയില്ലെങ്കിൽ, വസ്ത്രം പോലും ശരീരത്തിൽ നിന്ന് അഴിഞ്ഞു താഴെ വീഴുവാൻ കാരണമായിത്തീരുന്നു. അത് കാരണം മറ്റുള്ളവരുടെ മുൻപിൽ ലജ്ജിച്ച് നിൽക്കേണ്ട സാഹചര്യം ഉണ്ടായേക്കാം! സത്യം എന്ന അരക്കച്ചയുടെ ഒരു വശം നമ്മുടെ വായിലൂടെ പുറത്ത് വരുന്നതാണ്. നാം മറ്റുള്ളവരോട് സത്യം മാത്രം സംസാരിക്കുന്ന ക്രിസ്ത്യാനികൾ ആകേണം. മാതാപിതാക്കളോടോ, ദൈവത്തോടോ നാം കള്ളം പറയരുത്. എന്നാൽ സത്യം എന്ന അരക്കച്ചയുടെ അടുത്ത വശം എന്നത് നാം ദൈവത്തേയും അവിടുത്തെ വചനത്തെയും വിശ്വസിക്കുവാൻ നാം എടുക്കുന്ന

നിലപാട് ആണ്. നമ്മുടെ ശത്രുവായ സാത്താൻ, ഭോഷ്ക്ക് പറഞ്ഞ് നമ്മെ വിശ്വസിപ്പിക്കാനും അതിലൂടെ നമ്മെ അവന്റെ വലയിൽ ആക്കുവാൻ നിരന്തരം ശ്രമിച്ച് കൊണ്ടേയിരിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

ഇന്നത്തെ ബൈബിൾ കഥയിൽ, അനന്യാസും സഫീരയും ഒരു ഭോഷ്ക്കിനെ വിശ്വസിച്ചു അതായത്, ശിഷ്യന്മാരോട് സത്യസന്ധത പുലർത്തുന്നതിലൊന്നും അത്ര കാര്യമില്ല എന്ന് അവർ കരുതി. അവരുടെ വസ്തു/നിലം അവർ വിറ്റു. അതിൽ ശരിക്കും ലഭിച്ച വില ശിഷ്യന്മാരോട് പറയാതെ അതിൽ കുറഞ്ഞ ഒരു തുക അവരോടു പറഞ്ഞു. ദൈവം

ഇതൊന്നും കാണുന്നില്ലെന്നും വസ്തു വില്പനയുടെ വിവരങ്ങൾ ദൈവം എങ്ങനെ അറിയാനാണെന്നുമുള്ള ശത്രുവിന്റെ നുണയെ അവർ വിശ്വസിച്ച് അങ്ങനെ പ്രവർത്തിച്ചു. എന്നാൽ ദൈവം എല്ലാം കാണുന്നുണ്ടായിരുന്നു. ശിഷ്യന്മാർ ദൈവത്തിന്റെ പ്രതിനിധികൾ ആയിരുന്നു. അവർ ശിഷ്യന്മാരോട് നുണ പറഞ്ഞപ്പോൾ സത്യത്തിൽ ദൈവത്തോടായിരുന്നു നുണ പറഞ്ഞത്. പിശാച് അവരുടെ കാതിൽ മന്ത്രിച്ച നുണ അവർ വിശ്വസിച്ചതുകൊണ്ട്, നില വില്പനയുടെ വിശദാംശങ്ങൾ അവർ മന:പൂർവ്വം മറച്ച് വെച്ചു. നിങ്ങൾ ഒരു ഭോഷ്ക്കിനെ വിശ്വസിക്കുമ്പോൾ അത് നിങ്ങളുടെ സർവ്വായുധവർഗ്ഗത്തെ താഴെ വീഴുവാൻ കാരണമാക്കുന്നു. അതുകൊണ്ട് നാം എപ്പോഴും നമ്മുടെ വായ്കൊണ്ടു സത്യം സംസാരിക്കുകയും, എപ്പോഴും ദൈവത്തേയും അവിടുത്തെ വചനത്തെയും വിശ്വസിച്ച് കൊണ്ട് സദാ സമയം സത്യം എന്ന അരക്കച്ച ധരിച്ചവരായി ഇരിക്കേണ്ടത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്.

## ബൂട്ട് ക്യാമ്പ് – പാഠം 4

**അസൈന്മെന്റ് – പാഠം 4**
നിങ്ങളോട് പറഞ്ഞ ഒരു നുണയെ പറ്റി ചിന്തിക്കുക, എന്നിട്ട് അത് എഴുതുക. അത് ഈ അടുത്ത കാലത്തൊന്നും സംഭവിച്ചതാകണമെന്നില്ല, കുട്ടിക്കാലത്ത് സംഭവിച്ചതായിക്കൊള്ളട്ടെ. ഇപ്പോൾ ആ ആദ്യ നുണയെ മറയ്ക്കാൻ തുടർന്നു പറഞ്ഞ നുണകളെ എഴുതുക. ഇനി എഴുതേണ്ടത് ആ നുണ മൂലം മുറിവേറ്റത് ആർക്കൊക്കെയാണ്.

**ഗൃഹപാഠം (മുതിർന്ന കുട്ടികൾക്കുള്ളത്) പാഠം 4**
പ്രവൃത്തി 11-13 വരെ വായിക്കുക

## പവർ പോയിന്റ്/തീരുമാനങ്ങൾ - പാഠം 4

"ഞാൻ സത്യസന്ധനായി ജീവിക്കുന്നതിനു തീരുമാനമെടുക്കുന്നു".

## ചോദ്യോത്തരങ്ങൾ - പാഠം 4

1. നിങ്ങൾ സത്യസന്ധൻ അല്ലെങ്കിൽ, നിങ്ങളുടെ സത്യം എന്ന അരക്കച്ചയ്ക്ക് എന്ത് സംഭവിക്കുന്നു? ഇത് നിങ്ങളുടെ മറ്റ് ആയുധങ്ങളെ ബാധിക്കുമോ?
   നാം ഭോഷ്ക്ക് പറയുമ്പോൾ, സത്യസന്ധരല്ലാത്തവരായി തീരുമ്പോൾ സത്യം എന്ന അരകച്ച അഴിഞ്ഞു പോകുന്നു. ഇങ്ങനെ ജീവിതം തുടരുമ്പോൾ അത് നമ്മുടെ മുഴു ജീവിതത്തെ ബാധിക്കുന്നു. അരക്കച്ച നിങ്ങളുടെ ശരീരവുമായി ചേർത്ത് നിർത്തുന്നു. അത് മറ്റു ആയുധങ്ങളെ നിങ്ങളുടെ ശരീരവുമായി ചേർത്ത് നിർത്തുന്നു. നാം സത്യസന്ധരല്ലാതെ തീരുമ്പോൾ ആളുകൾക്ക് നമ്മുടെ മേലുള്ള വിശ്വാസം നഷ്ടപ്പെടുന്നു.
2. അവിടെ നാം 'ഭോഷ്ക്ക്' പറയുന്നില്ല, പക്ഷേ, അവിടെ നാം "സത്യസന്ധമായി" പെരുമാറുന്നില്ല – അങ്ങനെയുള്ള സന്ദർഭങ്ങൾ ഏതൊക്കെയാണ്?
   കുട്ടികൾ അത്തരം സന്ദർഭങ്ങൾ ചേർത്ത് പറയട്ടെ. ഉദാഹരണം: നിങ്ങൾ സ്കൂളിൽ പോയി, അവിടെ ഒന്നും പഠിച്ചില്ല, അസൈന്മെന്റ് ഒന്നും ചെയ്തിട്ടുമില്ല. നിങ്ങൾ നിങ്ങളുടെ സുഹൃത്തിന്റെ വീട്ടിൽ ആയിരുന്നു എന്ന് പറയുകയും എന്നാൽ അവിടെ എന്ത് ചെയ്യുകയായിരുന്നു എന്ന് മാതാപിതാക്കളോട് പറയാതിരിക്കുകയും ചെയ്യുക. അല്ലെങ്കിൽ പരീക്ഷയ്ക്ക് നല്ല മാർക്കോടെ ജയിച്ചു പക്ഷേ അത് സുഹൃത്തിന്റെ പേപ്പർ കോപ്പിയടിച്ചാണ് അത്രയും മാർക്ക് മേടിച്ചത് എന്ന് പറയാതിരിക്കുക.
3. ഭോഷ്ക്ക് പറഞ്ഞാലുണ്ടാകുന്ന ഭവിഷത്ത് എന്താണ്?
   നമ്മുടെ വിശ്വസ്തത നഷ്ടപ്പെടുന്നു. ഉദാഹരണം: നിങ്ങൾ നിങ്ങളുടെ അമ്മയോട് ഒരു നുണ പറഞ്ഞു, എന്നാൽ അത് പിടിച്ച് കഴിയുമ്പോൾ കുറേ നാളത്തേക്ക് നിങ്ങൾ എന്ത് പറഞ്ഞാലും അമ്മയ്ക്ക് നിങ്ങളെ വിശ്വസിക്കുവാൻ പ്രയാസമായിരിക്കും. മറ്റൊരു കാര്യം, നിങ്ങൾ ഒരിക്കൽ പറഞ്ഞ നുണയെ, എന്നും ഒരു 'യഥാർത്ഥ കഥ' യാക്കി നിലനിർത്താൻ നിങ്ങൾക്ക് ഒരുപാട് പാടുപെടേണ്ടി വരും. കാരണം ആ നുണ അതേപോലെ നിങ്ങൾക്ക് ഓർക്കാൻ സാധിക്കുന്നെങ്കിൽ മാത്രമേ അതിനു കഴിയുകയുള്ളൂ. ഒരിക്കൽ എങ്കിലും കാര്യങ്ങൾ "സ്ലിപ്പ്" ആയാൽ അതോടെ എല്ലാം തീരും!
4. 3 മണിക്കൂർ ഇടവേളയിൽ പത്രോസിനോട് സംസാരിച്ച അനന്യാസിനും സഫീരയ്ക്കും വസ്തു വിറ്റ കാര്യത്തെക്കുറിച്ച് ഒരുപോലെ നുണ പറയാൻ സാധിച്ചതെങ്ങനെയാണ്?
   ഈ കഥ മുൻകൂട്ടി തീരുമാനിച്ചതായിരുന്നു പ്രവൃത്തികൾ 5:2,9

5. അനന്യാസും സഫീറയും ആരോടാണ് ഭോഷ്ക്ക് പറഞ്ഞത്? ഇന്ന് ജനങ്ങൾ ഭോഷ്ക്ക് പറയുമ്പോൾ അവർ ആരോടാണ് ശരിക്കും ഭോഷ്ക്ക് സംസാരിക്കുന്നത്?
അനന്യാസും സഫീറയും വിചാരിച്ചത് അവർ പത്രോസിനോടാണ് നുണ പറയുന്നത് എന്നായിരുന്നു. എന്നാൽ പത്രോസ് പറഞ്ഞത്, അവർ നുണ പറഞ്ഞത് ദൈവത്തോടാണ് എന്നായിരുന്നു. പ്രവൃത്തികൾ 5:4

## ഗെയിം – യുദ്ധം – പാഠം 4

**സാമഗ്രികൾ**
വിസിൽ
**ഗെയിം കളിക്കുന്ന**



കുട്ടികൾ മുൻ വശത്തേക്ക് തിരിഞ്ഞ് വരിവരിയായി നിൽക്കുക. (അദ്ധ്യാപകർക്കും കുട്ടികൾക്കുമിടയിൽ കുറഞ്ഞത് 12 മീറ്റർ അകലം ഉണ്ടായിരിക്കണം). അദ്ധ്യാപകർ മറുവശത്തേക്ക് തിരിഞ്ഞ് നിന്ന് "ഓടുക" എന്ന് ഉച്ചത്തിൽ പറയുന്നു. കുട്ടികൾ ഓടി അദ്ധ്യാപകന്റെ അടുക്കലേക്ക് എത്തുന്നു. ടീച്ചർ "സ്റ്റാച്യൂ" എന്ന് പറയുമ്പോൾ കുട്ടികൾ സ്റ്റാച്യൂ പോലെ നിൽക്കേണം. അദ്ധ്യാപകൻ "ചുറ്റിത്തിരിയുക" എന്ന് പറയുമ്പോൾ കുട്ടികൾ ചുറ്റിത്തിരിയുന്നു... അതിനുശേഷം "ഓടുക" എന്ന് പറയുമ്പോൾ വിപരീത ദിശയിലേക്ക് ഓടേണം. അങ്ങനെ തുടരെ തുടരെ "ഓടുക, തിരിയുക, ചാടുക...." ഇങ്ങനെ മാറി പറഞ്ഞു കൊണ്ടിരിക്കുക. അങ്ങനെ ആദ്യം അദ്ധ്യാപകന്റെ അടുക്കൽ എത്തുന്ന കുട്ടി ആയിരിക്കും അടുത്തതായി വിളിച്ച് പറയേണ്ടത്(അനൌൺസർ), പിന്നെയും ഗെയിം തുടരാവുന്നതാണ്.
**ഓപ്ഷൻസ്**

1. ഓരോ നിർദ്ദേശം നൽകുന്നതിനു മുമ്പായി വിസിൽ ഊതുക. അങ്ങനെ ചെയ്യുമ്പോൾ കുട്ടികൾ അടുത്ത നിർദ്ദേശം ശ്രദ്ധിക്കേണ്ടതിനായി ശാന്തരാകുകയും, നിങ്ങൾക്ക് വലിയ ഒച്ചയെടുക്കാതെ നിർദ്ദേശങ്ങൾ നൽകുന്നതിനു സാധിക്കും.
2. അധികം സ്ഥല സൗകര്യമില്ലെങ്കിൽ കുട്ടികൾ ഓടുന്നതിന് പകരം നടന്നാൽ മതിയാകും.

## വിദ്യാർത്ഥികളുടെ പേജിലെ ഉത്തരം പാഠം 4

നിങ്ങളുടെ ജീവിതത്തിൽ ദൈവത്തെ സംബന്ധിക്കുന്ന 5 സത്യങ്ങൾ എഴുതുക.


ആശയങ്ങൾ:
ദൈവം എനിക്കായി കരുതുന്നു.
ദൈവം എനിക്ക് ശക്തി നൽകുന്നു
ദൈവം എന്റെ സഹായകൻ ആകുന്നു.
ദൈവം അവിടുത്തെ വാഗ്ദത്തങ്ങൾ നിറവേറ്റുന്നു.
എന്റെ ജീവിതത്തിന്റെ എല്ലാ അവസ്ഥയിലും എന്റെ ദൈവം എന്റെ കൂടെയുണ്ട്.

---

നിങ്ങളുടെ ജീവിതത്തിൽ സത്യം എന്ന അരക്കച്ച ധരിക്കേണ്ടുന്ന 5 സന്ദർഭങ്ങൾ ഉദാഹരണമായി എഴുതുക.
ആശയങ്ങൾ:
ഒരു സുഹൃത്ത് എന്തെങ്കിലും തെറ്റ് ചെയ്യുമ്പോൾ, അത് എനിക്കറിയാവുന്നത് ആണെങ്കിൽ
അദ്ധ്യാപകരോട് സത്യം മാത്രം പറയുക
ഞാൻ പരീക്ഷയിൽ കോപ്പിയടിച്ചോ എന്ന് ചോദിക്കുമ്പോൾ
വളച്ച് കെട്ടി, അതിശയോക്തി കലർത്തി കഥകൾ മെനയാതിരിക്കുക.
ഞാൻ തെറ്റുകൾ ചെയ്യുമ്പോൾ എന്റെ കുറ്റം ഞാൻ സമ്മതിക്കും.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അ | ന | ന്യാ | സ | ദൈ | ര് | ഷ്യ | അ | ദ |
| മ | ട | ണ | ര്യ | ചെ | വം | ണ | ട | ഭ്രാ |
| ഫീ | ന | ക്കം | പ്പോ | ഹ | ദ | യം | ക്കം | ര്യ |
| ത്ര | ര | ഷ്യ | ചെ | പ | യ്യു | ര്യ | ചെ | ത്ര |
| ര്യ | സ | ഫീ | ര് | ണം | മ | ർ | യ്യു | ക്തി |
| ഭ്രു | മ | ന | ഫീ | യ്യു | ന്മാ | സ | ശ | ര് |
| അ | സ്വ | വ് | ര | ല | ഭാ | പ്പോ | ഫീ | ഷ്യ |
| ട | ത്മാ | ത്ത് | സ്ല | പ | ദൈ | ആ | ല | ര |
| ക്കം | വ് | പ്പോ | ഫീ | ത്രോ | വ | ണ | ത്മാ | ത്ര |
| വ് | അ | ന | ന്യാ | സ് | മ | ഭാ | ര് | വ് |
| ചെ | ഹ | ഭ | യ | ഷ്യ | ന | ര്യ | പ്പോ | യ്യു |






# പാഠം -5

## തലകെട്ട് – പാഠം-5

നീതി എന്ന കവചം


## ബൈബിൾ കഥ പാഠം 5

കൊർന്നല്യോസ്
പ്രവൃത്തികൾ 10:9-23

## മെഡലുകൾ പാഠം 5

ഇന്നത്തെ ഹാജറിനുള്ള മെഡൽ :

കഴിഞ്ഞ ആഴ്ചത്തെ "ബ്യൂട്ട് ക്യാമ്പ്" അസൈന്മെന്റ് പൂർത്തീകരിച്ച ഓരോ കുട്ടിക്കും ഈ "റിബ്ബൺ" ലഭിക്കുന്നു.




കഴിഞ്ഞ ആഴ്ചത്തെ വായനാ ഭാഗത്തിന്റെ അസൈന്മെന്റ് പൂർത്തീകരിച്ച ഓരോ കുട്ടിക്കും ഒരു "സ്റ്റാർ" ലഭിക്കും

കഴിഞ്ഞ ആഴ്ചത്തെ മന:പാഠവാക്യം പറയുവാൻ സാധിക്കുന്നവർക്ക് ഒരു "സ്റ്റാർ" ലഭിക്കുന്നു.

## നാടകം പാഠം 5

പട്ടാളക്കാരൻ ഗിഗ്ഗിളിനും, പട്ടാളക്കാരൻ ഡ്യൂട്ടിക്കും അടുത്തിടയ്ക്കാണ് ബുള്ളറ്റ്-പ്രൂഫ് ജാക്കറ്റ് ലഭിച്ചത്. പട്ടാളക്കാരൻ ഗിഗ്ഗിൾ പട്ടാളക്കാരൻ അപ്പൈറ്റുമായി ഒരു ഗെയിം തുടങ്ങി. അതിൽ അവർ തമ്മിൽ ആ ജാക്കറ്റിൽ ഇടിക്കുക എന്നതാണ്, ജാക്കറ്റ് ഉള്ളതുകൊണ്ട് തീർച്ചയായും വേദനിക്കുകയില്ല. ട്രെയിനിങ്ങിന്റെ സമയത്ത് സർജന്റെ അപ്റ്റൈറ്റ് അവർക്ക് ചതുരാകൃതിയിലുള്ള ചരൽക്കല്ലുകൾ കൊടുത്തു അവരെ രണ്ടു ടീമുകളായി തിരിച്ചു. ചിരിക്കുടുക്ക തന്റെ ജാക്കറ്റ് മറന്നു പോയി. ട്രെയിനിംഗ് ആരംഭിച്ച് കഴിഞ്ഞപ്പോൾ, ചരൽക്കല്ലുകൾ കൊണ്ട് നന്നായി ഏറു കിട്ടിക്കൊണ്ടേയിരുന്നു.

## മന:പാഠവാക്യം – പാഠം 5

"അതിനാൽ സത്യംകൊണ്ട് അരമുറുക്കിയും നീതി എന്ന കവചം ധരിച്ചും തയ്യാറായി നില്ക്കുക". എഫെസ്യർ 6:14

## പ്രധാന പാഠം പാഠം 5


**പ്രവൃത്തികൾ 10:9-23**

എഫെസ്യ ലേഖനത്തിലെ അദ്ധ്യായം 6-ൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തിലെ മറ്റൊരു ആയുധമാണ് നീതി എന്ന കവചം. നീതി എന്നത് ദൈവീക സ്വഭാവം വെളിപ്പെടുത്തുക, ശരി എന്താണോ, നല്ലത് ഏതാണോ. അത് വിശ്വസ്തമായി ചെയ്യുക എന്നൊക്കെ അർത്ഥങ്ങൾ ഉള്ളതാണ്. ഇതൊക്കെയും നിരന്തരം ദൈവത്തിന്റെ മുമ്പാകെ ചെയ്ത് കൊണ്ടിരിക്കുമ്പോൾ നാം നീതി എന്ന കവചം അതിൻറെ സ്ഥാനത്ത് ധരിക്കുകയാണ്. ദൈവം അവിടുത്തെ തിരുവെഴുത്തുകളിൽ നാം ജ്ഞാനമുള്ളവരും, നന്മ പ്രവർത്തിക്കുന്നവരായി ഇരിക്കുവാൻ ആവശ്യപ്പെടുന്നു. ഇങ്ങനെ നാം

ചെയ്യുമ്പോൾ, നമ്മുടെ കവചം നാം ധരിച്ചിരിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ നമുക്ക് സാധിക്കുന്നു. അങ്ങനെയാണെങ്കിൽ യുദ്ധത്തിൽ നമ്മുടെ ഹൃദയം പൂർണ്ണമായി സംരക്ഷിക്കപ്പെടുന്നു. കവചത്തിന്റെ ഒരു പ്രധാനപ്പെട്ട സവിശേഷത, എന്നത് നമ്മുടെ ശരീരത്തിലെ വളരെ പ്രധാനപ്പെട്ട അവയവമായ ഹൃദയത്തെ സംരക്ഷിക്കുന്നു. ഈ സംരക്ഷണം ലഭ്യമാക്കുന്നത് മുൻ വശത്ത് നിന്ന് മാത്രമാണ്. ഇത് ധരിച്ചിരിക്കുമ്പോഴും നമുക്ക് മുറിവേൽക്കാൻ സാദ്ധ്യതയുണ്ട്. എന്നാൽ, നമുക്ക് എഴുന്നേല്ക്കാൻ സാധിക്കും. വീണ്ടും മുന്നോട്ടു പോകുവാൻ കഴിയും. എന്നിരുന്നാലും, നമുക്ക് യുദ്ധത്തെ അഭിമുഖീകരിച്ചേ മതിയാകൂ. കാരണം കവചം സംരക്ഷിക്കുന്നത് നമ്മുടെ മുൻഭാഗത്തെ മാത്രമാണ്. നാം പിൻതിരിയുകയോ പിൻവാങ്ങുകയോ ചെയ്താൽ കവചത്തിന്റെ സംരക്ഷണം ലഭിക്കുകയില്ല. ദൈവീക സ്വഭാവം ദൈവത്തിന്റെ നീതി എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? നമുക്ക് ആരുണ്ട് എന്ന് നമുക്ക് എങ്ങനെ മനസ്സിലാക്കുവാൻ സാധിക്കും? ബൈബിൾ പറയുന്നു, കൊർന്നല്യോസ് ഒരു ഭക്തനും ദൈവത്തെ ഭയപ്പെടുന്നവനും ആയിരുന്നു. അവൻ വളരെ ദാനധർമ്മങ്ങൾ കൊടുത്തിരുന്നു, പതിവായി പ്രാർത്ഥിച്ചിരുന്നു. യഹൂദന്മാരെല്ലാം അവനെ ബഹുമാനിച്ചിരുന്നു

എന്നും ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു. നിങ്ങൾ നീതി പ്രവർത്തിക്കുന്ന ഒരു വ്യക്തി ആകുമ്പോൾ മറ്റുള്ളവർ അത് തിരിച്ചറിയും, കാരണം കാലം അതിനെ തെളിയിക്കും. കൊർന്നല്യോസിനു ഈ നീതിയുടെ കവചം ഉണ്ടായിരുന്നു. അക്കാലത്ത് ജാതികളായവരുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നതിൽ നിന്നും അവരെ സന്ദർശിക്കുന്നതിൽ നിന്നും നിയമങ്ങൾ യെഹൂദരെ വിലക്കിയിരുന്നു (പ്രവൃത്തികൾ 10:28). ദൈവം പത്രോസിനു ഒരു ദർശനം നൽകുകയും അതിലൂടെ കൊർന്നല്യോസിനോട് സുവിശേഷം അറിയിക്കണം എന്ന് നിർദ്ദേശം നൽകുകയും ചെയ്തു. കാരണം കൊർന്നല്യോസ് ഒരു ഭക്തിയുള്ള മനുഷ്യൻ ആയിരുന്നതുകൊണ്ട്, അവനേയും അവന്റെ കുടുംബത്തേയും രക്ഷിക്കുന്നതിനായി നിയമത്തിനു എതിരായിരുന്നിട്ടും ഒരുവനെ അവന്റെ അടുക്കലേക്ക് അയച്ചു!

## ബ്യൂട്ട് ക്യാമ്പ് പാഠം 5



**അസൈന്മെന്റ് പാഠം 5**

ഒരു വ്യക്തിയുടെ ജീവിതവും പെരുമാറ്റവും കണ്ടിട്ട് ലോകം അയാളെ ആദരിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? എങ്കിൽ അത് ആരൊക്കെയാണ്? (ഇന്നത്തെ ബൈബിൾ കഥയിലെ കൊർന്നോല്യോസിനെ പോലെ). ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ഒരു നല്ല ഗുണം എഴുതുക, എന്നിട്ട് അവരുടെ അടുക്കൽ ചെന്ന് അതിനെക്കുറിച്ച് പറയുക.

**ഗൃഹപാഠം (മുതിർന്ന കുട്ടികൾക്ക്) – പാഠം 5**

അപ്പൊസ്തല പ്രവൃത്തി 14-16

## പവർ പോയിന്റ്/തീരുമാനം - പാഠം 5

"ഞാൻ എപ്പോഴും ശരിയായുള്ള കാര്യങ്ങൾ മാത്രം ചെയ്യും"

## ചോദ്യോത്തരങ്ങൾ - പാഠം 5

1. നിങ്ങൾ നീതി എന്ന കവചം അണിഞ്ഞിരിക്കുമെന്നു തെളിയിക്കുന്ന ജീവിത സാഹചര്യവും, അത് ധരിക്കുന്നില്ല എന്ന് തളിയിക്കുന്ന സംഭവവും ഏതൊക്കെയാണ്?
   അതേ, ധരിച്ചിരുന്നു: ഒരു പ്രായം ചെന്ന വ്യക്തിയെ റോഡ് മുറിച്ച് കടക്കുവാൻ സഹായിച്ചിരുന്നു, അമ്മയെ വീട്ടു ജോലിയിൽ പതിവായി സഹായിച്ചിരുന്നു, ഇളയ സഹോദരനുമായി സാധനങ്ങൾ പങ്ക് വച്ചിരുന്നു.
2. ഇല്ല. ധരിച്ചിരുന്നില്ല: സ്കൂളിൽ കുഞ്ഞുകുട്ടികളെ ശല്യപ്പെടുത്തി, സഹോദരനെ പരിഹസിച്ചു, ഒരു സഹപാഠിയുടെ പഠിപ്പ് വ്യാജമായി നീതിയെ എങ്ങനെ പ്രദർശിപ്പിക്കുവാൻ സാധിക്കും?
   യഥാർത്ഥ പേര് ഉപയോഗിക്കാതെ, സഭയിൽ നല്ലവരായി കാണിക്കുകയും വീട്ടിൽ തമ്മിൽ കലഹിച്ച് വഴക്കുണ്ടാക്കുന്ന കുടുംബത്തെക്കുറിച്ച് പങ്കുവയ്ക്കുക. ആരെയെങ്കിലും സാമ്പത്തികമായി കബളിപ്പിച്ചതിനെ പട്ടി അവർ വീരവാദം മുഴക്കും, അവർ വൃത്തികെട്ട തമാശകൾ പറഞ്ഞും, ദൈവത്തിന്റെ നാമത്തെ വൃഥായെടുക്കുകയും ചെയ്യുന്നവരായിരിക്കും.
3. ഏതൊക്കെ സന്ദർഭങ്ങളിൽ നിങ്ങൾ വെറുതെ മറ്റുള്ളവരുടെ മുമ്പിൽ പരിഹാസ്യനായി തീരുന്നതിനു പകരം വെറുതെ, ഒന്നും ചെയ്യാതെ ഇരിക്കാം എന്ന് തീരുമാനിച്ചിരുന്നത്?
   അത്ര പ്രശസ്തനായ വ്യക്തി അല്ലാതിരുന്നിട്ടും, ശരിക്കും ഒരു പ്രോത്സാഹനം ആവശ്യമായിരുന്ന സമയത്ത് അങ്ങനെ ചെയ്യുന്നതിൽ നിന്നും സ്വയം പിൻവാങ്ങിയത്. മറ്റ് വിദ്യാർത്ഥികൾ ചുറ്റും ഉള്ളത് കൊണ്ട് ഒരാൾക്ക് വേണ്ടി പ്രാർത്ഥിക്കണമായിരുന്ന നേരത്ത് പ്രാർത്ഥിക്കാതെ പിൻവലിഞ്ഞത്.
4. ആരുടെ വീട്ടിലേക്കാണ് പത്രോസ് സന്ദർശനത്തിനു പോയത്? ഈ അസാധാരണമായ സംഭവം എന്തുകൊണ്ട് സംഭവിച്ചു?
   ദൈവമാണ് പത്രോസിനെ കൊർന്നല്യോസിനെ കാണുന്നതിനു അയച്ചത്. അവൻ ഒരു യഹൂദൻ ആയിരുന്നില്ല. സാധാരണയായി യഹൂദർ മറ്റുള്ളവരുമായി ഒരു ബന്ധവും സൂക്ഷിച്ചിരുന്നില്ല.
5. ഏതൊക്കെ നിലയിലാണ് കൊർന്നല്യോസ് ആ പ്രദേശത്തെ വ്യക്തികളിൽ നിന്നും വ്യത്യസ്തനായിത്തീർന്നത്?
   ഒരു ശതാധിപൻ ആയിരുന്നിട്ടും, വിനയവും താഴ്മയും ഉള്ളവനായിരുന്ന കൊർന്നല്യോസ്. അവൻ തന്റെ കുടുംബത്തെ കരുതുന്നു. തദ്ദേശവാസികളായ യഹൂദന്മാരെ സഹായിക്കുന്നതുകൊണ്ട് എല്ലാവരും അവനെ ബഹുമാനിച്ചിരുന്നു.


## ഗെയിം – പ്രതിരോധം പാഠം 5

**സാമഗ്രികൾ:**

മാസ്കിംഗ് ടേപ്പ്, ഓരോ കുട്ടിക്കും ഓരോ ഡിസ്പോസിബിൾ ഗ്ലാസ്, 1-2 പന്തുകൾ.

**തയ്യാറെടുപ്പുകൾ** - കളിക്കുന്ന ഗ്രൌണ്ടിൽ ടേപ്പ് ഉപയോഗിച്ച് വിഭാഗിക്കുക.

**ഗെയിം കളിക്കുന്നു.**




1. ക്ലാസ്സിനെ രണ്ടായിത്തിരിക്കുക, അവരെ വരയുടെ വശങ്ങളിൽ നിറുത്തുക, ഓരോ കുട്ടിക്കും ഓരോ ഗ്ലാസ് നൽകണം. ആ ഗ്ലാസ് എവിടെ വയ്ക്കണം എന്ന് അവർ സ്വയം തീരുമാനിക്കട്ടെ. (ലൈനിൽ നിന്നും 6 മീറ്ററിനു പുറത്ത് പോകരുത്). ഇപ്പോൾ കുട്ടികൾ നിൽക്കുന്നത് ക്ലാസ്സിലും ലൈനിനും ഇടയ്ക്ക് ആയിരിക്കും.
2. ഏതെങ്കിലും ഒരു ടീമിന് പന്ത് നൽകുക. ആ ടീമിലെ ഒരംഗം മറ്റേ ടീമിന്റെ ലൈനിലേക്ക് പന്ത് ഉരുട്ടി വിടുന്നു. ആ ടീമിന്റെ ഗ്ലാസുകളെ മറിച്ചിടാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. അപ്പോൾ എതിർ ടീമിലെ അംഗങ്ങൾ അവരുടെ കൈകളും കാലുകളും ഉപയോഗിച്ച് അവരുടെ ഗ്ലാസ്സുകൾ സംരക്ഷിക്കാൻ ശ്രമിക്കുന്നു. പന്ത് കൈക്കലാക്കുന്ന കുട്ടി തൻറെ എതിർ ടീമിന്റെ വശത്തേക്ക് അത് ആവർത്തിക്കുന്നു. ഓരോ സമയം ഗ്ലാസ്സുകൾ വീഴുമ്പോൾ ആ കുട്ടി പുറത്താകുന്നു. എന്നിട്ട് തന്റെ ഗ്ലാസ്സുമായി കാത്ത് നിൽക്കുന്നു. കുറെ കളിച്ചതിനു ശേഷവും ഗ്ലാസ്സുകൾ ഒന്നും വീഴുന്നില്ലെങ്കിൽ ഒരു പന്തും കൂടെ നൽകുക. ഇപ്പോൾ ഒരേസമയം രണ്ടു പന്തുകൾ കാലത്ത്തിലുണ്ടാകും. 5 മിനിറ്റിനകം കളി അവസാനിപ്പിക്കാൻ ശ്രമിക്കുക. എന്നിട്ട് വീണ്ടും വിദ്യാർത്ഥികൾ അത് തുടങ്ങട്ടെ.

**ഓപ്ഷൻ**

ഒരു കുട്ടിക്ക് ഒന്നിലധികം ഗ്ലാസ്സുകൾ നൽകാവുന്നതാണ്. അപ്പോൾ അവർക്ക് ഒരേ സമയം ഒന്നിലധികം ഗ്ലാസ്സുകൾ സംരക്ഷിക്കേണ്ടതായി വരും.

## പദപ്രശ്നത്തിൻറെ ഉത്തരം – പാഠം 5



| | | | | | |
|---|---|---|---|---|---|
| ഉ | ചി | ത | മാ | യ | ഉ |
| മ | ക | ള് | ണി | മ | സ് |
| ഭ | യാ | ന | കം | ന | ദ |
| ന | വ | ത് | ക | ഷ്യ | ർ |
| കൊ | സ്വ | നം | ഴി | ര് | ശ |
| പ്രാ | [illegible] | ത്ഥി | [illegible] | ക | നം |
| ത് | ഗ്ഗം | ന്ന | ക | ള് | മ |
| സ് | ന | വ് | ല്യോ | ഉ | ശി |
| ക | ത്മാ | പ | ത്രോ | സ് | മോ |
| ആ | ശ | താ | ധി | പ | ന് |

# പാഠം 6

## തലക്കെട്ട് പാഠം 6

സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം എന്ന ചെരിപ്പ്

## ബൈബിൾ കഥ പാഠം 6

ഫിലിപ്പോസും ഐത്യോപ്പക്കാരനും
പ്രവർത്തികൾ 8:26-40

## മെഡലുകൾ പാഠം 6



ഹാജറിനുള്ള ഇന്നത്തെ മെഡൽ

കഴിഞ്ഞ ആഴ്ചത്തെ "ബൂട്ട് ക്യാമ്പ്" അസൈന്മെന്റ്, പകർത്തികരിച്ചവർക്ക് ലഭിക്കുന്ന "റിബ്ബൺ" ഇതാണ്.



പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നുള്ള കഴിഞ്ഞ ആഴ്ചത്തെ വായനാ ഭാഗത്തിന്റെ അസൈന്മെന്റ് പൂർത്തീകരിച്ചവർക്ക് ഒരു 'സ്റ്റാർ' ലഭിക്കുന്നു.

കഴിഞ്ഞ ആഴ്ചത്തെ മന:പാഠവാക്യം പറയുവാൻ സാധിക്കുന്ന ഓരോ കുട്ടിക്കും സ്റ്റാർ ലഭിക്കുന്നു.

## നാടകം – പാഠം 6

പട്ടാളക്കാരൻ ഗിഗ്ഗിൾ ഇന്ന് നിരന്തരം പരാതിപ്പെടുകയും എല്ലാ കാര്യങ്ങളിലും വേവലാതിപ്പെടുകയും ചെയ്യുന്നു. അദ്ദേഹം ഇന്ന് തന്റെ ബൂട്ട്സ്(ഷൂസ്) കൊണ്ട് വരാൻ മറന്നു പോയി. അതുകൊണ്ട് വെറുങ്കാലുമായി പരിശീലന വ്യായാമത്തിന്റെ സമയം വേദന അനുഭവിക്കുകയായിരുന്നു. ഇത് കൂടുതൽ പറയാനും വേവലാതിപ്പെടാൻ കാരണമായിത്തീർന്നു. സർജന്റെ അപ്റ്റെറ്റ് പട്ടാളക്കാരൻ ഗിഗ്ഗിളിനെ സൈന്യാധിപനായ യേശു തന്നെ കരുതുന്നു എന്ന് ആശ്വസിപ്പിക്കുകയും, പരാതിപ്പെടുന്നത് അവസാനിപ്പിച്ചിട്ട് വേഗം ബൂട്ട്സ് അണിയാൻ ഉപദേശിക്കുകയും ചെയ്യുന്നു.

## മന:പാഠവാക്യം – പാഠം 6

"സമാധാനത്തിന്റെ സുവിശേഷം പ്രഖ്യാപനം ചെയ്യുവാനുള്ള സന്നദ്ധത ആയിരിക്കട്ടെ നിങ്ങളുടെ പാദരക്ഷ."
.എഫെസ്യർ 6:15

## പ്രധാന പാഠം പാഠം 6

**പ്രവൃത്തികൾ 8:26-40**

നാം പുറപ്പെടാൻ സദാ സന്നദ്ധരായി നിൽക്കേണ്ടതിന് ഇപ്പോൾ ചെരിപ്പ് ധരിക്കാനുള്ള സമയമാണ്! അതായത് സുവിശേഷം പങ്കുവയ്ക്കാൻ നാം എപ്പോഴും ഒരുങ്ങിയിരിക്കുന്നു, അല്ലെങ്കിൽ ഏത് സമയവും അനുസരിപ്പാൻ ഒരുക്കമാണ്, അല്ലെങ്കിൽ എവിടെ വേണമെങ്കിലും പോകാൻ തയ്യാറാണ്. എന്നതാണ് ഇതിൻറെ അർത്ഥം. നാം എന്ത് നമ്മുടെ കാലിനു ധരിക്കുന്നുവോ അത് നമ്മുടെ സ്ഥിരതയും വേഗതയും നിശ്ചയിക്കുന്നു. എന്ത് തരത്തിലുള്ള ഷൂസ് ആണോ നാം ധരിക്കുന്നത് അത് എത്ര മാത്രം ദൂരത്തിൽ സൗകര്യപ്രദമായി ഓടാനോ നടക്കാനോ സാധിക്കും എന്നത് തീരുമാനിക്കുന്നു. അതുകൊണ്ട് ഷൂസ് തിരഞ്ഞെടുക്കുമ്പോൾ, അത് തെറ്റായ തീരുമാനം

ആകുന്നുവെങ്കിൽ അത് നമ്മെ മുടന്തുമാറാക്കുന്നു, വേഗത കുറയ്ക്കുന്നു, നമ്മുടെ മാർച്ചിൽ നിന്നും നാം പുറന്തള്ളപ്പെടാൻ കാരണമായിത്തീരും. നഗ്നപാദുകനായി വന്ന പടയാളി വലിയ അപകടത്തിലേക്കാണ് പോകുന്നത്. നമ്മെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം യുദ്ധത്തിൽ നാം അടുത്ത ചുവട് എവിടെ വയ്ക്കും എന്നതായിരിക്കും. എന്നാൽ ശരിയായ ഷൂസാണ് നാം ധരിക്കുന്നതെങ്കിൽ അത് നമുക്ക് ഭയം കൂടാതെ, സ്വാതന്ത്ര്യത്തോടെ യുദ്ധത്തിൽ മാത്രം ചെലുത്തി മുന്നേറാൻ സാധിക്കും. ക്രിസ്തുവിന്റെ ശരീരത്തെ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്നതിനു വേണ്ടിയാണ്. അങ്ങനെ ലോകം മുഴുവനും അവിടുത്തെ സമാധാന മാർഗ്ഗം പടരേണം. ഷൂസ് ധരിക്കുമ്പോൾ നാം നീങ്ങാൻ തയ്യാറാകുന്നു. സുവിശേഷം മറ്റുള്ളവരിൽ എത്തിക്കാൻ സാധിക്കുന്നു. പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നുള്ള ഫിലിപ്പോസിന്റെ ചരിത്രം സുവിശേഷം പ്രഘോഷിക്കാൻ സന്നദ്ധരായി നിൽക്കുന്ന ഒരു വ്യക്തിയുടെ ചരിത്രമാണ്.യാതൊരു മുന്നറിയിപ്പും ഇല്ലാതെ പെട്ടെന്ന് ഒരു ദൂതൻ വെളിപ്പെട്ടിട്ട് തന്നോട് എഴുന്നേറ്റു പുറപ്പെടാൻ പറയുന്നു. പോകേണ്ട പട്ടണം, തെരുവ്, ദിശ എന്നിവയെക്കുറിച്ച് തനിക്ക് നിർദ്ദേശം നൽകുന്നു. അവൻ അവിടെ എത്തുമ്പോൾ, ദൈവം അവനോട് ഒരു തേരിനോട് ചേർന്ന് നടക്കുവാൻ പറയുന്നു. അതിൽ യാത്ര ചെയ്യുന്ന മനുഷ്യനോടു വായിക്കുന്നത് ഗ്രഹിക്കുന്നുണ്ടോ എന്ന് ചോദിച്ചു, അപ്പോൾ തേരിനുള്ളിൽ കയറാൻ ക്ഷണം ലഭിച്ചു, അപ്പോൾ സുവിശേഷം പങ്കുവയ്ക്കുവാൻ ആരംഭിച്ചു. ആ എത്യോപ്യക്കാരൻ ക്രിസ്തുവിനെ സ്വീകരിച്ചു അവിടെ തന്നെ വാഹനം നിറുത്തുവാൻ പറഞ്ഞ് അവനെ ഫിലിപ്പോസ് സ്നാനപ്പെടുത്തി! എന്നാൽ വെള്ളത്തിൽ നിന്നും കയറിയ ഉടനെ ഫിലിപ്പോസ് അപ്രത്യക്ഷനായി. ദൈവത്തിന്റെ ആത്മാവ് ഫിലിപ്പോസിനെ മറ്റൊരു സ്ഥലത്തേക്ക് വചനം പ്രസംഗിക്കുന്നത് തുടരുവാൻ കൊണ്ട് പോയി. സുവിശേഷം പങ്കുവയ്ക്കുവാൻ ഒരുക്കമുള്ള മനസ്സുള്ള ഒരു വ്യക്തിയെക്കുറിച്ചുള്ള എത്ര മനോഹരമായ കഥയാണ് ഇത്!

## ബൂട്ട് ക്യാമ്പ് പാഠം 6

**അസൈൻമെന്റ് പാഠം 6**

ആരോടെങ്കിലും സുവിശേഷം പങ്കുവയ്ക്കുവാൻ തയ്യാറാകാതെ ഇരിക്കുമ്പോൾ അത് എങ്ങനെയുള്ളതാണെന്ന് കണ്ടെത്താനുള്ള സമയമാണിത്. ഷൂസോ, ചേരിപ്പോ ഇല്ലാതെ റോഡിലൂടെ ഓടുകയോ, നടക്കുകയോ ചെയ്യുന്നത് എത്രമാത്രം ദുഷ്കരം ആണെന്ന് ചിന്തിക്കുക. ഹോ! അതിന് ശേഷം, ഒരു ക്രിസ്ത്യാനി ആകുവാൻ എനിക്ക് എങ്ങനെ സാധിക്കും എന്ന് ആരെങ്കിലും ചോദിച്ചാൽ അവരോട് എന്ത് മറുപടി പറയും എന്നത് എഴുതുക.



**ഗൃഹപാഠം (മുതിർന്ന കുട്ടികൾക്ക്) പാഠം 6**

പ്രവൃത്തികളുടെ പുസ്തകം 17- 19 അദ്ധ്യായങ്ങൾ വായിക്കുക

## പവർ പോയിന്റ്/തീരുമാനം – പാഠം 6

"ഞാൻ ദൈവവുമായി നല്ല ബന്ധം സൂക്ഷിക്കുകയും, ദൈവത്തെ ഏത് സമയവും ശുശ്രൂഷിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കും".

## ചോദ്യോത്തരങ്ങൾ - പാഠം 6

1. മുൻകൂട്ടി തയ്യാറാകാതെ ഏത് സാഹചര്യത്തിലാണ് നിങ്ങൾ പെട്ടെന്ന് സുവിശേഷം പങ്ക് വയ്ക്കേണ്ടത്? ഉദാഹരണങ്ങൾ: ട്രയിനിൽ യാത്ര ചെയ്യുമ്പോൾ നിങ്ങളുടെ അടുത്ത് ഇരിക്കുന്നയാൾ ബൈബിളിനെക്കുറിച്ച് ചോദിക്കുന്നു. നിങ്ങളുടെ സുഹൃത്ത് വിഷാദത്തിലാണ്, ആത്മഹത്യയെക്കുറിച്ച് ചിന്തിച്ച് കൊണ്ടിരിക്കുകയാണ്. ദൈവം ഇല്ലെന്ന് നിങ്ങളുടെ സ്കൂളിലെ അദ്ധ്യാപകൻ പറയുന്നു.
2. മുന്നറിയിപ്പ് ഒന്നും ലഭിക്കാതെ പെട്ടെന്ന് ഒന്നു നയിക്കേണ്ടി വന്നാൽ നിങ്ങൾ ഏത് വിഷയം പഠിപ്പിക്കും?

ബൈബിളിലെ ഏതൊക്കെ വിഷയങ്ങളെക്കുറിച്ച് പഠിപ്പിക്കാൻ കഴിയുമെന്ന് ചിന്തിക്കുന്നത് വിദ്യാർത്ഥികളോടുള്ള നല്ല ചോദ്യമാണ്. ചരിത്രത്തിലുടനീളം ദൈവം മറ്റുള്ളവരുമായി അതേ പ്രായത്തിലുള്ളവരെ ഉപയോഗിച്ചതായി കാണാൻ സാധിക്കും.

3. ഭയത്തിന്റെ സുവിശേഷവുമായി താരതമ്യപ്പെടുത്തുമ്പോൾ "സമാധാനത്തിൻറെ" സുവിശേഷം എന്താണ്? വാസ്തവത്തിൽ, നരകത്തിൽ നിന്ന് എന്നേക്കുമായി രക്ഷപ്പെടുവാൻ ഉള്ള ഏക മാർഗ്ഗമാണ് രക്ഷ എന്ന് സുവിശേഷം നമ്മോടു പറയുന്നു. ആളുകൾക്ക് മരണത്തെ ഭയമാണ്, അതുകൊണ്ട് ആ ഭയം മൂലം സുവിശേഷത്തിന്റെ സന്ദേശം അവർ കേൾക്കുവാൻ മനസ്സ് കാണിക്കുന്നു. ഉത്തമ ജീവിതം നയിക്കാനുള്ള ഏക മാർഗ്ഗം ആണ് സുവിശേഷം എന്ന് നാം അവതരിപ്പിക്കുമ്പോൾ അത് തികച്ചും ശരിയായ സന്ദേശം ആണ്. നമുക്ക് ചുറ്റും എന്ത് സംഭവിച്ചാലും അതിന്റെ നടുവിൽ ദൈവീക സമാധാനം നമുക്ക് അനുഭവിക്കാൻ സാധിക്കും. ദൈവത്തിനു നമ്മോടുള്ള സ്നേഹം നമുക്ക് അനുഭവിക്കാൻ കഴിയും.
4. ഐത്യോപ്യക്കാരനായ ആ മനുഷ്യൻ ഫിലിപ്പോസിനോട് ചോദിച്ചത് എന്താണ്? താൻ വായിക്കുന്ന തിരുവേഴുത്തുകളുടെ അർത്ഥം അദ്ദേഹം ചോദിച്ചു.
5. ഐത്യോപ്യൻ വെള്ളം കണ്ടപ്പോൾ എന്താണ് ചോദിച്ചത്?
6. സ്നാനം



## ഗെയിം – പ്രതിരോധം- പാഠം 6

**സാമഗ്രികൾ**

മാസ്കിംഗ് ടേപ്പ് ടേപ്പ് ഉപയോഗിച്ച് 3 മീറ്റർ വീഥിയിൽ പരസ്പരം 6 മീറ്ററോളം അകലെ രണ്ടു സമാന്തര വരികൾ അടയാളപ്പെടുത്തുക.

**ഗെയിം കളിക്കുന്നു**


മറ്റുള്ളവർ ഓടുമ്പോൾ ഇടയിൽ നിൽക്കാൻ ഒരു വിദ്യാർത്ഥിയെ നിയോഗിക്കുക. അവൻ തൊടുന്നവർ എല്ലാം അവരുടെ സ്ഥാനത്ത് സ്റ്റാച്യു പോലെ മരവിച്ച് നിൽക്കേണം. അവിടെ അവർ അവരുടെ തല, തോളുകൾ, കാൽമുട്ടുകൾ, പാദങ്ങൾ എന്നിവയിൽ സ്പർശിക്കും. സ്പർശനം ഏൽക്കാതെ ഇരിക്കാൻ ഓടുന്ന കുട്ടികൾ ശ്രദ്ധിക്കേണം. എന്നാൽ ഓടുന്ന കുട്ടികൾ മരവിച്ച് നിൽക്കുന്ന കുട്ടികളെ തൊടുമ്പോൾ മറ്റുള്ളവരോട് ഓടാൻ അവർക്കും സാധിക്കുന്നു. അങ്ങനെ മരവിച്ച് നിൽക്കുന്ന കുട്ടികളെ ഓടുന്ന കുട്ടികൾക്ക് രക്ഷിക്കാൻ കഴിയും. അവർ അടുത്ത വരിയിലേക്ക് എത്തിക്കഴിഞ്ഞാൽ, അടുത്ത വരിയിലേക്ക് പോകുന്നതിന് സിഗ്നലിനായി കാത്തിരിക്കേണം. നിയുക്ത കുട്ടിയെ മാറ്റി മറ്റൊരു കുട്ടിയെ അവിടെ നിർത്തി ഗെയിം തുടരുക.

**ഇഷ്ടാനുസരണം ചെയ്യാൻ**

വരികൾക്കിടയിൽ നിൽക്കുന്ന വിദ്യാർത്ഥിയെ ഓരോ തവണയും മാറ്റുമ്പോൾ നിയുക്ത വിദ്യാർത്ഥി നിർവ്വഹിക്കുന്ന നിർദ്ദേശങ്ങൾ നിങ്ങൾക്ക് പരിഷ്കരിക്കാൻ സാധിക്കും. ആ നിർദ്ദേശങ്ങളിൽ ഒന്ന് ഒരു പക്ഷേ, ഒരു കുട്ടി ഉടര്മാനം വിരലുകൾ നോടിച്ചുകൊണ്ടിരിക്കുക, അല്ലെങ്കിൽ അതേ സ്ഥലത്ത് തുടർന്ന് കൊണ്ടിരിക്കുക.

## പദപ്രശ്നത്തിൻറെ ഉത്തരങ്ങൾ - പാഠം 6

| | | | | | | | |
|---|---|---|---|---|---|---|---|
| ഉ | ഗം | ക | ഫി | പ്ര | ളള | ഗം | നു |
| ദ്യോ | യാ | ത്ര | ലി | ജ | സം | ണി | ത്മാ |
| ഗ | മ | പ്ര | പ്പോ | പ്ര | റ്റു | ഷ | ള് |
| സ്ഥ | എ | ഫി | സ് | പാ | എ | സ | വ് |
| ന് | ള് | ത്യോ | നു | ത | ത്തി | ത്മാ | ലേം |
| ളള | സ | ണി | പ്യ | ട്ടു | ആ | ക | ഫി |
| ഷ | എ | മാ | പ്പെ | ക്കാ | ഷ | മ | എ |
| ത്മാ | ണ്ഡ | ന | ധാ | ഗം | ര | ഥം | ഴ |
| നു | നാ | ൻ | ലേം | നം | ള് | ൻ | ത്ത് |
| സ് | പ്ര | വാ | ച | ക | ൻ | പ്ര | ളള |







# പാഠം 7

## തലക്കെട്ട് - പാഠം 7

വിശ്വാസം എന്ന പരിച

## ബൈബിൾ കഥ - പാഠം 7


പൌലോസും കപ്പൽ തകർച്ചയും
പ്രവൃത്തികൾ 27:21-37, 28:1

## മെഡലുകൾ പാഠം 7

ഹാജറിനുള്ള ഇന്നത്തെ മെഡൽ

"ബൂട്ട് ക്യാമ്പ്" അസൈന്മെന്റ് പൂർത്തീകരിക്കുന്ന ഓരോ കുട്ടിക്കും ലഭിക്കുന്ന "റിബ്ബൺ"



കഴിഞ്ഞ ആഴ്ചയിൽ പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നുമുള്ള വായന ഭാഗം പകര്ത്തീകരിച്ച ഓരോ കുട്ടിക്കും ഒരു സ്റ്റാർ വീതം ലഭിക്കുന്നു.

കഴിഞ്ഞ ആഴ്ചയിലെ മന:പാഠവാക്യം പറയുവാൻ സാധിക്കുന്ന ഓരോ കുട്ടിക്കും ലഭിക്കുന്ന സ്റ്റാർ



## നാടകം – പാഠം 7

ഇന്ന് സർജന്റെ ധർമ്മൻ, ഹവീൽദാർ ചിരിക്കുടുക്കയ്ക്കും, പട്ടാളക്കാരൻ ഡ്യൂട്ടിനും ഓരോ പരിച നൽകുന്നു. പരിശീലന സമയത്ത്, ശക്തമായി ചീറ്റിയടിക്കുന്ന വെള്ളത്തിൽ നിന്നും സ്വയം സംരക്ഷിക്കുവാൻ ഇത് ഉപയോഗിക്കുന്നു. പട്ടാളം ധർമ്മൻ പരിച ഉപയോഗിക്കുന്നതിൽ മെച്ചപ്പെട്ടു കൊണ്ടേയിരുന്നു. ഒരല്പം മാത്രം അയാൾ നനഞ്ഞു പക്ഷേ ഹവീൽദാർ ചിരിക്കുടുക്ക പരിച കൊണ്ട് മറന്നു പോയതുകൊണ്ട് മുഴുവൻ നനഞ്ഞു കുളിച്ചു.

## മന:പാഠവാക്യം പാഠം 7

"വിശ്വാസം എന്ന പരിച എല്ലാസമയത്തും നിങ്ങളുടെ കൈയിലുണ്ടായിരിക്കണം. തന്മൂലം ദുഷ്ടൻ തൊടുത്തുവിടുന്ന ആഗ്നേയാസ്ത്രങ്ങളെ കെടുത്തുവാൻ നിങ്ങൾക്കു കഴിയും" എഫെസ്യർ 6:16

## പ്രധാന പാഠം – പാഠം 7

**പ്രവൃത്തികൾ 27:21-37, 28:1**

നാം ഇന്ന് പഠിക്കാൻ പോകുന്നത് വിശ്വാസം എന്ന പരിചയെക്കുറിച്ചാണ്, സംരക്ഷണത്തിനു വേണ്ടിയുള്ള ഏറ്റവും വലിയ ആയുധമാണിത്. കാരണം ഏത് ദിശയിലേക്ക് അതിനെ ചലിപ്പിക്കാൻ നമുക്ക് സാധിക്കും. പ്രത്യേക ആക്രമങ്ങളിൽ നിന്ന് സ്വയം സംരക്ഷിക്കാൻ പരിച കൊണ്ട് സാധിക്കും. ദുഷ്ടന്റെ തീയമ്പുകളെ കെടുത്താൻ നമുക്ക് ഇത് ഉപയോഗിക്കാമെന്ന് ബൈബിൾ പറയുന്നു. തീയമ്പുകൾ വരുന്ന 'എങ്കിൽ' എന്ന് ബൈബിൾ പറയുന്നില്ല, എന്നാൽ 'വരുമ്പോൾ' എന്ന് പറഞ്ഞിരിക്കുന്നതിനാൽ ശത്രു നമ്മെ നിരന്തരം ആക്രമിക്കുന്നു എന്നതാണ് സത്യം. എന്നാൽ ഈ ആക്രമണത്തിന്റെ മുമ്പിൽ നാം ശക്തിയില്ലാത്തവർ അല്ല. തീയമ്പുകൾ ഉപയോഗിച്ച് നിങ്ങളുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുവാനും നിങ്ങളെ ആശ്ചര്യപ്പെടുത്തുവാനും ശത്രു ശ്രമിക്കുന്നു. അവൻ ഓരോരുത്തർക്കും, അവരുടെ ബലഹീനതകൾ, ഭയങ്ങൾ, ശീലങ്ങൾ എന്നിവ ആഴത്തിൽ

മനസ്സിലാക്കി പ്രത്യേകമായി തന്ത്രങ്ങൾ മെനയുന്നു. ആ മേഖലകളെ പ്രത്യേകം ലക്ഷ്യമാക്കി അവന്റെ തീയമ്പുകൾ തൊടുക്കുന്നു. ദൈവരാജ്യം അദൃശ്യമാണ്, നമ്മുടെ നഗ്ന നേത്രങ്ങൾ കൊണ്ട് കാണുവാൻ നമുക്ക് സാധ്യമല്ലെങ്കിലും ദൈവത്തെയും, അവിടുത്തെ വചനത്തെയും നാം ആഴമായി വിശ്വസിക്കുന്നു. ദൈവം ഉണ്ടെന്ന് നാം അറിയുന്നു അതാണ് നമ്മുടെ വിശ്വാസം. ഈ വിശ്വാസത്താൽ പിശാചിന്റെ നേരിട്ടുള്ള ആക്രമണങ്ങളെ പരാജയപ്പെടുത്താൻ കഴിയും.

പ്രവർത്തികളുടെ ഒപുസ്തകത്ത്തിലെ ഇന്നത്തെ ബൈബിൾ കഥയിൽ, ഒരു വലിയ കൊടുങ്കാറ്റിൽ പൌലോസും കൂടെയുള്ളവരും അകപ്പെട്ടു. എന്നാൽ ദൈവം പൌലോസിനോട് പറഞ്ഞത്, കപ്പലിൽ ഉള്ള ഒരാൾ പോലും മരിക്കുകയില്ല! ദൈവത്തെ കാണാൻ കഴിയുന്നില്ലെങ്കിലും പൌലോസ് ദൈവം തന്നോടു പറഞ്ഞതിന് അതുപോലെ വിശ്വസിച്ചു. ദൈവം തന്നോടു പറഞ്ഞ കാര്യങ്ങൾ കപ്പലിലെ എല്ലാവരോടും പറയുകയും അവരോടെല്ലാം ഭക്ഷണം കഴിച്ചു സന്തോഷിക്കാൻ ആവശ്യപ്പെടുന്ന പൌലോസിനെ കാണുന്നത് എന്ത് ആവേശാജനകമാണ്! ദൈവത്തിന്റെ ദൂതിനെ പൌലോസ് വ്യക്തിപരമായി വിശ്വസിക്ക മാത്രം അല്ല, അത് മറ്റുള്ളവരോട് പരസ്യമായി പങ്ക് വച്ച് ആ ദൂതനുസരിച്ചു പ്രവർത്തിക്കാൻ അവൻ ഒരുങ്ങുന്നു! ആ കപ്പൽ തകർന്നപ്പോൾ അതിൽ ആരെങ്കിലും മരിക്കുമായിരുന്നുവെങ്കിൽ പൌലോസിനു അത് ഭയങ്കര നാണക്കേട് ആകുമായിരുന്നു. ചില സമയങ്ങളിൽ നാമും ദൈവത്തിന്റെ വചനത്തെ പരസ്യമായി പറയേണ്ടതാണ്. മനുഷ്യരെ വിശ്വസിക്കുന്നതിന് പകരം നാം ദൈവത്തെ വിശ്വസിക്കേണം. കാണാത്ത കാര്യങ്ങളെക്കുറിച്ച് ഉറപ്പുല്ലവരായി വിശ്വാസത്തിന്റെ പരിച എടുത്തുകൊണ്ടു നിൽക്കാൻ നിങ്ങൾ തയ്യാറാകുമോ? ഇങ്ങനെയാണ് സാത്താന്റെ തീയമ്പുകളെ കെടുത്തി അവനെതിരെ ജയിക്കുവാൻ നിങ്ങൾക്ക് സാധിക്കുന്നത്.

## ബൂട്ട് ക്യാമ്പ് പാഠം 7

**അസൈൻമെന്റ് പാഠം 7**

പ്രത്യക്ഷത്തിൽ യാതൊന്നും കാണാൻ കഴിയുന്നില്ലെങ്കിലും, ബൈബിൾ പറയുന്ന കാര്യങ്ങൾ അത് പോലെതന്നെ ഉറപ്പോടെ വിശ്വസിക്കുന്ന കാര്യങ്ങളുടെ ഒരു പട്ടിക ഈ ആഴ്ച എഴുതുക. നിങ്ങളുടെ പട്ടികയിൽ ഏതാണ് ശത്രു നിങ്ങളെ പ്രത്യേകമായി ആക്രമിക്കുന്നത്?

**ഗൃഹപാഠം (മുതിർന്ന കുട്ടികൾക്ക്) - പാഠം 7**

പ്രവർത്തികൾ 20-22 വരെ വായിക്കുക

## പവർ പോയിന്റ് /തീരുമാനം പാഠം 7

"ഞാൻ ദൈവത്തിൽ വിശ്വസിക്കുവാൻ തീരുമാനിക്കുന്നു"

## ചോദ്യോത്തരങ്ങൾ - പാഠം 7

1. യഥാർത്ഥ ജീവിതത്തിൽ, "ദുഷ്ടന്റെ തീയമ്പുകൾ" എന്തൊക്കെയാണ്?
   ഉദാഹരണങ്ങൾ: മനുഷ്യൻ കുരങ്ങിൽ നിന്നാണ് വന്നതെന്നും, ഈ കാണുന്നതെല്ലാം സൃഷ്ടിച്ചത് ദൈവമല്ലെന്നും നിങ്ങളുടെ സ്കൂളിൽ അദ്ധ്യാപകൻ പറയുമ്പോൾ, യേശു നല്ല മനുഷ്യനോ ഗുരുവോ ആയിരുന്നു അല്ലാതെ ദൈവമായിരുന്നില്ല എന്ന് മറ്റു ചില പറയുമ്പോൾ. നിങ്ങളുടെ മാതാപിതാക്കളെ മാറ്റുവാൻ ദൈവത്തിനു പോലും കഴിയുകയില്ല എന്നുള്ള നിങ്ങളുടെ ഭയം.

2. നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ നിങ്ങളുടെ വിശ്വാസം എന്ന കവചം ഉപയോഗിച്ച് ദുഷ്ടന്റെ തീയമ്പുകളെ കെടുത്തിയതിന്റെ ഒരു ഉദാഹരണം ഏതാണ്?
ഈ ലോകത്തെ സൃഷ്ടിച്ചത് ദൈവമല്ലെന്ന നിങ്ങൾ കേൾക്കുമ്പോൾ, ബൈബിൾ തുറന്ന് ഉല്പത്തി 1,2 അദ്ധ്യായങ്ങൾ വായിച്ച് ആദിയിൽ സംഭവിച്ചത് എന്താണെന്ന് നിങ്ങൾ സ്വയം ഓർമ്മിക്കുന്നു.
3. വിശ്വാസം കൊണ്ടല്ലാതെ ഞാൻ വീടിനു വെളിയിൽ പോകില്ല എന്ന് ഉറപ്പ് വരുത്തുവാൻ നിങ്ങൾ ചെയ്യുന്നത് എന്താണ്?
ബൈബിൾ പറയുന്നു, വിശ്വാസം വരുന്നത് ദൈവവചന കേൾവിയിലൂടെയാണ്. നാം ദൈവവചനം നിരന്തരം വായിക്കുകയും, കേൾക്കുകയും വചനത്തെ മന:പാഠമാക്കുകയും വേണം. ഈ വിധത്തിൽ വിശ്വാസം എന്ന കവചത്തെ ജീവിതത്തിൽ എല്ലായ്പ്പോഴും കൊണ്ടുവരുവാൻ സാധിക്കും. ഇത് കൂടാതെ, ദൈവം പറയുന്നത് വിശ്വസിക്കുവാൻ നം തീരുമാനിക്കുമ്പോൾ, അനം നമ്മുടെ വിശ്വാസത്തെ പ്രകടിപ്പിക്കുകയാണ്.
4. ഇന്നത്തെ ബൈബിൾ കഥയിൽ, പൌലോസ് കപ്പലിലായിരുന്നു എന്ന് കണ്ടു. പൌലോസ് എവിടേക്ക് പോകുകയായിരുന്നു? ആ കപ്പലിൽ എത്ര പേർ ഉണ്ടായിരുന്നു?
276 പേർ, ഇറ്റലി, ഈ യാത്രയിൽ അദ്ദേഹം സന്ദർശിച്ച പട്ടണങ്ങൾ, തുറമുഖങ്ങൾ എന്നിവ ഒരു മാപ്പ് ഉപയോഗിച്ച് കാണിക്കുക (സീദോൻ, പത്രോസ്, ക്രേത്ത, മേലീത്ത തുടങ്ങിയവ).
5. കപ്പൽ കൊടുങ്കാറ്റിൽ അകപ്പെട്ടും എന്നും, കപ്പൽ ഛേദം സംഭവിക്കും എന്നും, എന്നാൽ ഒരാൾ പോലും മരിക്കുകയില്ല എന്നും പൌലോസ് അറിഞ്ഞതെങ്ങനെ?
ഒരു ദൂതൻ പൌലോസിന്റെ അടുക്കൽ വന്നു പറഞ്ഞു. പ്രവൃത്തികൾ 27: 23-25


## ഗെയിം : പരിചകൾ - പാഠം 7

**സാമഗ്രികൾ**

മാസ്കിംഗ് ടേപ്പ്, ഒരു കാർഡ് ബോർഡ് പെട്ടി, കളർ പേപ്പർ

**ഒരുക്കങ്ങൾ**

മാസ്കിംഗ് ടേപ്പ് ഉപയോഗിച്ച് ഒന്നര മീറ്റർ വിസ്താരത്തിൽ ഒരു ചതുരം തറയിൽ വരയ്ക്കുക. എന്നിട്ട് കാർഡ്ബോർഡ് ബോക്സ് ഇതിന്റെ നടുഭാഗത്ത് വയ്ക്കുക.



**ഗെയിം കളിക്കുന്ന** : നിങ്ങളുടെ ഗ്രൂപ്പിനെ നാല് ടീമുകളായി വിഭജിച്ച് ഓരോ ടീമും വ്യത്യസ്ത വർണ്ണങ്ങളിലുള്ള പേപ്പർ ബോർഡുകൾ നിർമ്മിക്കുക. കുട്ടികൾ വലിയ ചതുരത്തിനു പുറത്തു നിൽക്കുകയും പേപ്പർ പന്തുകൾ ബോക്സിലേക്ക് എറിയാൻ ശ്രമിക്കുന്നു. ഓരോ ടീമും ഈ വലിയ ചതുരത്തിനുള്ളിൽ നിന്ന് ചുറ്റുമുള്ള ടീമംഗങ്ങൾ എറിയുന്ന ബോളുകൾ പ്രതിരോധിക്കാൻ ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കണം. അവസാനം ഒരു വിദ്യാർത്ഥി കാർഡ് ബോക്സിലെ പേപ്പർ പന്തുകളെ വർണ്ണങ്ങളാൽ വേർതിരിച്ച് എണ്ണും ഏറ്റവും കൂടുതൽ വർണ്ണങ്ങൾ ഏത് ടീമിന്റെതാണോ ആ ടീം വിജയികളായി പ്രഖ്യാപിക്കുന്നു.

## പദപ്രശ്നത്തിൻറെ ഉത്തരം പാഠം 7

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സ്ഥ | മ | ലോ | ള് | ജീ | ക | നാ | ണി | പൗ |
| ജീ | സ് | കാ | ലാ | വ | സ്ഥ | ള്ള | ള് | ല |
| നാ | വി | ക | ർ | ന് | മ | ക | പ | ഗ്രി |
| ഗ്രി | ക | പ്പ | കോ | പൗ | ല | ള് | ട | കോ |
| ക | പ്പ | ൽ | സ്ഥ | ള് | ലോ | സ് | ജീ | ൽ |
| കോ | ല | ചേ | സ് | നം | ഉ | സ് | രാ | ത്രി |
| ര | ള് | തം | ഹ | മ | പ | ലോ | ള്ള | വി |
| ന | ക്ഷ | ത്സാ | ദ്ദ | ഗ്രി | ദേ | രി | ക | ശ്വാ |
| മ | പ്രോ | പ്പെ | ള്ള | ത | ശം | ന | ച | സം |
| പൗ | ണി | ക | ട്ട | പൗ | ന് | ജീ | സ് | സ്ഥ |



# പാഠം 8

## തലക്കെട്ട് പാഠം 8

രക്ഷ എന്ന ശിരസ്ത്രം

## ബൈബിൾ കഥ - പാഠം 8


ശൌലിന്റെ രൂപാന്തരം
പ്രവൃത്തികൾ 9:1-19

## മെഡലുകൾ പാഠം 8



ഹാജറിനുള്ള ഇന്നത്തെ മെഡൽ

കഴിഞ്ഞ ആഴ്ചയിലെ “ബൂട്ട് ക്യാമ്പ്” അസൈന്മെന്റ് പൂർത്തീകരിച്ച ഓരോരുത്തർക്കും ഈ ‘റിബ്ബൺ’ ലഭിക്കുന്നു.



കഴിഞ്ഞ ആഴ്ചയിൽ പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നുമുള്ള വായന ഭാഗം പകര്ത്തീകരിച്ച ഓരോ കുട്ടിക്കും ഒരു സ്റ്റാർ വീതം ലഭിക്കുന്നു.

കഴിഞ്ഞ ആഴ്ചയിലെ മന:പാഠവാക്യം പറയുവാൻ സാധിക്കുന്ന ഓരോ കുട്ടിക്കും ലഭിക്കുന്ന സ്റ്റാർ

## നാടകം പാഠം 8

ഹവീൽദാർ ചിരിക്കുടുക്ക ഹെൽമെറ്റ് ഒഴികെ എല്ലാം ധരിച്ച് കൊണ്ടാണ് വന്നത്. ഹെൽമെറ്റ് എവിടെ എന്ന് പട്ടാളക്കാരൻ ഡ്യൂട്ടിൻ ചോദിക്കുന്നു. അതിനു ഹെൽമെറ്റ് ഒഴികെ മറ്റെല്ലാം ഉണ്ടല്ലോ, അത് കൊണ്ട് ഹെൽമെറ്റ് ആവശ്യമില്ലെന്നും വേണ്ടത്ര സംരക്ഷണം ഉണ്ടെന്ന് കർമ്മൻ പറഞ്ഞു. എന്നാൽ പരിശീലന സമയത്ത് തലയ്ക്ക് അടി കിട്ടി കൊണ്ടേയിരുന്നു. സർജന്റെ ധർമ്മൻ നിനക്ക് നിന്റെ ഹെൽമെറ്റ് ആവശ്യമാണ് മറ്റു ഉപകരണങ്ങൾ പര്യാപ്തമല്ലെന്ന് ഹവീൽദാർ ചിരിക്കുടുക്കയെ ഓർമ്മിപ്പിച്ചു.

## മന:പാഠവാക്യം പാഠം 8

"രക്ഷ പടത്തൊപ്പിയായും ദൈവവചനം ആത്മാവു നല്കുന്ന വാളായും സ്വീകരിച്ചുകൊള്ളുക. " എഫെസ്യർ 6:17

## പ്രധാന പാഠം പാഠം 9

**പ്രവൃത്തികൾ 9:1-19**

രക്ഷയുടെ ശിരസ്ത്രം (ഹെൽമെറ്റ്) ധരിക്കേണ്ടുന്നത് വളരെ പ്രധാനമാണ്. തലയ്ക്ക് ഒരു അടി കിട്ടിയാൽ ഒരു പക്ഷേ വളരെ മാരകമായേക്കാം. നാം ഈ ശിരസ്ത്രം ധരിച്ചിരിക്കുന്നു. എന്ന് എങ്ങനെ മനസ്സിലാക്കാൻ സാധിക്കും? ക്രൂശിൽ യേശുക്രിസ്തു പൂർത്തീകരിച്ച പ്രവർത്തിയെ അടിസ്ഥാനമാക്കിയാണ് നമ്മുടെ രക്ഷയെന്നു ബൈബിൾ വ്യക്തമാക്കുന്നു. യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചപ്പോൾ അവിടുന്ന് വില നൽകി നമ്മുടെ രക്ഷയെ വാങ്ങിത്തന്നു. സൽകർമ്മങ്ങളിലൂടെ സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം നേടാൻ ആർക്കും കഴികയില്ല. എന്നാൽ യേശു ക്രിസ്തുവിൽ ആശ്രയിക്കുന്നതിലൂടെ മാത്രമാണ് രക്ഷ പ്രാപിക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ രക്ഷയുടെ ശിരസ്ത്രം ധരിക്കുന്നതിനായി ഒരു ചടങ്ങ് പ്രാർത്ഥന ആവശ്യമില്ല. നമ്മുടെ രക്ഷയ്ക്കായി കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിച്ചിട്ടുണ്ടെങ്കിൽ നാം ശിരസ്ത്രം ധരിക്കുകയാണ്!

പ്രവർത്തിയുടെ പുസ്തകത്തിൽ നിന്നുള്ള ഇന്നത്തെ ബൈബിൾ കഥയിൽ ദൈവം ശൌലിന് പ്രത്യക്ഷമായതിനെ വിവരിക്കുന്ന വളരെ അത്ഭുതകരമായ ഭാഗമാണ്. പൌലോസായി പിന്നീട് മാറിയ ശൌൽ, ക്രിസ്ത്യാനികളെ പരിഹസിക്കുകയും പീഡിപ്പിക്കുകയും ചെയ്യുകയായിരുന്നു. ഒരു ദിവസം ദമസ്കോസിലേക്കുള്ള യാത്രാമദ്ധ്യേ, യേശു പെട്ടെന്ന് അവനു പ്രത്യക്ഷനായി. ആകാശത്ത് നിന്നും ഒരു പ്രകാശം ശൌലിന് ചുറ്റും മിന്നി ശൌൽ അന്ധനായി നിലത്ത് വീണു. മൂന്നു ദിവസത്തിനു ശേഷം, ദൈവം ഒരു ക്രിസ്ത്യാനിയെ അവന്റെ അടുക്കൽ അവനെ സൌഖ്യമാക്കുന്നതിനും, ക്രിസ്തുവിലേക്ക് നയിക്കുന്നതിനുമായി അയച്ചു. ആ ആഴ്ചയിൽ തന്നെ ശൌൽ യേശുവിൽ വിശ്വസിച്ചു... രക്ഷിക്കപ്പെട്ടു! നിങ്ങളുടെ രക്ഷയ്ക്കായി യേശുവിനോട് പ്രാർത്ഥിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്താൽ പൌലോസിനെ പോലെ ആത്മരക്ഷ പ്രാപിക്കുകയും രക്ഷയുടെ ശിരസ്ത്രം ധരിക്കാൻ സാധിക്കും.

എന്നോടൊപ്പം പ്രാർത്ഥിക്കുക, പ്രിയ യേശുവേ, ഞാൻ ഒരു പാപിയാകുന്നു, ഞാൻ പാപം ചെയ്തിട്ടുണ്ടെന്ന് സമ്മതിക്കുന്നു. എന്റെ പാപങ്ങൾ നിമിത്തം അങ്ങ് ക്രൂശിൽ മരിച്ചുവെന്നും അങ്ങ് ജീവിക്കുന്ന സത്യദൈവം ആണെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അങ്ങയെ ഇന്ന് എന്റെ ഹൃദയത്തിൽ സ്വീകരിക്കുന്നു. എന്നെ സ്വീകരിച്ചതിനും എന്നെ സ്നേഹിച്ചതിനും ഞാൻ അങ്ങയോടൊപ്പം സ്വർഗ്ഗത്തിൽ വസിക്കുവാൻ നിത്യജീവനെ തന്നതിനും നന്ദി!

## ബൂട്ട് ക്യാമ്പ് പാഠം 8

**അസൈൻമെന്റ് പാഠം 8**



രക്ഷയ്ക്കായി നിങ്ങൾ പ്രാർത്ഥിച്ച സ്ഥലം, സന്ദർഭം, സമയം എന്നിവ നിങ്ങളുടെ ബൈബിളിന്റെ ആദ്യ പേജിൽ എഴുതുക. നിങ്ങൾക്ക് ഓർമ്മിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾക്കിപ്പോൾ അത് ചെയ്യാൻ കഴിയും! ഒരു പ്രത്യേക സ്ഥലത്ത് (കിടപ്പ് മുറി, വീടിന്റെ പുറക് വശം, അല്ലെങ്കിൽ പള്ളിയിലോ) പോയി നിങ്ങളോട് ക്ഷമിക്കുവാൻ ദൈവത്തോട് ആവശ്യപ്പെടുക. അവിടുത്തെ സ്വന്ത ജീവൻ നൽകി നിങ്ങളുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തിയ യേശുവിനു നന്ദി പറയുക. നിങ്ങളുടെ കർത്താവും, യജമാനനുമായിത്തീരാൻ യേശുവിനെ നിങ്ങളുടെ ജീവിതത്തിലേക്ക് ക്ഷണിക്കുക. നിങ്ങൾ യേശുവിനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് കർത്താവിനോടു പറയുക. ഈ അനുഭവത്തിന്റെ സമയവും സ്ഥലവും നിങ്ങളുടെ ബൈബിളിന്റെ ഒന്നാം പേജിൽ എഴുതുക. അല്ലെങ്കിൽ നിങ്ങളുടെ വിദ്യാർത്ഥി പുസ്തകത്തിലോ എഴുതുക.

**ഗൃഹപാഠം (മുതിർന്ന കുട്ടികൾക്ക്)**

പ്രവൃത്തികൾ 23- 25 വായിക്കുക

## പവർ പോയിന്റ് /തീരുമാനം പാഠം 8

"എന്റെ രക്ഷയ്ക്കായ് ഞാൻ കർത്താവായ യേശുക്രിസ്തുവിൽ മാത്രം ആശ്രയിക്കുവാൻ ഞാൻ തീരുമാനിക്കുന്നു"

## ചോദ്യോത്തരങ്ങൾ പാഠം 8

1. നിങ്ങളുടെ രക്ഷയെക്കുറിച്ച് നിങ്ങൾക്ക് ഉറപ്പുണ്ടോ?
   ഓരോ വിദ്യാർത്ഥിയും ഈ ചോദ്യത്തിന് ഉത്തരം നൽകുകയും അതിനുള്ള കാരണം നൽകുകയും ചെയ്യുക. അവർ കർത്താവായ യേശുവിനായി തങ്ങളുടെ ഹൃദയം തുറക്കുകയും, യേശുവിനെ രക്ഷകനായി സ്വീകരിച്ചാൽ അവർക്ക് ഇതിനകം തന്നെ രക്ഷയുണ്ടെന്നു അവർ ഉറപ്പുണ്ടായിരിക്കണം. അവരിൽ ഈ ആശയം രക്ഷാമൂലമാകേണ്ടതിന് ഈ ചോദ്യത്തിനു വിദ്യാർത്ഥികൾ ഉത്തരം കണ്ടെത്തേണ്ടതാണ്.
2. നിങ്ങളുടെ രക്ഷ നഷ്ടപ്പെടുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
   ഈ വിഷയത്തിൽ വിവിധങ്ങളായ അഭിപ്രായങ്ങൾ വെച്ച് പുലർത്തുന്നവർ ഇന്നുണ്ട്. അതെ, രക്ഷ നഷ്ടപ്പെടും എന്ന് ചിലർ കരുതുന്നു. മറ്റു ചിലർ നഷ്ടപ്പെട്ടില്ല എന്ന് വിശ്വസിക്കുന്നു. ഈ ആശയം വിദ്യാർത്ഥികളുടെ പ്രതികരണം ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ്.
3. ശൌൽ ദാമാസ്കോസ് പട്ടണത്തിലേക്ക് കുതിരപ്പുറത്ത് കയറി പോകുമ്പോൾ എന്ത് സംഭവിച്ചു ?

സ്വർഗ്ഗത്തിൽ നിന്ന് ഒരു പ്രകാശം അവനു ചുറ്റും മിന്നി അവർ അന്ധനായി നിലത്ത് വീണു. ദൈവം അവനോട് നേരിട്ട് സംസാരിച്ചു. (പ്രവൃത്തികൾ 9)

4. ദമസ്കോസിലെ അനന്യാസിനോട് ദൈവം പറഞ്ഞത് എന്താണ്?
   നീ പോയി ശൌലിന് വേണ്ടി പ്രാർത്ഥിക്കുവാൻ പറഞ്ഞു. ശൌലിന്റെ സൌഖ്യത്തെക്കുറിച്ചും, ശൌലിനെ കണ്ടെത്താൻ അവൻ താമസിക്കുന്ന സ്ഥലത്തെക്കുറിച്ചും പറഞ്ഞു.
5. അനന്യാസ് ദൈവത്തോട് എന്താണ് പറഞ്ഞത്? നാം ദൈവത്തോട് പരാതിപ്പെടുമ്പോൾ എന്താണ് സംഭവിക്കുന്നത്?
   അനന്യാസ് പറഞ്ഞു "ശൌൽ ക്രിസ്ത്യാനികൾക്ക് ചെയ്ത ദ്രോഹത്തെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. ഈ പട്ടണത്തിലും വന്ന് ഞങ്ങളേയും തടവിലാക്കാൻ അവനു അധികാരമുണ്ട്." ദൈവം അനന്യാസിനോട് ക്ഷമയുള്ളവനായിരുന്നു.

## ഗെയിം: യുദ്ധതന്ത്രം - പാഠം 8

**ഗെയിം കളിക്കുന്നു.**

അനൌൺസർ ആകാൻ ഒരു വിദ്യാർത്ഥിയെ തിരഞ്ഞെടുക്കുക. ഗെയിം ആരംഭിക്കാൻ, വിദ്യാർത്ഥികൾ മുറിക്ക് ചുറ്റും നടക്കാൻ തുടങ്ങുന്നു. "രക്ഷയുണ്ട്" എന്ന് അനൌൺസർ വിളിച്ച് പറയുമ്പോൾ കുട്ടികൾ നടത്തം നിറുത്തുന്നു. അവർ എവിടെയാണോ നിൽക്കുന്നത് അവിടെ ഒരു പ്രാവശ്യം ചുറ്റി കറങ്ങിയിട്ട് കഴിയുന്നത്ര വേഗത്തിൽ അവിടെ ഇരിക്കും. ആദ്യം ഇരിക്കുന്ന കുട്ടി യേശുക്രിസ്തുവിനെക്കുറിച്ച് എന്തെങ്കിലും പറയേണം. അതിനു ശേഷം ആ കുട്ടി ആയിരിക്കും അനൌൺസർ. (വിജയിച്ച കുട്ടി ഇതിനകം അനൌൺസർ ആയിരുന്നെങ്കിൽ, വിജയിക്കാത്ത മറ്റൊരു കുട്ടിയെ സ്വയം നിർദ്ദേശിക്കട്ടെ.)




**ഇഷ്ടാനുസരണം ചെയ്യാൻ**

1. ഓരോ പ്രാവശ്യം കളിച്ചതിനു ശേഷം കുട്ടികൾക്ക് നൽകിയ നിർദ്ദേശങ്ങൾ മാറ്റാവുന്നതാണ്. (ഉദാഹരണത്തിന്, 2 സ്പിന്നുകൾ ചെയ്യുമ്പോൾ തലയുടെ മുകളിൽ കൈ വയ്ക്കുക എന്നിട്ട് ഇരിക്കുക, ഒറ്റക്കാലിൽ രണ്ടു പ്രാവശ്യം ചാടുക, ഏറ്റവും അടുത്തുള്ള മതിലിലേക്ക് ഓടുക തുടങ്ങിയവ)
2. വിജയിച്ച കുട്ടിയെ കണ്ടെത്താൻ വളരെ ബുദ്ധിമുട്ടാണെങ്കിൽ ഒരു അനൗൺസറെ തിരഞ്ഞെടുക്കാൻ മറ്റ് ചില വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്. നീല ഷർട്ടിട്ട കുട്ടി, ഏറ്റവും പ്രായം കുറഞ്ഞ വിദ്യാർത്ഥി, ഏറ്റവും മുതിർന്ന കുട്ടി, ഏറ്റവും ദൈർഘ്യമേറിയ വീട്ടു പേരുള്ളയാൾ എന്നിങ്ങനെ...
3. അനൗൺസർ "രക്ഷയുടെ" എന്ന് ഉറക്കെ പറയുമ്പോൾ അതിന്റെ കൂടെത്തന്നെ കൈയ്യടിക്കുകയോ, വിസിലടിക്കുകയോ ചെയ്യാവുന്നതാണ്. അല്ലെങ്കിൽ മ്യൂസിക്ക് ഉപയോഗിക്കാവുന്നതാണ്.

## പദപ്രശ്നത്തിൻറെ ഉത്തരങ്ങൾ - പാഠം 8



| | | | | | | | | |
|---|---|---|---|---|---|---|---|---|
| ജീ | ന | ന്യാ | ശൗ | ല് | ക | സ് | ഷ്യ | ണി |
| ത്മാ | പു | ൻ | ർ | ന | ണ്ണ | ൾ | പു | ത്മാ |
| ഗ്ഗം | ന്ധ | രോ | ണി | ത്മാ | ക | ന്യാ | യേ | ജീ |
| അ | ലം | ബ | ഹി | കൈ | ൾ | ശി | ന | ശു |
| ന്യാ | ർ | ക്ഷ | പു | ത | ലം | ഷ്യ | ബ | വ് |
| തി | ര | ഞെ | ട്ട | ത്തു | ന്മാ | ന്മാ | ഗ്ഗം | ആ |
| സ് | അ | ഗ്ഗം | ജീ | ദ | സ്വ | | ഗ്ഗം | ർ |
| ബ | ലം | ന | സ് | മ | പു | ണി | വ് | സ് |
| ന്മാ | ആ | ന്യാ | ന്യാ | സ്ലോ | ഷ്യ | ത്മാ | ലം | ന്മാ |
| ന | ണി | ഷ്യ | ബ | സ് | ആ | വ് | സ് | ജീ |

# പാഠം 9

## തലക്കെട്ട് പാഠം 9

ആത്മാവിന്റെ വാൾ


## ബൈബിൾ കഥ പാഠം 9


പത്രോസ് പുരുഷാരത്തോട് സംസാരിക്കുന്നു.
(പ്രവൃത്തികൾ 2:12-17, 22-30, 4-41)

## മെഡലുകൾ പാഠം 9

ഹാജറിനുള്ള ഇന്നത്തെ മെഡൽ

കഴിഞ്ഞ ആഴ്ചയിലെ "ബൂട്ട് ക്യാമ്പ്" അസൈന്മെന്റ് പൂർത്തീകരിച്ച ഓരോരുത്തർക്കും ഈ 'റിബ്ബൺ' ലഭിക്കുന്നു



കഴിഞ്ഞ ആഴ്ചയിൽ പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നുമുള്ള വായന ഭാഗം പകര്ത്തീകരിച്ച ഓരോ കുട്ടിക്കും ഒരു സ്റ്റാർ വീതം ലഭിക്കുന്നു.

കഴിഞ്ഞ ആഴ്ചയിലെ മന:പാഠവാക്യം പറയുവാൻ സാധിക്കുന്ന ഓരോ കുട്ടിക്കും ലഭിക്കുന്ന സ്റ്റാർ

## നാടകം പാഠം 9

കർമ്മൻ ചിരിക്കുടുക്കയോട് തന്റെ ചില സ്വകാര്യ പ്രശ്നങ്ങൾ പങ്കു വച്ചു കാരണം ചിരിക്കുടുക്ക നല്ല ഉപദേശങ്ങൾ നൽകാറുണ്ട്. കർമ്മൻ ചോദിച്ചു ഇത്തരം ആശയങ്ങൾ നിനക്ക് എവിടെ നിന്നാണ് ലഭിക്കുന്നത് അതിനു ചിരിക്കുടുക്ക തന്റെ ഫോൺ കാണിച്ചിട്ട് പറഞ്ഞു. "ഇതൊക്കെ സോഷ്യൽ മീഡിയയിൽ നിന്നാണ്." അപ്പോൾ തന്നെ സർജന്റ് അപ്റൈറ്റ് അവരോടായി പറഞ്ഞു സോഷ്യൽ മീഡിയയിൽ അല്ല, ബൈബിളിനെയാണ് നാം ആശ്രയിക്കേണ്ടത്. അങ്ങനെ കർമ്മനും, ചിരിക്കുടുക്കയും ബൈബിൾ വായിക്കുവാൻ ആരംഭിക്കുന്നു. രണ്ടു പേർക്കും അതിൽ നിന്നും ഒരു വാൾ പ്രാപിച്ചു.

## മന:പാഠവാക്യം പാഠം 9

"രക്ഷ പടത്തൊപ്പിയായും ദൈവവചനം ആത്മാവു നല്കുന്ന വാളായും സ്വീകരിച്ചുകൊള്ളുക. " എഫെസ്യർ 6:17b

## പ്രധാന പാഠം 9

**അപ്പൊസ്തല പ്രവൃത്തി 2:12-17,22-30, 34-41**

ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തിലെ ഒരു യഥാർത്ഥ ആയുധമാണ് ആത്മാവിന്റെ വാൾ. മറ്റു ഭാഗങ്ങൾ എല്ലാം സ്വയം പ്രതിരോധത്തിനു ഉപയോഗിക്കുമ്പോൾ ശത്രുവിനെതിരെ അങ്ങോട്ട് ആക്രമണം നടത്താൻ സാധിക്കുന്ന ആയുധം എന്ന നിലയ്ക്ക് ആത്മാവിന്റെ വാൾ സർവായുധ വർഗ്ഗത്തിലെ പ്രഥമവും പ്രധാനവുമായ ആയുധമാണ്. "ആത്മാവിന്റെ വാൾ" എന്നത് വിശ്വാസ ബൈബിൾ അഥവാ ദൈവത്തിന്റെ വചനമാകുന്നു. യുദ്ധത്തിൽ നിങ്ങളുടെ വാൾ ഉപയോഗിക്കണമെങ്കിൽ, നിങ്ങൾ തിരുവെഴുത്തുകളെ അറിഞ്ഞിരിക്കേണം. ഇതിൻറെ അർത്ഥം നിങ്ങളുടെ ബൈബിൾ വീണ്ടും വീണ്ടും വായിക്കുകയും, തിരുവചനങ്ങളെ മന:പാഠമാക്കുകയും ചെയ്യുക എന്നാണ്. പ്രവൃത്തികളുടെ പുസ്തകത്തിൽ നിന്നുള്ള ഇന്നത്തെ സംഭവ കഥയിൽ പുരുഷാരത്തോട് പ്രസംഗിക്കുമ്പോൾ പത്രോസ് തിരുവെഴുത്തുകളെ ഉപയോഗിക്കുന്നു. ദൈവത്തെ വിശ്വസിക്കാത്ത ആളുകൾ അവനെ പരിഹസിക്കുവാൻ തുടങ്ങി. പരിഹസിക്കുന്ന ജനത്തോടു സംസാരിക്കുവാൻ പത്രോസ് എഴുന്നേറ്റു. അവൻ അവരോടു പ്രസംഗിക്കുകയായിരുന്നില്ല, ഈ യുദ്ധം ചെയ്‌വാൻ തിരുവെഴുത്തുകളെ ഉദ്ധരിക്കുകയായിരുന്നു. തിരുവെഴുത്തുകളെ ഹൃദിസ്ഥമാക്കുകയാണെങ്കിൽ നമുക്ക് ആവശ്യമുള്ളപ്പോൾ ജീവിതത്തിൽ അത്

ഉപയോഗിക്കാം. ദൈവവചനം ഉപയോഗിച്ച് പത്രോസ് പ്രസംഗിച്ചത് കൊണ്ട് അന്നു മൂവായിരത്തോളം ആളുകൾ രക്ഷിക്കപ്പെടുകയും സഭയിൽ ചേരുകയും ചെയ്തു! എത്ര അനുഗ്രഹപ്രദമായ കാര്യമാണിത്! പത്രോസ് തന്റെ വാൾ വളരെ നന്നായി ഉപയോഗിച്ച് ശത്രുവിനോട് യുദ്ധം ചെയ്യുകയും 3000 ആളുകളെ കർത്താവിനായി നേടുകയും ചെയ്തു! എത്രമാത്രം വചനങ്ങളെ നിങ്ങളുടെ വാൾ നിങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയും. നാം വചനം വായിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുകയാണെങ്കിൽ, നമുക്ക് ആവശ്യമുള്ള സമയം ദൈവം ആ വചനങ്ങളെ നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരുന്നു. നിങ്ങളുടെ വാൾ എങ്ങനെ?

## ബൂട്ട് ക്യാമ്പ് – പാഠം 9

**അസൈന്മെന്റ് പാഠം 9**



നിങ്ങൾ നിരന്തരം പോരാടുന്ന ഒരു യുദ്ധത്തിനു പ്രയോഗിക്കാൻ കഴിയുന്ന ഒരു തിരുവചനം നിങ്ങൾ മന:പാഠമാക്കി അടുത്ത ആഴ്ചയിൽ ടീച്ചറോട് പറയുക. നിങ്ങളുടെ രൂപം, സമ്പത്ത്, ആത്മീയ സുരക്ഷ, ഭാവിയെക്കുറിച്ചുള്ള ഭയം മുതലായ ആശങ്കകൾ നിങ്ങൾ അനുഭവിക്കുന്നുണ്ടാകാം.

**ഗൃഹപാഠം (മുതിർന്ന കുട്ടികൾ) പാഠം 9**

പ്രവൃത്തികൾ 20-28 വായിക്കുക.

## പവർ പോയിന്റ്/തീരുമാനം പാഠം 9

"ഞാൻ ദൈവവചനം പഠിക്കാനും, അത് എന്റെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനും തീരുമാനിക്കുന്നു".

## ചോദ്യോത്തരങ്ങൾ പാഠം 9

1. നിങ്ങൾക്ക് എപ്പോഴാണ് ശത്രുവിനെതിരെ ആക്രമണം നടത്താൻ കഴിയുക?
   മറ്റുള്ളവരുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുമ്പോൾ, വചനത്തിലെ വാഗ്ദത്തങ്ങളെ പ്രഖ്യാപിക്കുമ്പോൾ, ദൈവത്തെ സ്തുതിക്കുമ്പോൾ തുടങ്ങിയവ
2. ജീവിതത്തിൽ നിങ്ങളുടെ വാൾ ഉപയോഗിച്ച സന്ദർഭം ഏതാണ്?
   ഉദാഹരണം: നിങ്ങൾ പിശാചിൽ നിന്ന് നുണ കേൾക്കുന്നു. (ആരെങ്കിലും നിങ്ങളോട് "നിങ്ങൾ ചീത്തയാണെന്ന്" പറയുന്നു) തൽക്ഷണം നിങ്ങൾ ദൈവത്തിനു മാന്യൻ ആണ്, എന്നൊക്കെ വിവരിക്കുന്ന ഒരു വചനം ബൈബിളിൽ നിന്നും ചിന്തിക്കുന്നു.
3. ആത്മാവിന്റെ വാൾ ദുരുപയോഗം ചെയ്യപ്പെടുന്നതെങ്ങനെ?
   ഒരു ദൈവപൈതലിനു ബോധ്യം നൽകുക എന്നത് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയാണെന്ന് ക്രിസ്ത്യാനികൾ മറക്കുമ്പോൾ, മറ്റു ക്രിസ്ത്യാനികളെ ആക്രമിക്കാൻ അവർ ബൈബിൾ വക്യങ്ങൾ ഉപയോഗിക്കുന്നു. പരിശുദ്ധാത്മാവ് പാപത്തെ ബോധ്യപ്പെടുത്തുമ്പോൾ, അവിടുന്ന് ശക്തിയും ബലവും നൽകുന്നു. അവരെ ദൈവത്തിനു പ്രസാദകരമായ ജീവിതം ജീവിക്കുവാൻ അവരെ സഹായിക്കുന്നു.
4. പെന്തക്കോസ്ത് നാളിൽ യെരുശലേമിൽ പത്രോസിന്റെ വാക്കുകൾ കേട്ട് ക്രിസ്ത്യാനികൾ ആയവർ എത്ര പേരാണ്?
   3000
5. ക്രിസ്തുവിനെ അനുഗമിക്കുവാൻ പോകുന്നുവെന്ന് കാണിക്കാൻ ഈ പുതിയ ക്രിസ്ത്യാനികൾ ചെയ്തത് എന്താണ്?
6. അവർ സ്നാനം ഏറ്റു


## ഗെയിം – കോഡ് പാഠം 9

**സാമഗ്രികൾ**

ഐസ് കട്ടികൾ, ഡിസ്പോസിബിൾ പ്ലേറ്റുകൾ


**ഗെയിം കളിക്കുന്നു**

“നിങ്ങളുടെ കൈകൾ ഉപയോഗിക്കാതെ മുറിയുടെ ഒരുവശത്ത് നിന്നും മറുവശത്തേക്ക് ഐസ് നീക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം ഏതായിരിക്കും എന്നാണ് നിങ്ങൾ കരുതുന്നത്? ഏറ്റവും മികച്ച രീതിയിൽ കാര്യങ്ങൾ ചെയ്യാനും സംസാരിക്കാനും എങ്ങനെ സാധിക്കും എന്ന് ഓരോ ദിവസവും നാം തീരുമാനങ്ങൾ എടുക്കുന്നു. ഈ തീരുമാനങ്ങളിൽ മുന്നോട്ട് പോകുവാൻ ദൈവം നമ്മെ സഹായിക്കും. വചനങ്ങളെ ഹൃദിസ്ഥമാക്കുന്നതും അത് പ്രായോഗിക ജീവിതത്തിൽ അനുവർത്തിക്കുന്നത് നമ്മെ സഹായിക്കുന്നു.



1. നിങ്ങളുടെ കൈകൾ ഉപയോഗിക്കാതെ മുറിയുടെ ഒരു വശത്ത് നിന്ന് മറുവശത്തേക്ക് നീക്കുന്നതിനുള്ള വ്യത്യസ്ത വഴികൾ കാണിക്കുക (അല്ലെങ്കിൽ സാഹായികളോട് കാണിക്കാൻ ആവശ്യപ്പെടുക) ഇത് കൂടാതെ പ്ലേറ്റ് ഒരു ഫാനായി ഉപയോഗിക്കുക. (സാവധാനമോ, വേഗത്തിലോ, ചലിപ്പിക്കുക)
2. 6-ൽ കൂടാത്ത ഗ്രൂപ്പുകളിൽ കുട്ടികളെ ഉൾപ്പെടുത്തുക. കളിക്കുന്നതിനായി സ്ഥലത്തിന്റെ ഒരു വശത്ത് ഗ്രൂപ്പുകളെ വരിയായി നിറുത്തുക. ഓരോ വരിയിലും ആദ്യത്തെ കുട്ടിക്ക് ഒരു പ്ലേറ്റും വരണ്ട ഐസും നൽകുക.
3. ടീച്ചർ പറയുമ്പോൾ, ആദ്യത്തെ കുട്ടികൾ കൈകൾ ഉപയോഗിക്കാതെ വരണ്ട ഐസ് മുറിയുടെ മറുവശത്തേക്ക് നീക്കാൻ തുടങ്ങുന്നു. മറുവശത്തെ ഭിത്തിയിൽ എത്തുമ്പോൾ അവർ കൈകൊണ്ട് ഐസ് ഉയർത്തേണം. അടുത്ത വിദ്യാർത്ഥിക്ക് പ്ലേറ്റ് എത്തിക്കുന്നതിന് വേണ്ടി അവർ പിന്നിലേക്ക് ഓടുന്നു.

## പദപ്രശ്നത്തിൻറെ ഉത്തരങ്ങൾ പാഠം 9



| | | | | | | | | |
|---|---|---|---|---|---|---|---|---|
| ആ | പ | വം | അ | ദ | പ | ശ്രോ | സ് | ആ |
| ജീ | വ | ൻ | ഹ | ളു | ജീ | ഉ | പ | ത്മാ |
| യ | ദ | യ | സ് | ഹൃ | ത | റ്റ | ഹൃ | വ് |
| ദൈ | ളു | ഹൃ | യം | യ | ന്നേ | ങ്ങ | ൾ | ആ |
| ഹ | വം | ദ | വം | ഴ | റ്റ | ജ | ൾ | ളു |
| സ് | ഹ | ന്മാ | ത്തെ | ഉ | യ | റ്റ | ദ | ഹ |
| ദ | ഉ | ർ | ളു | ആ | ഹൃ | സ | വം | ജീ |
| പ്ര | യി | റ്റ | സാ | ന്നി | ദ്ധ്യം | ലോം | ദം | സ് |
| ഉ | ത്യാ | ൾ | ദ | ഹ | റ്റ | ന | പ | ഹൃ |
| പ | ഹൃ | ശ | ജീ | യ | ആ | ൾ | ഉ | വം |

# പാഠം – 10

## തലക്കെട്ട് പാഠം 10

ഇടവിടാതെ പ്രാർത്ഥിപ്പിൻ

## ബൈബിൾ കഥ പാഠം 10

പത്രോസ് കാരാഗൃഹത്തിൽ നിന്നും രക്ഷപ്പെടുന്നു
പ്രവൃത്തികൾ 12:1-19

## മെഡലുകൾ പാഠം 10

ഹാജറിനുള്ള ഇന്നത്തെ മെഡൽ

കഴിഞ്ഞ ആഴ്ചയിലെ "ബൂട്ട് ക്യാമ്പ്" അസൈൻമെന്റ് പൂർത്തീകരിച്ച ഓരോരുത്തർക്കും ഈ 'റിബ്ബൺ' ലഭിക്കുന്നു






കഴിഞ്ഞ ആഴ്ചയിൽ  പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നുമുള്ള വായന ഭാഗം പകര്ത്തീകരിച്ച ഓരോ കുട്ടിക്കും ഒരു സ്റ്റാർ വീതം ലഭിക്കുന്നു.

കഴിഞ്ഞ ആഴ്ചയിലെ മന:പാഠവാക്യം പറയുവാൻ സാധിക്കുന്ന ഓരോ കുട്ടിക്കും ലഭിക്കുന്ന സ്റ്റാർ

ഈ അവസാനത്തെ ആഴ്ചയിൽ ഓരോ വിദ്യാർത്ഥിക്കും പത്താമത്തെ ഗൃഹപാഠത്തിന് ലഭിക്കുന്ന 'റിബ്ബൺ' ഇന്ന് തന്നെ നേടാൻ സാധിക്കും. അതിനു ഇന്ന് തന്നെ പത്താമത്തെ ഗൃഹപാഠം ചെയ്യുക, പ്രാർത്ഥിക്കുക. മുമ്പിലത്തെ 9 വായനാ അസൈൻമെന്റ് കുട്ടികൾ പകർത്തീകരിച്ചിട്ടുണ്ടെങ്കിൽ, അവർക്ക് വായനയ്ക്കുള്ള പത്താമത്തെ സ്റ്റാർ ഇന്ന് തന്നെ ലഭിക്കുന്നതാണ്. ഇന്നത്തെ വാക്യം ഉൾപ്പെടെ എല്ലാ മന:പാഠവാക്യങ്ങളും അതിന്റെ ക്രമത്തിൽ ഉദ്ധരിക്കുവാൻ കഴിയുമെങ്കിൽ അവർക്ക് പത്താമത്തെ സ്റ്റാർ ലഭിക്കുന്നതാണ്.




## നാടകം – പാഠം 10

സർജന്റ് അപ്റൈറ്റ് ചിരിക്കുടുക്കയും, പട്ടാളക്കാരൻ ഡ്യൂട്ടിനും ഒരു വാക്കി-ടോക്കി നൽകുന്നു. ഒരു പുതിയ ട്രയിനിങ്ങിൽ വച്ച് രണ്ടു പേരും ഒരേ ദ്വാരത്തിൽ കുടുങ്ങിപ്പോയി. വാക്കി-ടോക്കി ഉപയോഗിച്ച് സഹായം അഭ്യർത്ഥിക്കാൻ ധർമ്മൻ നിർദ്ദേശിക്കുന്നു. അതിന്റെ ആവശ്യമില്ല, നമുക്ക് സ്വന്തമായി രക്ഷപ്പെടാൻ സാധിക്കും എന്ന് പറഞ്ഞ് ചിരിക്കുടുക്ക തുടക്കത്തിൽ നിരസിച്ചു. കുറച്ചു കഴിഞ്ഞ് അവർ വാക്കി-ടോക്കി പുറത്തെടുത്ത് സഹായം അഭ്യർത്ഥിക്കുന്നു. സർജന്റെ ധർമ്മൻ ഉടൻ സംഭവ സ്ഥലത്ത് എത്തുകയും ശത്രുക്കളെ ഓടിക്കുകയും ചെയ്യുന്നു.

## മന:പാഠവാക്യം - പാഠം 10

"സകല പ്രാർത്ഥനയാലും യാചനയാലും ഏത് നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചും കൊണ്ടു സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പീൻ" എഫെസ്യർ6:18


## പ്രധാന പാഠം പാഠം 10

**പ്രവൃത്തികൾ 12:1-19**

ശത്രുവിന് എതിരായ യുദ്ധത്തിൽ നമുക്ക് ഉപയോഗിക്കാൻ കഴിയുന്ന ആയുധമാണ് പ്രാർത്ഥന. ഇത് സംരക്ഷണമായും ഉപയോഗിക്കാം. പ്രാർത്ഥനയിലൂടെ നമുക്ക് യുദ്ധങ്ങൾ നടത്താം, എങ്ങനെ മുന്നോട്ടു പോകണം എന്നതിന് ദൈവത്തിൽ നിന്ന് ജ്ഞാനത്തെ പ്രാപിക്കാം, നമുക്ക് വേണ്ടി ആത്മ മണ്ഡലത്തിൽ പോരാടുവാൻ ദൂതന്മാരെ വിന്യസിക്കുവാൻ സാധിക്കും, നാം എന്തിനെതിരെയാണ് യുദ്ധം ചെയ്യുന്നത് എന്നത് വ്യക്തമായി മനസ്സിലാക്കാ. ഇന്നത്തെ ബൈബിൾ കഥയിൽ, സഭ മുഴുവനും പത്രോസിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ പത്രോസ് കിടക്കുന്നത് കാരാഗ്രഹത്തിലാണ്. സഭ പ്രാർത്ഥിക്കുമ്പോൾ പത്രോസിനെ രക്ഷിക്കുവാൻ ദൈവം ഒരു ദൂതനെ ജയിലിലേക്ക് അയച്ചു. ദൂതൻ അവനെ കാരാഗൃഹത്തിൽ നിന്ന് പുറത്തേക്ക് കൊണ്ടുവന്നു. തെരുവ് കടത്തി, കർത്താവിന്റെ ഉള്ള സഹോദരീസഹോദരന്മാർ പ്രാർത്ഥിച്ചുകൊണ്ടിരുന്ന വീട്ടിലേക്ക് പത്രോസ് മടങ്ങി വന്നു. അവർ അവനുവേണ്ടി വാതിൽ തുറക്കാതെ ഇരുന്ന കാരണം ഇത് ശരിക്കും പത്രോസ് ആണെന്ന് അവർക്ക് വിശ്വസിക്കുവാൻ കഴിഞ്ഞില്ല! അവന്റെ വിടുതലിനായി സഭ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പക്ഷേ അതു സംഭവിച്ചപ്പോൾ അവർ എല്ലാവരും ഞെട്ടി! നാമും ഇത് പോലെ പ്രാർത്ഥിക്കുന്നവരാണ് എന്നാൽ, ദൈവം അത് കേട്ട് നമ്മെ സഹായിക്കുവാൻ വരുമ്പോൾ നാം വല്ലാതെ ഞെട്ടി പോകുന്നു. നമ്മെ പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നതോടൊപ്പം, സഹായിക്കാമെന്ന് വാഗ്ദത്തവും തരുന്നു. ഇത് സർവ്വായുധവർഗ്ഗത്തിന്റെ ഒരു ഭാഗമാണ്. ഇത് നിങ്ങൾ ദിവസവും ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദിവസവും ചെയ്യേണം. പ്രാർത്ഥന സകലത്തേയും മാറ്റുന്നു. നിങ്ങളുടെ യുദ്ധങ്ങളിൽ നിരന്തരം പ്രാർത്ഥിക്കുക കാരണം എന്നത്തേക്കാളും ഇന്നിന്റെ യുദ്ധത്തിൽ ആവശ്യമായി വരും.

## 'ബൂട്ട് ക്യാമ്പ്' പാഠം 10

**അസൈന്മെന്റ് പാഠം 10**



ശീലങ്ങൾ രൂപപ്പെടാൻ 21 ദിവസം നിരന്തരം കൃത്യമായി ആവർത്തിച്ചാൽ മതി. എല്ലാ വൈകുന്നേരവും നിങ്ങൾ കിടക്കയിൽ കയറുമ്പോൾ പ്രാർത്ഥിക്കാൻ ആരംഭിക്കുക. ഒരു ചെറിയ പ്രാർത്ഥന ആയാലും സാരമില്ല പക്ഷേ ഒരു ദിവസം പോലും മുടക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. ഇനി അഥവാ ഒരു ദിവസം നഷ്ടമായാൽ, അടുത്ത ദിവസം പ്രഭാതത്തിൽ ഇരട്ടിയായി പ്രാർത്ഥിക്കുക, അതിനു ശേഷം മാത്രം കിടക്ക വിട്ട് ഇറങ്ങുക. നിങ്ങളുടെ കിടക്കയെ പ്രാർത്ഥനാ സ്ഥലമാക്കുക. 21 ദിവസം ഈ പ്രാർത്ഥനയിൽ വീഴ്ച വരുത്താതെ തുടരുവാൻ കഴിഞ്ഞതിനു സ്വന്തമായി പ്രതിഫലം നൽകുക.

**ഗൃഹപാഠം (മുതിർന്ന കുട്ടികൾക്ക്) പാഠം 10**
ഈ ആഴ്ച വായനാ അസൈന്മെന്റില്ല.

## പവർ പോയിന്റ്/തീരുമാനം - പാഠം 10

"എന്റെ യുദ്ധം ആത്മീയമാണെന്ന് ഞാൻ തിരിച്ചറിയുന്നു, ഞാൻ എപ്പോഴും പ്രാർത്ഥിക്കാൻ തീരുമാനിക്കുന്നു."

## ചോദ്യോത്തരങ്ങൾ - പാഠം 10

1. ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തിൽ പ്രാർത്ഥനയെ ഉൾപ്പെടുത്തിയത് എന്തുകൊണ്ട്?
   പ്രാർത്ഥനയ്ക്ക് നിങ്ങളേയും നിങ്ങളുടെ സുഹൃത്തുക്കളേയും ശക്തിപ്പെടുത്തുവാൻ കഴിയും. കൂടാതെ പ്രാർത്ഥനയ്ക്ക് ദൈവത്തിന്റേയും നിങ്ങളുടെ ശത്രുവിന്റെയും മനസ്സ് മാറ്റാൻ സാധിക്കും.
2. ശത്രുവിനെതിരെ പ്രതിരോധിക്കുവാൻ പ്രാർത്ഥിക്കുന്നതിനുള്ള ഉദാഹരണം നൽകുക, ശത്രുവിനെ ആക്രമിക്കുവാൻ പ്രാർത്ഥന ഉപയോഗിച്ചതിലുള്ള ഉദാഹരണം എഴുതുക.

പ്രതിരോധം: ധൈര്യത്തിനുവേണ്ടി പ്രാർത്ഥിക്കുക, സഹായത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നിങ്ങനെയുള്ള അഭ്യർത്ഥനകൾ, നിങ്ങൾക്ക് എതിരായ ഒരു നുണയോ, അപമാനമോ തിരിച്ചറിയുക, ഇത് ആത്മീയ ശക്തികളുടെ ആക്രമണമാണിത്. യേശുവിന്റെ നാമത്തിൽ അവയെ നിരസിച്ചുകൊണ്ട് ചെറുക്കുക.
ആക്രമണം: മറ്റുള്ളവരുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുക. ഒരു പട്ടണത്തിനു വേണ്ടി പ്രാർത്ഥിക്കുക, അതിലെ ആളുകൾ യേശുവിനെ കാണണം, അറിയണം. നിങ്ങളുടെ ഏതെങ്കിലും പ്രദേശത്ത് ഉള്ള വിഗ്രഹങ്ങൾക്ക് എതിരായി പ്രാർത്ഥിക്കുക.

3. എല്ലാറ്റിന്റെയും നിയന്ത്രണം ദൈവത്തിനുണ്ടെങ്കിൽ, എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് അവിടുത്തേക്ക് അറിയാമെങ്കിൽ, ദൈവത്തോട് പ്രാർത്ഥിക്കുവാൻ അവിടുന്ന് നമ്മോട് ആവശ്യപ്പെടുന്നത് എന്ത് കൊണ്ട്?
കാരണം എന്താണ് സംഭവിക്കേണ്ടത് എന്ന് തീരുമാനിക്കാൻ നിങ്ങൾ സഹായിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകൾക്ക് നിങ്ങളുടെ ജീവിതത്തിലും, മറ്റുള്ളവരുടെ ജീവിതത്തിലും മാറ്റങ്ങളെ കൊണ്ടുവരുവാൻ കഴിയും.
4. നമുക്ക് ഉപയോഗിക്കുവാനുള്ള രണ്ട് ആക്രമണായുധങ്ങൾ ഏതാണ്?
പ്രാർത്ഥനയും, ദൈവവചനം എന്ന ആത്മാവിന്റെ വാളും.
5. പത്രോസ് മറിയയുടെ വീട്ടിൽ മുട്ടിയപ്പോൾ ആരാണ് വാതിൽക്കൽ വന്നത്?
രോദ, ദാസിയായ പെൺകുട്ടി

## ഗെയിം: പതിയിരുപ്പ് - പാഠം 10

ആമുഖം : (പ്രാർത്ഥനയെ പ്രതിരോധിക്കുവാനും, ആക്രമിക്കുന്നതിനായി ഉപയോഗിക്കുന്നു).
അതുപോലെ ഈ ഗെയിമിൽ നാം പേപ്പറുകൾ ശേഖരിക്കാൻ മുന്നോട്ടു പോകണം. അപ്പോൾത്തന്നെ സ്വന്തം പുറക വശം നാം തന്നെ സംരക്ഷിക്കേണം. അത് പ്രത്യേകം ശ്രദ്ധിക്കുക.




**സാമഗ്രികൾ**
പേപ്പർ (നാല് ചതുരങ്ങൾ പേപ്പറിൽ ഉണ്ടാക്കുക- അതിൽ ഓരോന്നും നിങ്ങളുടെ ക്ലാസ്സിലെ കുട്ടികൾക്ക് നൽകുക), ടേപ്പ്

1. **ഗെയിം കളിക്കുന്നു.**
ഓരോ കുട്ടിയുടേയും പുറകിൽ ഒരു കഷണം കടലാസ് ഇടുക.
2. ടീച്ചർ പറയുമ്പോൾ മറ്റു വിദ്യാർത്ഥികളുടെ മുതുകിൽ നിന്ന് പേപ്പർ പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. ഇത് സൂക്ഷിക്കാൻ വിദ്യാർത്ഥികൾക്ക് സ്വന്തം പേപ്പറിൽ തൊടുവാൻ പാടില്ല. എന്നാൽ മറ്റുള്ളവർ അവരുടെ ചെറിയ കടലാസ് മോഷ്ടിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണം.
3. ആരെങ്കിലും ഒരു വിദ്യാർത്ഥിയുടെ പേപ്പർ പിടിച്ചെടുക്കുമ്പോൾ, വിദ്യാർത്ഥി ശേഖരിച്ച എല്ലാ പേപ്പറുകളും ആ വിദ്യാർത്ഥിക്ക് നൽകണം. എന്നിട്ട് കളി വീണ്ടും ആരംഭിക്കാൻ പോയി മതിലിനോട് ചേർന്ന് നിൽക്കേണം.
4. നടുവിൽ എല്ലാ പേപ്പറുകളും ഉള്ള ഒരു വിദ്യാർത്ഥി അവശേഷിക്കുന്നത് വരെ തുടരുക. പേപ്പറുകൾ വീണ്ടും വിതരണം ചെയ്ത് വീണ്ടും കളിക്കുക.

**ഓപ്ഷൻ**
ടേപ്പിനും, പേപ്പറിനും പകരം നീളവും നേർത്തതുമായ തുണികൊണ്ടുള്ള കഷണങ്ങൾ നിങ്ങൾക്ക് ഉപയോഗിക്കാം. വിദ്യാർത്ഥികൾ അവ ബെൽറ്റുകളിൽ ഇടുന്നു.

## പദപ്രശ്നത്തിൻറെ ഉത്തരങ്ങൾ പാഠം 10

ഇനി പറയുന്നത് ആശയങ്ങൾ: വൈവിധ്യമാർന്ന ഉത്തരങ്ങൾ സ്വീകരിക്കുക. കുടുംബം, ഭക്ഷണം, സഭ, ജ്ഞാനം, രോഗം- എന്നിവയ്ക്കായി പ്രാർത്ഥിക്കുക.
പ്രാർത്ഥനയ്ക്കുള്ള ഉദാഹരണം: ജീവിതത്തിൽ ഒരു ദിവസം കൂടെ തന്നതിനായി നന്ദി പിതാവാം ദൈവമേ. എന്റെ എല്ലാ കുടുംബാംഗങ്ങൾക്കുമായി നന്ദി. എന്റെ പിതാവിനെ സഹായിക്കേണമേ. ആമേൻ (വൈവിധ്യമാർന്ന ഉത്തരങ്ങൾ സ്വീകരിക്കുക)
പ്രാർത്ഥനയ്ക്ക് എതിരെ ഉണ്ടാകുന്ന തടസ്സങ്ങൾ: ഉറക്കം, കൂട്ടുകാരുമായി തിരക്കിലാകുന്നു, വൈകി എഴുന്നേല്ക്കുക, ഗൃഹപാഠവും മറ്റു ജോലികളും.




| | | | | | | | | |
|---|---|---|---|---|---|---|---|---|
| ര് | ല്ക്കാ | വ | കാ | യ | ദൈ | പ | ട്ട | ണം |
| ൾ | ഭ | ഹെ | ദി | ഹെ | വം | സ് | ത്രോ | വ് |
| സ് | ച്ഛ | ച്ഛ | രോ | കാ | രോ | പ | രാ | സ് |
| രാ | യെ | പ്രാ | ദ | ൾ | വ് | ദാ | ജാ | ഹെ |
| കാ | പ | രാ | [illegible] | സ് | ഭ | ച | ദ് | ച്ഛ |
| രാ | ത്രോ | ഭ | ശ | ത്ഥി | ൽ | ങ്ങ | യെ | ഭ |
| ഗൃ | ദ്ദ | വ് | നം | തി | ക്ക | ല | സ | യെ |
| ഹം | ൾ | ത | വാ | ഹെ | പ | [illegible] | കാ | രാ |
| ജ്ഞ | ത | (ൻ) | ൻ | ച്ഛ | രോ | ൾ | ഭ | സ് |




# എൻറെ ക്ലാസ്സ് ചാർട്ട്

| മെഡലുകൾ/വിശിഷ്ട പദവികൾ | പാഠം 1 | പാഠം 2 | പാഠം 3 | പാഠം 4 | പാഠം 5 | പാഠം 6 | പാഠം 7 | പാഠം 8 | പാഠം 9 | പാഠം 10 | |
|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |
| വിദ്യാർത്ഥി | | | | | | | | | | | ഹാജർ |
| | | | | | | | | | | | വായന |
| | | | | | | | | | | | മന:പാഠം |
| | | | | | | | | | | | ഗൃഹപാഠം |

10-ൽ അധികം വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ ഈ പേജിന്റെ ഫോട്ടോകൊപ്പികൾ എടുത്ത് ഉപയോഗിക്കുക.